ജനകീയാസൂത്രണ പ്രസ്ഥാനം

ഒമ്പതാംപദ്ധതി ജനകീയ പദ്ധതി

1997-2002



വികസന രേഖ

കരിയാട് ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ

1. കെ. ഭരതൻ
2. പി. കെ പത്മനാഭൻ നമ്പ്യാർ
3. വി.പി.ഗംഗാധരൻ
4. പി.കെ. ഹരീന്ദ്രൻ
5. ടി.പ ശ്രീധരൻ
6. കെ.കെ. ശങ്കരൻ
7. എം. കെ. മധുസൂദനക്കുറുപ്പ്
8. സി.വി. വിജയൻ
9. ആർ.പി. രമേഷ്കുമാർ
10. കെ. എ. പട്ട്യേരി
11. എം. പ്രദീപൻ
12. എം. കെ പ്രേമചന്ദ്രൻ
13. വി. ബാലകൃഷ്ണൻ
14. സി.കെ. സുകുമാരൻ
15. കെ. ഇ. മധുസൂദനൻ
16. എം. കെ. മുരളീധരൻ
17 ടി.കെ. സിറാജുദ്ദീൻ
18. വി.പി. രാജൻ
19. കെ. വിജയകുമാർ
20. പി.കെ. രാജൻ
21. കെ.വി. പത്മനാഭൻ
22. പി. വിനീത്കുമാർ
23. രാമചന്ദ്രൻ
24. എം. സുധാകരൻ മാസ്റ്റർ
25. ടി.എച്ർ. കുഞ്ഞിരാമൻ മാസ്റ്റർ
26. കെ. പി. ശിവരാമൻ
27. എൻ. ശ്രീധരൻ മാസ്റ്റർ
28. പി. പ്രഭാകരൻ
29. ഇ .ഉബൈദുള്ള
30. സി. വി. കുമാരൻ
31. എം കെ. മധുസൂദനൻ
32. ഇ. കെ. ബീന
33. എ.ടി.കെ. സുരേഷ്
34 കെ. അശോകൻ
35. കെ. ഗോവിന്ദൻ അടിയോടി
36. സി. എം. ബാബു
37. കെ. വിനോദ്
38. വി.വി. അബ്ദുൾറസാക്ക്
39. പി മനോഹരൻ
40. ഇ.കെ. പത്മനാഭൻ
41. ഇ.കെ. അശോക് കുമാർ
42. പി. സുലൈമാൻ.

അടിസ്ഥാന വിവരം

സംസ്ഥാനം	: കേരളം
ജില്ല	: കണ്ണൂർ
താലൂക്ക്	: തലശ്ശേരി
ബ്ലോക്ക്	: തലശ്ശേരി
റവന്യൂ വില്ലേജ്	: പെരിങ്ങത്തൂർ
അസംബ്ലി മണ്ഡലം	: പെരിങ്ങളം
പാർലിമെന്റ് മണ്ഡലം	: വടകര
വിസ്തീർണ്ണം	: 981 ഹെക്ടർ
ജനസംഖ്യ	: 17995 (1991 സെൻസസ് : കണക്ക്)
വാർഡുകൾ	: 9
അതിരുകൾ	
കിഴക്ക്	: മയ്യഴിപുഴ
തെക്ക്	: മയ്യഴിപുഴ
വടക്ക്	: പെരിങ്ങളം പഞ്ചായത്ത്
പടിഞ്ഞാറ്	: മയ്യഴിപുഴയും ചൊക്ലിപഞ്ചായത്തും

ഭരണസമിതി

ടി. എൻ. നാരായണി
പ്രസിഡന്റ്



സി.എച്ർ. മൊയ്തു മാസ്റ്റർ
വൈസ് പ്രസിഡന്റ്

പുതുക്കുടി സുപ്പിഹാജി
ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി

കെ. കെ. ഭരതൻ



കെ. ചന്തു

പി. കെ ഗൗരി

സി. കെ .കൃഷ്ണകുമാരി



വളവിൽ നാസർ

ടി. എച്ർ. രാധാകൃഷ്ണൻ

ഉള്ളടക്കം

നം	വിഷയം	പേജ്
1.	ആമുഖം	4
2.	ഗ്രാമ പഞ്ചായത്ത് പഴയ ചരിത്രം	6
3.	കരിയാട് ഗ്രാമം ഇന്നലെ	8
4.	ഭൂപ്രകൃതിയും വിഭവങ്ങളും	10
	പ്രാഥമിക മേഖല	14
5.	കൃഷിയും ജിലസേചനവും	15
6.	മൃഗസംരക്ഷണം	24
7.	മത്സ്യ ബന്ധനം	27
	ദ്വതീയ മേഖല	28
8.	വ്യവസായം	29
9.	ഊർജ്ജം	33
10	ഗതാഗതം	35
11.	പാർപ്പിടം	37
	തൃതീയ മേഖല	40
12.	ആരോഗ്യം	41
13.	കുടിവെള്ളം	45
14.	വിദ്യാഭ്യാസം	47
15.	സംസ്ക്കാരം	53
16.	പട്ടികജാതി ക്ഷേമം	56
17.	സാമൂഹ്യക്ഷേമം	58
18.	വനിത	61
19.	സഹകരണം	63
20.	വിഭവസമാഹരണം	67
21.	ഗ്രാമസഭാ ആവശ്യങ്ങളുടെ പട്ടിക	70

ആമുഖം

സ്വയം സമ്പൂർണ്ണ ഗ്രാമം എന്നത് രാഷ്ട്ര പിതാവ് മഹാത്മാഗാന്ധിയുടെ സ്വപ്നമായിരുന്നു. ഗാന്ധിജിയുടെ സ്വപ്നസാക്ഷാത്കാരത്തിന് ഇന്ത്യൻ ഗ്രാമങ്ങൾ ഇനിയും ഏറെ കാതം താണ്ടേണ്ടതുണ്ട്.

സ്വാതന്ത്ര്യത്തിനു ശേഷം അധികാരവികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിന് പല ആലോചനകളും നടപടികളും ഉണ്ടായിട്ടുണ്ട്. പക്ഷെ ഇവയൊന്നും ഉദ്ദേശിച്ച തരത്തിൽ ഫലപ്രദമായിരുന്നില്ല. അന്തരിച്ച പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ പങ്ക് ഈ രംഗത്ത് അവിസ്മരണീയമാണ്. 1991 ൽ അധികാരത്തിൽ വന്ന നരസിംഹറാവു ഗവൺമെണ്ട് കൊണ്ടുവന്ന ഭരണഘടന ഭേദഗതി വഴിയാണ് പഞ്ചായത്ത് രാജ് - നഗരപാലിക സംവിധാനം നിലവിൽ വരുന്നതിന് അടിസ്ഥാനമായത്. തുടർന്ന് സംസ്ഥാന ഗവർമെണ്ടുകളും ത്രിതല പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വരുന്നതിന് നിയമനിർമാണം നടത്തുകയുണ്ടായി. ഐക്യ ജനാധിപത്യ മുന്നണി ഗവർമെണ്ടിൽ തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രിയായിരുന്ന സി.ടി. അഹമ്മദലി കേരളത്തിൽ ഈ പ്രക്രിയയ്ക്ക് നേതൃത്വം കൊടുത്തു.

ആസൂത്രണ പ്രക്രിയയിൽ ഗ്രാമ പഞ്ചായത്തുകൾക്ക് വിപുലമായ അധികാരങ്ങളാണ് ഈ പ്രക്രിയ വഴി ലഭിച്ചത്.

സ്വാതന്ത്ര്യ പ്രാപ്തിക്ക് ശേഷം അടിസ്ഥാന സൗകര്യങ്ങളുടെ വികസന കാര്യത്തിൽ നാം ഏറെ മുന്നോട്ടു പോയിട്ടുണ്ട്. എന്നാൽ വികസന കാര്യത്തിൽ ജനങ്ങൾക്ക് യാതൊരു പങ്കുമുണ്ടായിരുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം സാമൂഹ്യ ക്ഷേമ രംഗത്ത് സ്വന്തമായ ഒരു മാതൃകപോലും ഉണ്ടായിട്ടുണ്ട്. എന്നാൽ ഉത്പാദനരംഗത്ത് നാം മുരടിപ്പ് നേരിട്ടുകൊണ്ടിരിക്കുകയാണ്. കാർഷിക വ്യവസായിക ഉത്പന്നങ്ങളുടെ ഉപഭോഗ സംസ്ഥാനം എന്ന പേര് നമുക്ക് ഇതിനകം കിട്ടിയിരിക്കുകയാണ്. ഈ രംഗത്തെ വളർച്ചാ മുരടിപ്പ് പരിഹരിക്കുകയും വികസന കാര്യത്തിൽ ജനങ്ങളുടെ ആശയ അഭിലാഷങ്ങൾ പ്രതിഫലിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് 1996 ഏപ്രിൽ മാസത്തിൽ കേരളത്തിന്റെ ഭരണ സാരഥ്യം ഏറ്റെടുത്ത ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവർമ്മെണ്ട് ജനകീയ വികസന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്.

ഇന്നത്തെ അധികാരാതിർത്തിയോടുകൂടി കരിയാട് പഞ്ചായത്ത് നിലവിൽ വന്നത് 1969 - ൽ ആണ്. പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ട് പി. ഇ, കുഞ്ഞിരാമൻ നമ്പ്യാർ ആയിരുന്നു. തുടർന്ന് വിവിധ കാലയളവുകളിൽ ശ്രീ. എം സുധാകരൻ മാസ്റ്റർ, ശ്രീ, കെ. അബുബക്കർ മാസ്റ്റർ, ശ്രീ. കെ. ഗോപാലകൃഷ്ണൻ മാസ്റ്റർ, ശ്രീ.സി.എച്ർ മൊയ്തു മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിലുള്ള ഭരമസമിതി പഞ്ചായത്ത് ഭരിക്കുകയുണ്ടായി.

കരിയാട് പഞ്ചായത്തിലെ ജനകീയ വികസന പ്രവർത്തനത്തിന് ശ്രീമതി. ടി. എൻ. നാരായണി പ്രസിഡണ്ടായുള്ള ഗ്രാമ പഞ്ചായത്ത് ഭരണസമിതിയാണ് നേതൃത്വം നൽകുന്നത്. ഗ്രാമ പഞ്ചായത്തിന്റെ മറ്റു ഭരണ സമിതിയംഗങ്ങളായ 1. ശ്രീ. സി. എച്ർ. മൊയ്തുമാസ്റ്റർ (വൈസ് പ്രസിഡണ്ട്) 2. ശ്രീ. പുതുക്കുടി സൂപ്പിഹാജി (സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ) 3. ശ്രീ.ടി. എച്ച് രാധാകൃഷ്ണൻ 4. ശ്രീ. കെ.കെ. ഭരതൻ മാസ്റ്റർ 4. ശ്രീ കെ. ചന്തു. 6. ശ്രീ വളവിൽ നാസർ 7. ശ്രീമതി. സി.കെ. കൃഷ്ണകുമാരി 8. ശ്രീമതി. പി.കെ. ഗൗരി എന്നിവർ ഈ സംരഭത്തിൽ സജീവമായി രംഗത്തുണ്ട്. ജനകീയ വികസനപ്രസ്ഥാനത്തിന്റെ പഞ്ചായത്ത് തല കൺവീനർ ശ്രീ. ഇ.കെ. അശോക്കുമാർ ആണ് പഞ്ചായത്ത്

സെക്രട്ടറി പി. രഘുനാഥ് ജനകീയാസൂത്രണപരിപാടികളിൽ സജീവമായി രംഗത്തുണ്ട്.

ജനകീയാസൂത്രണസംരഭത്തിന്റെ തുടക്കമായി പാലയാട് വച്ചുനടന്ന മൂന്നു ദിവസത്തെ ജില്ലാതല റിസോഴ്സ് പേഴ്സണുകളുടെ പരിശീലന കേമ്പിൽ ശ്രീമാൻമാർ ഇ.കെ. അശോക് കുമാർ, പി. പ്രഭാകരൻ മാസ്റ്റർ പി. വിനിൽ കുമാർ എം. കെ. പ്രേമചന്ദ്രൻ, ഇ.കെ. ബീന, കെ. അശോകൻ, പി. സുലൈമാൻ മാസ്റ്റർ എൻ. എ. ഇസ്മയിൽ, എന്നിവർ പങ്കെടുക്കുകയും പരിശീലനത്തിന് ശേഷം 12. 09.96 ന് കരിയാട് പുതുശ്ശേരി മദ്രസ്സഹാളിൽ വച്ച് പഞ്ചായത്ത് തല സംഘാടകസമിതി രൂപീകരിക്കുകയും ചെയ്തു. 18.09. 96 ന് രാവിലെ 10 മണിമുതൽ പുതുശ്ശേരി ഗവ:യു.പി. സ്കൂളിൽ വച്ച് പഞ്ചായത്ത് തല റിസോഴ്സ് പേഴ്സണുകളുടെ പരിശീലനം വൈകുന്നേരം 6 മണിവരെ നടക്കുകയുണ്ടായി. പരിശീലനത്തിൽ 99പേർ പങ്കെടുത്തിരുന്നു. തുടർന്ന് വിശേഷാൽ ഗ്രാമസഭകൾ ചേരുന്നതിന്റെ മുന്നോടിയായി സംഘാടക സമിതി രൂപീ കരണം 9 വാർഡുകളിലും നടന്നു. വിശേഷാൽ ഗ്രാമസഭകൾ 9 വാർഡുകളിലും വിപുലമായ ജനപങ്കാളിത്തത്തോടെ നടക്കുകയുണ്ടായി. മൊത്തം 1680 പേർ ഗ്രാമ സഭകളിൽ പങ്കെടുത്തു.

ജനാധികാരകലാജാഥക്ക് 19.10.96 ന് പുതുശ്ശേരിമുക്ക്, പടന്നക്കര എന്നീ കേന്ദ്രങ്ങളിൽ സ്വീകരണം നൽകി. രണ്ടിടത്തും നല്ല ജനപങ്കാളിത്തമുണ്ടായിരുന്നു.

ഒക്ടോബർ 26 മുതൽ 28 വരെ കൂത്തുപറമ്പിൽ വച്ച് നടന്ന രണ്ടാം ഘട്ട പരിശീലന കേമ്പിൽ ആദ്യ ഘട്ടത്തിൽ പങ്കെടുത്തവർക്ക് പുറമെ, സർവ്വ ശ്രീ ടി.പി. ശ്രീധരൻ, ആർ. പി. രമേഷ് കുമാർ പി. മനോഹരൻ, എന്നിവർ കൂടി പരിശീലനം നേടി. തുടർന്ന് 02.10.96 ന് രാവിലെ 10 മണിമുതൽ കെ.എൻ.യു.പി. സ്കൂളിൽ വച്ച് വികസന റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച ശിൽപശാല നടന്നു. ഇതിൽ 49 പേർ പങ്കെടുത്തു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടികൾക്കായി 15 വിഷയ ഗ്രൂപ്പുകൾ ശിൽപശാലയിൽ വെച്ച് രൂപീകരിക്കുകയുണ്ടായി. ആ ഗ്രൂപ്പുകൾ തയ്യാറാക്കിയ റിപ്പോർട്ടാണ് ആവശ്യമായ തിരുത്തലുകൾക്ക് ശേഷം തുടർപേജുകളിൽ നിങ്ങളുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്.

ഈ റിപ്പോർട്ടിന് അഞ്ചുഭാഗങ്ങളുണ്ട്. ആദ്യ ഭാഗത്ത് നമ്മുടെ ഗ്രാമത്തിന്റെ സമീപ ഭൂതകാല ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ആശ്രയോഗ്യമായ രേഖകൾ ധാരാളമൊന്നുമില്ലാത്തതിനാൽ കാരണവൻമാരുമായി നടത്തിയ കൂടിക്കാഴ്ചകളിൽ നിന്നാണ് ചരിത്ര രചനായ്ക്കാവശ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചത്. ഈ ചരിത്രം സമഗ്രമോ, സമ്പൂർണ്ണമോ, അല്ലെന്ന് ഞങ്ങൾ ഏറ്റു പറയുന്നു. രണ്ടാം ഭാഗത്ത് കരിയാടിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും സംബന്ധിച്ച വിവരങ്ങളാണ്. പ്രത്യേകം നിയുക്തരായ ഒരു സംഘം രണ്ടു ദിവസങ്ങളിലായി നടത്തിയ പഠന യാത്ര (Transeet Walk) വഴിയാണ് ഇതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചത്. മൂന്നാം ഭാഗത്ത് പ്രാഥമിക വികസന മേഖലയെ സംബന്ധിച്ചും നാലാം ഭാഗത്ത് ദ്വിതീയ വികസന മേഖലയെ സംബന്ധിച്ചും വിവരിക്കുന്നു. അതിനു പുറമെ വിവിധ ഗ്രാമസഭകളിൽ നിന്നും പ്രധാന വികസന മേഖലയെ സംബന്ധിച്ച് ഉയർന്നുവന്ന ആവശ്യങ്ങൾ റിപ്പോർട്ടിന്റെ ഒടുവിൽ അനുബന്ധമായും ചേർക്കുന്നു.

> അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനു വേണ്ടി, ഉയർന്ന വർഗവും താഴ്ന്ന വർഗവുമില്ലാത്ത ഒരു ഭാരതത്തിനു വേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും.
>
> **ഗാന്ധിജി**

പഞ്ചായത്തിന്റെ പൂർവ ചരിത്രം

ഇന്നത്തെ പെരിങ്ങത്തൂർ വില്ലേജിൽ പെട്ട കരിയാട്, പുളിയനമ്പ്രം ദേശങ്ങൾ ചേർന്ന കരിയാടു മുമ്പ് ഒരു വില്ലേജ് ആയിരുന്നു. 1961 ലെ വില്ലേജ്സംയോജനത്തെ തുടർന്ന് തൊട്ടടുത്ത പെരിങ്ങളം അംശവുമായി സംയോജിപ്പിച്ചുകൊണ്ട് പെരിങ്ങത്തൂർ വില്ലേജ് രൂപംകൊള്ളുകയും തദടിസ്ഥാനത്തിൽ പെരിങ്ങത്തൂർ പഞ്ചായത്തു നിലവിൽ വരികയും ചെയ്തു. 1969 ലെ പഞ്ചായത്തു പുനർ വിഭജനത്തോടെ കരിയാടു പഞ്ചായത്ത് വീണ്ടും പുന:സ്ഥാപിതവുമായി.

ഇന്ന് ഒരു വില്ലേജിൽ രണ്ടു പഞ്ചായത്തുകൾ സ്ഥിതിചെയ്യുന്ന അവസ്ഥ കേരളത്തിൽ തന്നെ പെരിങ്ങത്തൂർ വില്ലേജിനായിരിക്കും.

1950 ൽ ആണ് കരിയാടു പഞ്ചായത്തിൽ ആദ്യമായി പഞ്ചായത്തുബോർഡ് നിലവിൽ വരുന്നത്. പി. കെ..നമ്പ്യാർ പ്രസിഡണ്ടും എ. പി. അന്ത്രു വൈസ് പ്രസിഡണ്ടുമായി തിരഞ്ഞെടുക്കപ്പെട്ടു. എല്ലാവരും കൈ ഉയർത്തി പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്ന രീതി അനുസരിച്ച് 1953 നടന്ന തെര ഞ്ഞെടുപ്പിൽ പി. ഇ. കുഞ്ഞുണ്ണി നമ്പ്യാർ പ്രസിഡണ്ടായും മാളിയിൽ ഇബ്രാഹിം വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. മെമ്പർമാർ 1. കെ. സെയ്തു പൂക്കോയ തങ്ങൾ 2. ജ: കെ. എൻ പക്കിഹാജി 3. ഉണ്ണിയാകടവത്ത് അനന്തൻമാസ്റ്റർ 4. എം. ആർ മമ്മത് 5. വി. കെ. നാരായണൻ അടിയോടി 6. കെ.വി. കുഞ്ഞാപ്പു. 7. കുനിയിൽ ശങ്കരൻ 8. കെ.എം. പൊട്ടൻ 9. ഗുരിക്കൾ വീട്ടിൽകൃഷ്ണൻ നായർ

വില്ലേജ് പുന: സംഘടനയോട് അനുബന്ധിച്ച് കരിയാട് പെരിങ്ങളം പഞ്ചായത്തുകൾ സംയോജിച്ചുണ്ടായ പെരിങ്ങത്തൂർ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1963 - ൽ നടന്നു.

കോൺ ഗ്രസ്സ്, മുസ്ലീം ലീഗ്, കമ്മ്യൂണിസ്റ്റ് പാർട്ടിയും ചേർന്നുണ്ടാക്കിയ പൗരസമിതിയും പി. എസ്സ്. പി. പാർട്ടിയും തമ്മിലായിരുന്നു മത്സരം. കരിയാട് പ്രദേശത്ത് നിന്ന് 5ഉം, പെരിങ്ങളം പ്രദേശത്ത നിന്ന് 4ഉം അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടുകയും ഭൂരിപക്ഷം ലഭിച്ച കരിയാട് പ്രദേശത്തെ പൗര സമിതി ഭരണമേൽക്കുകയും ചെയ്തു. പ്രസിഡണ്ട്. പി.ഇ. കുഞ്ഞിരാമൻ നമ്പ്യാർ, വൈ: പ്രസിഡണ്ട് എൻ . ഏ. മമ്മുഹാജി, മെമ്പർമാർ: എൻ.ടി. മമ്മു ഹാജി 2, സി. എച്ച്.മൊയ്തുമാസ്റ്റർ 3. കെ. വി. കുഞ്ഞാപ്പു.

1969 - ൽ പഞ്ചായത്ത് പുനർവിഭജനം നടത്തി രൂപം കൊണ്ട കരിയാട് പഞ്ചായത്തിൽ ഭരണ നിർവ്വഹണത്തിനായി ശ്രീ. പി. ഇ. കുഞ്ഞിരാമൻ നമ്പ്യാർ പ്രസിഡണ്ടും എൻ. ഏ. മമ്മുഹാജി വൈ : പ്രസിഡണ്ടും പി. ഇബ്രാഹിം, എൻ.ടി. മമ്മു ഹാജി. കെ.വി. കുഞ്ഞാപ്പു അംഗങ്ങളായും ഒരു ഭരണ നിർവ്വഹണ കമ്മറ്റിയെ സർക്കാർ നിയോഗിച്ചു.

1976 - ൽ ഭരണ സമിതി സർക്കാർ പിരിച്ച് വിട്ട് പി. ഇ. കുഞ്ഞിരാമൻ നമ്പ്യാർ പ്രസിഡണ്ടും പി. അബ്ദു മാസ്റ്റർ വൈ: പ്രസിഡണ്ടും, വി.കെ സൂപ്പി മാസ്റ്റർ, 2. എൻ.ടി. മമ്മുഹാജി 3. വെങ്ങളത്തിൽ കുഞ്ഞബ്ദുള്ള ഹാജി 4. ടി.കെ. ഹമീദ് മാസ്റ്റർ 5. പി. ജാനകി അമ്മ 6. ജി. കെ. ആണ്ടി പണിക്കർ എന്നീ അംഗങ്ങൾ ഉൾപ്പെട്ട മറ്റൊരു കമ്മറ്റിയെ സർക്കാർ നിയോഗിച്ചു.

1979 - ൽ അഖിലേന്ത്യാ മുസ്ലീം ലീഗ്, കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) ജനതാ പാർട്ടി അടങ്ങിയ ഇടതു പക്ഷ മുന്നണിയും കോൺഗ്രസ്സ് (യു) കോൺഗ്രസ്സ് (ഐ) ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ഉൾപ്പെട്ട ഐക്യ ജനാധിപത്യ മുന്നണിയും തമ്മിൽ നേരിട്ട് നടന്ന മൽസരത്തിൽ ഇ.ജ. മുന്നണിക്ക്

ഭരണം ലഭിക്കുകയും ചെയ്തു. പ്രസിഡണ്ട് കെ. അബുബക്കർമാസ്റ്റർ, വൈ: പ്രസിഡണ്ട് എം. സുധാകരൻ മാസ്റ്റർ, ഒ . അബ്ദുമാസ്റ്റർ, 2. പി.പി. കല്യാണി. 3. കെ. കെ. ഭരതൻ മാസ്റ്റർ 4. എൻ. സി.ടി. വിജയകുമാർ 5. പുതുക്കുടി സൂപ്പി ഹാജി 6. എം പി. ഗംഗാധരൻ എന്നിവർ അംഗങ്ങളായിരുന്നു. മുന്നണി ധാരണയനുസരിച്ച് അബൂബക്കർ മാസ്റ്റർ രാജിവെച്ച് പകരം എം. സുധാകരൻ മാസ്റ്റർ പ്രസിഡണ്ട് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1984 -ൽ കാലാവധി കഴിഞ്ഞ ബോർഡ് സർക്കാർ പിരിച്ച് വിടുകയും ഭരണം സ്പെഷ്യൽ ഓഫീസർ ഏറ്റെടുക്കുകയും ചെയ്തു. 1988 ൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ്, ലീഗ് സംഖ്യം ഭൂരിപക്ഷം നേടുകയും സി. എച്ച് മൊയ്തു മാസ്റ്റർ പ്രസിഡണ്ട് കെ. ഗോപാലകൃഷ്ണൻ മാസ്റ്റർ വൈ. പ്രസിഡണ്ടായും തിരഞ്ഞെടുക്കപ്പെട്ടു. മെമ്പർമാർ 1. ടി.കെ. ഹമീദ് മാസ്റ്റർ 2. കെ. ശാരദ 3. ഏ.പി. പ്രേമി. 4. എം. സുധാകരൻ മാസ്റ്റർ 5. വി. ബാലകൃഷ്ണൻ 6. എം.പി. നാണു രണ്ടര കൊല്ലത്തിന് ശേഷം ധാരണ അനുസരിച്ച് സി. എച്ച് മൊയ്തു മാസ്റ്റർ പ്രസിഡണ്ട് സ്ഥാനം ഒഴിയുകയും പകരം കെ. ഗോപാല കൃഷ്ണൻ മാസ്റ്റർ പ്രസിഡണ്ടായും ടി. കെ. ഹമീദ് മാസ്റ്റർ വൈ: പ്രസിഡണ്ടായും സമിതി തുടർന്നു. വീണ്ടും രണ്ടര കൊല്ലത്തിന് ശേഷം സി. എച്ച് മൊയ്തുമാസ്റ്റർ പ്രസിഡണ്ടായും കെ. ശാരദ വൈ: പ്രസിഡണ്ടായും ഭരണ സമിതി പുന: സംഘടിപ്പിക്കപ്പെട്ടു.

പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് ചെയർ പേഴ്സൺ സ്ഥാനം സ്ത്രീ സംവരണമായി നടന്ന 1995 ലെ തിരഞ്ഞെടുപ്പിൽ ശ്രീമതി: ടി. എൻ. നാരായണി പ്രസിഡണ്ടും സി. എച്ച്. മൊയ്തു മാസ്റ്ററർ വൈ: പ്രസിഡണ്ടും പുതുക്കുടി സൂപ്പി ഹാജി സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാനായും വളവിൽ നാസർ, ടി. ഛ്. രാധാകൃഷ്ണൻ കെ. കെ. ഭരതൻ, കെ. ചന്തു പി. കെ. ഗൗരി. സി. കെ. കൃഷ്ണകുമാരി എന്നിവർ അടങ്ങി യ ഭരണ സമതിയാണ് ഇന്ന് നിലവിൽ ഉള്ളത്

1971 - ൽ പഞ്ചായത്ത് വകുപ്പ് മന്ത്രി: കെ അവുക്കാദർകുട്ടി നഹ ഉൽഘാടനം ചെയ്ത ഓഫീസ് കെട്ടിടത്തിലാണ് ഇന്ന് പഞ്ചായത്താഫീസ് പ്രവർത്തിക്കുന്നത്.



എന്റെ ഭാവനയിലുള്ള ഗ്രാമത്തിൽ ഒന്നാമനും രണ്ടാമനുമില്ല. എല്ലാവരും സമന്മാരാണ്; അവസാനക്കാരനും അവിടെയില്ല.

ഗാന്ധിജി

കരിയാട് ഗ്രാമം ഇന്നലെ

ക്കുന്നത്.

ആധുനിക കരിയാടിന്റെ ചരിത്ര നിർമ്മിതിക്ക് ആശ്രയിക്കാവുന്ന വരമൊഴി രേഖകൾ ഒന്നുമില്ല. പഴയ തലമുറയിൽ ഇന്ന് ജീവിച്ചിരിക്കുന്ന ഏതാനും ചിലരുടെ മനസുകളിലാണ് കരിയാടിന്റെ ഭൂതകാലം ഓർമ്മകളായി കിടക്കുന്നത്. എന്നാൽ അത്തരം ഓർമ്മകളെ ചരിത്രമുഹൂർത്തങ്ങളുടെ കാലാനുക്രമ സംഭവങ്ങളായി ഇഴ കോർത്തെടുക്കുക ഇന്നത്തെ തലമുറക്ക് ഏറെ ദുഷ്കരമാണ്.

ചിറക്കൽ രാജാവിന്റെ അധീനതയിലുണ്ടായിരുന്ന ഇരു വഴി നാടിന്റെ ഭാഗമായിരുന്നു കരിയാട്. കരിയാടിന്റെ ഭൂമി ശാസ്ത്ര പരമായ പ്രത്യേകതയോ ജനതതിയുടെ ആചാരപരമായും ചരിത്ര പരവുമായ മറ്റെന്തെങ്കിലും വസ്തുതകളൊ ഈ പ്രദേശത്തിന് കരിയാട് എന്ന പേർ എങ്ങിനെ വന്നു എന്നതിന് ആശ്രയയോഗ്യമായ ഒരു വിശദീകരണം നൽകുന്നില്ല. കരിമേഞ്ഞ നാട് കരിയാടെന്നും മുക്കാളിക്കര, പടന്നക്കര, കുന്നത്തുകര എന്നിങ്ങനെ കരകളുടെ നാടായതിനാൽ കരനാട് ആണെന്നും അത് പ്രയോഗത്തിൽ കരിയാട് എന്ന് ആയി മാറിയതാണെന്നും ഉള്ള ചില വാദഗതികൾ ഉണ്ടെങ്കിലും അവയുടെ സാധുത ചോദ്യം ചെയ്യപ്പെടാനോ സാധൂകരിക്കാനോ പ്രാപ്തരാക്കുന്ന തരത്തിലുള്ള വസ്തുതകളുടെ ആഭാവമുണ്ട്.

വില്യം ലോഗൻ സമാഹരിച്ച് പ്രസിദ്ധീകരിച്ച മലബാർ മാന്വലിൽ കരിയാട് കൂടെ ഉൾക്കൊള്ളുന്ന ഇരുവഴി നാടിനെക്കുറിച്ച് ചില പരാമർശങ്ങളുണ്ട്. മലബാർ മാന്വൽ ആശ്രയയോഗ്യമായ അടിസ്ഥാന രേഖയായി അംഗീകരിക്കുമ്പോൾ തന്നെ അവയിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾ കരിയാടിന്റെ തനത് ഭൂത കാലത്തിൽ സ്ഥിരീകരണം നടത്തുന്നതിന സാദ്ധ്യമല്ല.

ഇന്നത്തെ കരിയാട് പഞ്ചായത്തുകൂടി ഉൾക്കൊള്ളുന്ന പ്രദേശം ഇരുവഴിനാട് നമ്പ്യാൻമാർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആറ് നമ്പ്യാർ കുടുംബങ്ങളിൽ ഒന്നായ കരിയാട് നമ്പ്യാന്മാരുടെ അധീനതയിലായിരുന്നു. പഴയ കോട്ടയം താലൂക്കിൽ പെട്ടിരുന്ന പാനൂർ, പുത്തൂർ, തൃപ്രങ്ങോട്ടൂർ പെരിങ്ങളം, കരിയാട്, പന്ന്യന്നൂർ എന്നീ പ്രദേശങ്ങളെയാണ് ഇരുവഴിനാട് എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. ഇരുവഴി നാടിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പു കാരണം ഇരുവഴി നാട് നമ്പ്യാൻമാർക്ക് ഇംഗ്ലീഷ് അധീനതയിലുള്ള തലശ്ശേരിയുമായും ഫ്രഞ്ച് അധീനതയിലുള്ള മയ്യഴിയുമായും ബന്ധപ്പെടുന്നതിന് വളരെയധികം സഹായിച്ചിരുന്നു എന്ന് മലബാർ മാന്വലിൽ പരാമർശിക്കുന്നു. ഇരുവഴി നാട് നമ്പ്യാന്മാരുടെ ബ്രിട്ടീഷ് ബന്ധം പരസ്പരം ഗുണകരമായ പല കരാറുകളിലും ഏർപ്പെടുന്നതിന് അവരെ സഹായിച്ചിരുന്നു. ഇരുവഴി നാട് നമ്പ്യാൻമരെ സംബന്ധിച്ച പരാമർശങ്ങൾ ഇംഗ്ലീഷ് ഫ്രഞ്ച് അധിവാസകേന്ദ്രങ്ങൾ തമ്മിലും ഇംഗ്ലീഷ് കമ്പനിയും മറ്റു നാടുവാഴികളും തമ്മിൽ ഉണ്ടാക്കിയ കരാറുകളിൽ കാണപ്പെടുന്നുണ്ട്. 1782 വരെ ഇരുവഴി നാട് നമ്പ്യാന്മാർ ഏതെങ്കിലും തരത്തിൽ ഈസ്റ്റിന്ത്യാ കമ്പനിക്ക് വിധേയമായിരുന്നോ എന്ന് ലോഗൻ സംശയിക്കുന്നു. ഹൈദരാലിയുടെ കാലത്ത് (1765-1782) ഇരുവഴി നാട് ചിറക്കൽ രാജയുടെ ഭരണത്തിൽ കീഴിലായിരുന്നു. 1790-91 ൽ ഇരുവഴി നാടിന്റെ ഭരണം ഈസ്റ്റ്ഇന്ത്യാ കമ്പനി ഏറ്റെടുത്തു. 1793-94 ൽ ഇരുവഴി നാടിന്റെ ഭരണം കരിയാട് നമ്പ്യാന്മാർക്ക് തിരിച്ചേൽപ്പിച്ചു. ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ നിന്നും അധികാരം തിരിച്ചു കിട്ടിയതിനു

ശേഷമുള്ള കാലഘട്ടത്തിൽ കരിയാട് ദേശം പാലൊളി ഇടത്തിൽ തറവാട്ടുകാരായ കരിയാട്ട് നമ്പ്യാന്മാരുടെയും പുളിയനമ്പ്രം ദേശം പിലാക്കാവിൽ നമ്പ്യാന്മാരുടെയും ആധിപത്യത്തിലായിരുന്നു. കരിയാട് നമ്പ്യാന്മാർക്ക് ഇംഗ്ലീഷ്കാർ മാലീഖാൻ എന്ന കപ്പവും വില്ലേജ് മുൻസിഫ് എന്ന അംശം അധികാരി സ്ഥാനവും പിലാക്കാവിൽ നമ്പ്യാന്മാർക്ക് അംശം മേനോൻ സ്ഥാനവും നൽകി ആദരിച്ചു പുളിയനമ്പ്രത്തെ തുണ്ടിയിൽ പക്രുകുട്ടിയുടെ തറവാടിന് അംശം കോൽക്കാർ (ഇന്ന് വില്ലേജ് മാനായ ഒ.പി. അബുബക്കറുടെ പിതാമഹൻ) പദവി നൽകിയിരുന്നു. ഈ മൂന്നു കുടുംബങ്ങളുടെയും പിൻതലമുറ പാരമ്പര്യമായി 1961 വരെ അംശം അധികാരി, അംശം മേനോൻ, അംശം കോൽക്കാരൻ എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നു.

ബ്രിട്ടീഷുകാരുടെ വരവിനുമുമ്പ് രാവാരി നായന്മാരും കുന്നത്ത് നെല്ലൊളി സമ്പ്യാന്മാരും കരിയാടിന്റെ ആധിപത്യം വഹിച്ചിരുന്നു എന്ന് പറയപ്പെടുന്നു. പിൽക്കാലത്ത് പയ്യന്നൂരിന്നടുത്തു കുഞ്ഞിമംഗലത്തു നിന്നും വന്ന് പാലൊളി ഇടത്തിൽ വാസമുറപ്പിച്ച നമ്പ്യാർ കുടുംബം കരിയാടിന്റെ ആധിപത്യം പിടിച്ചെടുക്കുകയും കരിയാട് നമ്പ്യാന്മാർ എന്ന പേരിൽ പ്രസിദ്ധരാവുകയും ചെയ്തു. അതിനു ശേഷമുള്ള ചരിത്രം മുകളിൽ പ്രസ്ഥാവിച്ചുവല്ലോ.

ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽനിന്നും കരിയാടിന്റെ അധികാരം പകർന്നു കിട്ടിയ കരിയാട്ട് നമ്പ്യാന്മാരുടെ പിൻതലമുറയിലെ പ്രധാനപ്പെട്ട വ്യക്തികളായിരുന്നു പി. ഇ. കുഞ്ഞു ണ്ണി നമ്പ്യാരും അനുജൻ പി. ഇ. കുഞ്ഞിരാമൻ നമ്പ്യാരും. കരിയാട് ഗ്രാമത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും. സന്ദേശം എത്തുന്നത് പാലൊളി എടത്തിൽ തറവാടുവഴിയായിരുന്നു. ഉൽപതിഷ്ണുക്കളായിരുന്ന പി. ഇ. കുഞ്ഞുണ്ണി നമ്പ്യാരിലും, പി. ഇ. കുഞ്ഞിരാമൻ നമ്പ്യാരിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും, മഹാത്മാ ഗാന്ധിയുടെയും സന്ദേശം ആവേശം ഉണർത്തി. 1931 ൽ കറാച്ചിയിൽ വെച്ചു നടന്ന ഇന്ത്യൻ നേഷനൽ കോൺഗ്രസ്സ് സമ്മേളനത്തിൽ പങ്കെടുത്ത പി. ഇ. ജയരാജൻ നമ്പ്യാരുടെ പിതാവ് ശ്രീധരൻ മൂസ്സത് കരിയാട്ട് ദേശിയ പ്രസ്ഥാനം വളർത്തുന്നതിൽ സജീവമായ പങ്കുവഹിച്ചരുന്നു.

പി. ഇ. കുഞ്ഞിരാമൻ നമ്പ്യാർ പ്രത്യക്ഷമായും പി. ഇ. കുഞ്ഞുണ്ണി നമ്പ്യാർ പരോക്ഷമായും സ്വാതന്ത്ര്യത്തിന്റെ സന്ദേശം പ്രചരിപ്പിച്ചു തുടങ്ങി. ഇവർക്ക് ആവേശം പകരാൻ വേണ്ടി നെട്ടൂർ പി. ദാമോദരൻ, എം. പി. ദാമോദരൻ എന്നിവർ ഇടക്കിടക്ക് ബന്ധപ്പെട്ടിരുന്നു. അക്കാലങ്ങളിൽ നടന്ന പ്രധാനപ്പെട്ട ദേശീയ സംഭവങ്ങളും, സമരങ്ങളും കരിയാട്ട് ഗ്രാമത്തിലും അനുരണനങ്ങൾ ഉണ്ടാക്കിയിരുന്നു. അക്കാലത്ത് പാലൊളി എടത്തിൽ തറവാടിന് കരിയാട് ഗ്രാമത്തിലുണ്ടായിരുന്ന സ്വാധീനം നാടുവാഴികൾ എന്ന നിലക്ക് പ്രത്യേക പദവികൊണ്ട് മാത്രമായിരുന്നില്ല; ഉൽപതിഷ്ണു ത്വം കൊണ്ട് കൂടിയായിരുന്നു എന്ന് പഴയ തലമുറ ഓർക്കു ന്നു. അത്തരത്തിൽ ഉൽപതിഷ്ണുക്കൾ കൂടി ആയിരുന്നത് കൊണ്ട് സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായിട്ടുള്ള പ്രക്ഷോഭങ്ങളിലും, കോൺഗ്രസ്സ് സമ്മേളനങ്ങളിലും ധാരാളം വളണ്ടിയർമാരെ സംഘടിപ്പിക്കുന്നതിനും, പങ്കെടുപ്പിക്കുന്നതിനും കഴിഞ്ഞിരുന്നുവെന്ന് മനസ്സിലാവുന്നു.

മയ്യഴിയിലെ കോൺഗ്രസ്സ് നേതാവും, മയ്യഴി വിമോചനസമരത്തിന്റെ അമരക്കാരനുമായിരുന്ന ശ്രീ: ഐ.കെ. കുമാരൻ മാസ്റ്ററുടെ പ്രവർത്തനഫലമായി മഹാത്മാ ഗാന്ധി മയ്യഴിപുത്തലത്ത് ക്ഷേത്രാങ്കണത്തിൽ എത്തിയപ്പോൾ നൂറു കണക്കിനു കോൺഗ്രസ്സ് വളണ്ടിയർമാർ പി. ഇ. കുഞ്ഞിരാമൻ നമ്പ്യാരുടെ നേതൃത്വത്തിൽ ജാഥയായി പോയിരുന്നു. 1936 ജൂലായ് മാസത്തിൽ എ. കെ. ഗോപാലൻ മദ്രാസ്സിലേക്ക് നയിച്ച പട്ടിണി ജാഥക്ക് ഒരു ദിവസം ഈ ഗ്രാമത്തിൽ സ്വീകരണം നൽകിയിരുന്നു. സർവ്വശ്രീ: കെ.പി.ആർ. ഗോപാലൻ, സർദാർ ചന്ത്രോത്ത്, എം.കെ കേളു, പി. എം. ജി. തുടങ്ങി 32 പേരായിരുന്നു. ജാഥാംഗങ്ങൾ. തോട്ടോളി തറവാട്ടിൽ ആ ദിവസം താമസിക്കുകയുണ്ടായി. ജാഥാംഗമല്ലായിരുന്ന ശ്രീ: ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടും രാത്രി ഏറെ വൈകിയതിന് ശേഷം തോട്ടോളിയിൽ എത്തിച്ചേരുകയും ചെയ്തു.1932 സപ്തമ്പറിൽ കെ. കേളപ്പന്റെ നേതൃത്വത്തിൽ ഗുരുവായൂർ ക്ഷേത്ര നടയിൽ നടത്തിയ സത്യാഗ്രത്തിൽ വന്ദേമാതരം ഗാനമാലപിച്ചതിൽ ഈ ഗ്രാമത്തിൽ നിന്നും സത്യാഗ്രഹത്തിൽ പങ്കെടുത്ത പുളിയനമ്പ്രം പ്രദേശത്തെ നാരക്കൽ ശ്രീ: അപ്പുക്കുഞ്ഞൻ അടിയോടിയായിരുന്നു. ഇദ്ദേഹം സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ കരിയാട് നിന്നും അറസ്റ്റ് ചെയ്യപ്പെട്ട ആദ്യ സേനാനിയുമായിരുന്നു.

1948 ൽ നടന്ന ഒഞ്ചിയം വെടിവെപ്പിൽ രക്തസാക്ഷിയായ അളവക്കൻ കൃഷ്ണന്റെ ഭാര്യയെ സമാശ്വസിപ്പിക്കുന്നതിന് എ. കെ. ഗോപാലൻ കരിയാട്ട് തെരുവിലുള്ള അവരുടെ വീട്ടിൽ വന്നിരുന്നു വെന്ന് പഴയ തലമുറ ഓർക്കുന്നു. 1956 കാലഘട്ടത്തിൽ ശ്രീ എൻ.സി.ടി. മധുസൂദനൻ നമ്പ്യാരുടെ നേതൃത്വത്തിൽ സർവ്വോദയ പ്രസ്ഥാനം കരിയാട്ട് ശക്തിയായിരുന്നു. 1957ൽ ജയപ്രകാശ് നാരായണൻ ഗാന്ധിസ്മാരക ഗ്രാമസേവാ കേന്ദ്രത്തിന്ന് പുറക്കാട്ട്

കുന്നിൽ ശിലാസ്ഥാപനം നടത്തി. ഈ സന്ദർശന ത്തിന്റെ സ്മരണക്കായി പള്ളിക്കുനി- ട്രാൻസ്ഫോ മർ റോഡിന് ജയപ്രകാശ് റോഡ് എന്നും പുറക്കാട്ട് കുന്നിന് അദ്ദേഹത്തിന്റെ പത്നി പ്രഭാവതിയുടെ പേരും നൽകുകയുണ്ടായി. 1960 കളിൽ കേരള ഗാന്ധി കെ. കേളപ്പൻ പലതവണ കരിയാട്ട് വരികയും സർവ്വോദയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകു കയും ചെയ്തു.

സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ ഭാഗമായി അദ്ധ്യാപക പ്രസ്ഥാനം ഈ ഗ്രാമത്തിൽ സജീവമായി ഉണ്ടായിരുന്നു. പി. ഇ. കുഞ്ഞി രാമൻ നമ്പ്യാർ കോട്ടയം താലൂക്ക് അദ്ധ്യാപകയൂനിയന്റെ പ്രസിഡ ണ്ടായിരുന്നു പി. ആർ നമ്പ്യാർ ആയിരുന്നു അദ്ധ്യാ പക പ്രസ്ഥാനത്തിന്റെ പ്രവർ ത്തനം ഈ ഗ്രാമത്തിൽ കൊണ്ടുവന്നത്. പരത്തീന്റെ പറമ്പത്ത് കുഞ്ഞിരാമൻ സ്വാതന്ത്ര്യ സമരപ്രവർത്തകനായിരുന്നു നടന്ന കള്ള് ഷാപ്പ് പിക്കറ്റിങ്ങിൽ കുഞ്ഞിരാമൻ പോലീസിന്റെ മർദ്ദനമേൽക്കേണ്ടി വന്നു. സ്വാതന്ത്ര്യത്തിനു മുമ്പ് ബോംബെയിൽ ഉണ്ടാ യിരുന്ന കുഞ്ഞിരാ മൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി പാനൂരിൽ വെച്ച് "കൈരളി കലാ പ്രകടനസംഘം" എന്ന പേരിൽ ഒരു നാടകസംഘം രൂപീകരിക്കുകയും അതിന്റെ ഭാരവാ ഹിയായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. 28 - ാം മത്തെ വയസ്സിൽ ശ്രീ. കുഞ്ഞിരാമൻ മരിക്കാനിട യാക്കിയത് പോലീസിന്റെ മർദ്ദനം ഏൽക്കേണ്ടിവ ന്നത് കൊണ്ടാണ്.

സ്വാതന്ത്ര്യ ലബ്ധിക്ക് മുമ്പെന്ന പോലെ സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷവും കരിയാടിന്റെ ചരിത്രം പി. ഇ. കുഞ്ഞിരാമൻ നമ്പ്യാരുമായി ബന്ധ പ്പെട്ടതാണ്. കരിയാട്ട്കാർക്ക് പി.ഇ. കുഞ്ഞിരാമൻ നമ്പ്യാർ എന്നും ഹെഡ്മാസ്ററർ ആണ്. അദ്ധ്യാപക ട്രെയിനിംഗ് കഴിഞ്ഞു 1926 ൽ സ്വന്തമായി സ്ഥാപിച്ച പനക്കൂൽ സ്കൂളിൽ അന്നത്തെ പതിവിന് വിപരീത മായി എല്ലാ വിഭാഗം കുട്ടികൾക്കും പ്രവേശനം നൽകിയിരുന്നു. കൂട്ടത്തിൽ 4 ഹരിജൻ കുട്ടികൾക്ക് പ്രവേശനം നൽകിയത് അക്കാലത്ത് വലിയ കോളി ളക്കം സൃഷ് ടിച്ച സംഭവമാണ്. അയിത്ത ജാതി ക്കാരെ സ്കൂളിൽ പ്രവേശിപ്പിച്ചതിനനാൽ സർവണ രായ രക്ഷിതാക്കൾ സ്കൂൾ ബഹിഷ്കരിക്കുകയും കുട്ടികളെ പിൻവലിപ്പിക്കുകയും ചയ്തു. ഇതൊരു വെല്ലുവിളിയായി ഏറ്റെടുത്തുകൊണ്ട് ഹെഡ്മാസ്റ്റർ സവർണ്ണരായ സ്വന്തം കുടുംബത്തിലെ കുട്ടികളെ നിർബന്ധപൂർവ്വം സ്കൂളിൽ എത്തിക്കുകയും എതി ർപ്പു വകവെക്കാതെ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോവുകയും ചെയ്തു. ആ സ്കൂളാണ് പിന്നീട് കരിയാട് നമ്പ്യാ ർന്മർ യു .പി. സ്കൂളായും, അടുത്ത കാലത്ത് ഹൈസ്കൂളായും ഉയർന്നത്. കരിയാടിന്റെ സർവ്വ പുരോഗതിക്കും തുടക്കം കുറിച്ചത് ഈ മഹൽ സ്ഥാപനമാണ്. പാലൊളി എടത്തിൽ കുടുംബാംഗ ങ്ങൾ കരിയാട് ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച 5 സ്കൂളുകളിൽ ഒന്ന് മുസ്ലീം സ്കൂളായി രുന്നു എന്ന കാര്യം ജാതി മത പരിഗണനയ്ക്കതീത മായി വിദ്യാഭ്യാസ വ്യാപനത്തിൽ അവർ ചെയ്ത സേവനത്തിന്റെ സാക്ഷ്യങ്ങളായി കരുതുന്നതിനാൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല.

1937 മുതൽ മുസ്ലീം ലീഗ് പ്രസ്ഥാനം ഇവിടെ സജീവമായി പ്രവർത്തിച്ചിരുന്നു. കെ. സയ്യിദ് പൂക്കോയ തങ്ങൾ എ. പി. അന്ത്രുസാഹിബ്, പറ മ്പത്ത് മമ്മത് ഹാജി, നടാൽ മമ്മദ് ഹാജി തുടങ്ങിയ വരായിരുന്നു, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ മുന്നണി പോരാളികൾ. 1937 ൽ ദേശീയ നേതാക്ക ളിൽ അലി സഹോദരന്മാർ എന്ന പേരിൽ പ്രഖ്യാത നായ മൗലാനാ ഷൗക്കത്തലി പുളിയനമ്പ്രം തോക്കോടു വയലിൽ നടന്ന വമ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തു പ്രസംഗിച്ചതോടെയാണ് മുസ്ലീം ലീഗ് പ്രസ്ഥാനം ശക്തിയാർജ്ജിച്ചത്. സത്താർ സേട്ടുവും സീതിസാഹിബും ഇടക്കിടെ ഇവിടെ വന്നു ലീഗ് പ്രവർത്തകർക്ക് ആവേശം കൊടുത്ത പ്രധാനിക ളാണ്.

1944 ൽ ശ്രീ. എം. ഗുരുക്കൾ ഇരിങ്ങണ്ണൂരിൽ നിന്നും കരിയാട്ട് എത്തുന്നതോടെയാണ് ഈ ഗ്രാമ ത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തുടക്കം കുറിക്കു ന്നത്. പെരിങ്ങത്തൂരിലെ ശ്രീ: പി.കെ. പത്മനാഭൻ വൈദ്യരുമായും മറ്റും സഹകരിച്ചു ശ്രീ: എം. കെ. ഗുരുക്കൾ കമ്മ്യൂണിസത്തിന്റെ സന്ദേശം ഈ ഗ്രാമ ത്തിൽ പ്രചരിപ്പിച്ചു. കമ്മ്യൂണിസ്റ്റ് നേതാവ് സി. എച്ച് കണാരൻ ഇടക്കിടെ ഈ ഗ്രാമത്തിൽ വന്നു കമ്മ്യൂ ണിസ്റ്റ് ആശയഗതികൾ പ്രചരിപ്പിക്കുന്നതിന് അവരെ സഹായിച്ചിരുന്നു. അന്തരിച്ച എ. കെ. നമ്പ്യാർ ഈ ഗ്രാമത്തിൽ ഏറെക്കാലം നിറഞ്ഞുനിന്നിരുന്ന ഒരു സ്വാതന്ത്ര്യ സമര സേനാ നി യാ യി രുന്നു. കെ.പി.സി.സി. , എ.ഐ.സി.സി. എന്നീ അത്യുന്നത സമിതികളിൽ അംഗമായിരുന്നു കരിയാടിന്റെ സാമൂഹ്യ ജീവിതത്തിൽ സ്വാതന്ത്ര്യാനന്തര കാലത്ത് വളരെ യേറെ നിറഞ്ഞു നിന്ന വ്യക്തിയായിരുന്നു പരേതനായ എൻ.എ. മമ്മു ഹാജിസാഹിബ്. കരിയാട്ട് കൂടി ഉൾക്കൊള്ളുന്ന ഈ പെരിങ്ങളം അസംബ്ലി നിയോജകമണ്ഡലത്തിൽ എം. എൽ. എ. ആയി രുന്നു അദ്ദേഹം. കരിയാടു ഗ്രാമത്തിൽ മുസ്ലീം ലീഗ് കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിരുന്നു. ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം കരി യാട്ട് ഗ്രാമത്തിൽ വ്യാപിപ്പിക്കുന്നതിൽ എൻ.സി.ടി. പത്മനാഭൻ നമ്പ്യാർ, ഇ. എ. മമ്മദ് ഹാജി, കുനിയിൽ

മങ്ങായി പൊട്ടൻ എന്നിവർ നിർണ്ണായകമായ പങ്ക് വഹിച്ചിരുന്നു.

വളരെയധികം അഭിമാനകരമായ ഒരു സാംസ്കാരിക പാരമ്പര്യത്തിന്റെ നേരവകാശികളാണ് കരിയാട്ടുകാർ. അടിയാള വർഗ്ഗ കലാ രൂപങ്ങളായ തെയ്യം, തിറ, വേടൻ പാട്ട്, പുള്ളുവൻ പാട്ട്, എന്നിവ പ്രചരിച്ച ഒരു നിറഞ്ഞ ഭൂതകാലം ഈ ഗ്രാമത്തിനുണ്ട്. തെയ്യത്താൻ പാറയിൽ മുമ്പ് നിലനിന്നിരുന്ന പാറേമ്മൽ സ്കൂളിൽ (പിന്നീട് കെ.എൻ.യുപി സ്കൂളിൽ ലയിച്ചു.) അതിന്റെ സ്ഥാപകനായിരുന്ന രാമർ പണിക്കർ (ശ്രീ: ടി.എച്ച് കുഞ്ഞിരാമൻ മാസ്റ്ററുടെ പിതാവിന്റെ ഇളയച്ഛൻ) രാജസൂയം, കോൽക്കളി, പൂരക്കളി, ചരട് കുത്തിക്കളി, കുമിയടി കോലാട്ടകളി എന്നിവ ആൺകുട്ടികളെയും കൈകൊട്ടിക്കളി എന്നിവ പെൺകുട്ടികളെയും അഭ്യസിപ്പിച്ചിരുന്നു. വിദ്യാർത്ഥികളെ നിലത്തെഴുത്ത് അഭ്യസിപ്പിച്ചിരുന്നതോടൊപ്പം വിദ്യാർത്ഥികളെ രാമായണം വാനയും രാമർ പണിക്കർ അഭ്യസിപ്പിച്ചിരുന്നു. മുൻപഞ്ചായത്ത് മെംബറാരുന്ന ശ്രീ. ജീ.കെ. ആണ്ടി പണിക്കർ ഇന്ന് ജീവിച്ചിരിക്കുന്ന പ്രസിദ്ധനായ ഒരു തെയ്യം കലാകാരനാണ്.

കുടുംബ ക്ഷേത്രങ്ങളായ പള്ളിക്കുനി പരദേവതാ ക്ഷേത്രം, പെരുമ്പ ശിവക്ഷേത്രം എന്നിവക്ക് എന്നിവക്ക് പുറമെ കരിയാട് തെരു ഗണപതി ക്ഷേത്രത്തിലും ക്ഷേത്രകലകൾ, അനുഷ്ഠാന കലാരൂപങ്ങൾ എന്ന നിലക്ക് അവതരിപ്പിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു. അടിയാള വർഗ്ഗ കലാരൂപങ്ങൾ അരങ്ങേറിയിരുന്ന കിടഞ്ഞിയിലെ ഒരു സങ്കേതമാണ് അന്നത്തെപ്പോലെ ഇന്നും കൊല്ലറത്തെ അമ്പലം, മേക്കുന്നിനടുത്ത് കണ്ടോത്ത് ക്ഷേത്രം എന്നിവ . പടന്നക്കര അങ്ങാടിപ്പറമ്പത്ത് നാഗഭഗവതി ക്ഷേത്രം പൗരാണികമായ ആരാധനാ കേന്ദ്രമാണ്. ഇവിടെ തിറയും മറ്റുൽസവങ്ങളും നടന്നു വന്നിരുന്നു. ഇതേപോലെ പണ്ടുകാലത്ത് കിടഞ്ഞോത്ത് ക്ഷേത്രത്തിലും ഉൽസവങ്ങൾ കൊണ്ടാടിയിരുന്നു.

നവോത്ഥാനപ്രസ്ഥാനത്തിന്റെ അലയൊലികളും കരിയാട് ഗ്രാമത്തിൽ കേട്ടിരുന്നുവെന്നത് ഒരു ചരിത്ര വസ്തുതയാണ്. ജാതിക്കെതിരായ സമരത്തിന്റെ മുൻനിരയിൽ നിന്ന് സവർണ്ണർക്കിടയിൽ പുരോഗമന ചിന്താഗതിയുടെ സ്ഫുലിംഗങ്ങൾ ഉണർത്തുന്നതിനും പി.ഇ. കുഞ്ഞിരാമൻ നമ്പ്യാർ ശ്രമിച്ചിരുന്നു. കരിയാട്ട് തെരു ഗണപതി ക്ഷേത്രത്തിൽ ഇതര അവർണ്ണ ജാതിക്കാർക്ക് കൂടെ ക്ഷേത്ര പ്രവേശനത്തിനുള്ള അവകാശം നേടിയെടുക്കുന്നതിന് 1960 കളിലും 1970 കളുടെ ആരംഭത്തിലും ശ്രീ കുനിയിൽ ഗോവിന്ദൻ വഹിച്ച പങ്ക് ചരിത്രത്തിന്റെ താളുകളിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ടതാണ്. ആധുനിക കരിയാടിന്റെ സാമൂഹ്യ ജീവിതത്തിൽ പ്രതിഫലിക്കന്ന സൗഹാർദ്ധ ത്തിന്റേയും സഹിഷ്ണുതയുടെയും അന്തരീക്ഷം വളർത്തിയെടുക്കുന്നതിൽ കഴിഞ്ഞ കാല തലമുറ വഹിച്ച പങ്ക് എന്നെന്നും ഓർമ്മിക്കപ്പെടേണ്ടതാണെന്ന് കൃതജ്ഞതാ നിർഭരമായ ഹൃദയത്തോടെ സ്മരിച്ചുകൊണ്ട് ഈ ഭാഗം ഉപസംഹരിക്കുന്നു.

കരിയാട് പഞ്ചായത്ത് ഭൂ പ്രകൃതി

അതിരുകൾ

കിഴക്ക് - മയ്യഴിപ്പുഴ

തെക്ക് - മയ്യഴിപ്പുഴ

വടക്ക് - പെരിങ്ങളം പഞ്ചായത്ത്

പടിഞ്ഞാറ് - മയ്യഴിപ്പുഴയും ചൊക്ലി പഞ്ചായത്തും.

കരിയാട് പഞ്ചായത്തിന്റെ പടിഞ്ഞാറതിർത്തിയായ മേക്കുന്ന് - മോന്താൽ റോഡ് കടന്നു പോകുന്ന ഭൂഭാഗം ഉയർന്ന തലമാണ്. ഏറെക്കുറെ രണ്ടറ്റങ്ങളിലായി രണ്ടു ക്കുന്നുകളുണ്ട്. മോന്താലിൽ കമ്പിനിക്കുന്നും, വടക്കു പടിഞ്ഞാറാതിർത്തിയിൽ മേക്കുന്നിനടുത്ത വേട്ടാണിക്കുന്നുമാണ്. വേട്ടാണിക്കുന്ന് പെരിങ്ങത്തൂർ പള്ളി ശ്മശാനം കൂടിയാണ്. കരിയാടിന്റെ കിഴക്ക് - തെക്ക്- പടിഞ്ഞാറ് ഭാഗത്തുകൂടെ ഒഴുകുന്ന മയ്യഴിപ്പുഴയെ കോഴിക്കോട് ജില്ലാതിർത്തിയായ അഴിയൂരും ഏറാമല പഞ്ചായത്തുമായി പങ്കുവെക്കുന്നു. കരിയാട്ട് പഞ്ചായത്തിന്റെ മൊത്തം ചുറ്റളവിന്റെ സിംഹ ഭാഗവും മയ്യഴിപ്പുഴയുടെ തീരമാണ്. പെരിങ്ങത്തൂരിൽ നിന്ന് തുടങ്ങി, തെക്ക് - പടിഞ്ഞാറതിർത്തിയായ മോന്താൽ വരെ ഈ പുഴയോരം നീണ്ടു കിടക്കുന്നു.

കരിയാട് പഞ്ചായത്തിൽ മൊത്തം 8 കുന്നിൽ പ്രദേശങ്ങളുണ്ട്. വേട്ടാണിക്കുന്ന്, ചാമക്കുന്ന്, കാട്ടുകുന്ന്, മുരിയോട് കുന്ന്, ഇട്ടലിൽ കുന്ന്, വട്ടക്കുന്ന്, കമ്പിനിക്കുന്ന്, പ്രഭാവതിക്കുന്ന്, എന്നിവയാണിവ. പ്രധാന ജല സ്രോദസ്സുകളിൽപ്പെടുന്ന കുളങ്ങൾ അധികവും മുകളിൽ വിവരിച്ച കുന്നുകളുടെ താഴാവാരങ്ങളിലാണുള്ളത്. പുളിയനമ്പ്രത്തെ കാവുക്കുളത്തിലേക്കുള്ള പ്രധാന ഉറവ് വേട്ടാണിക്കുന്നിൽ നിന്നാണ്. നേരത്തെ 15 സെന്റ് വിസ്തൃതിയുണ്ടായിരുന്ന ഇനകുളത്തിന് 41/2 സന്റ് വിസ്തൃതി മാത്രമേ ഇപ്പോഴുള്ളൂ. കമ്പിനി ക്കുന്ന്. വട്ടക്കുന്ന് ഇട്ടി

ലിൽ കുന്നു. ഏറെക്കുറെ പുഴയോരത്തിൽ നിന്ന് അധികം അകലെയല്ലാതെ സ്ഥിതിചെയ്യുന്നു. മിക്ക കുന്നുകളുടെയും ഘടന പാറയും ചെമ്മണ്ണും ചേർന്നതാണ്. സമുദ്ര നിരപ്പിൽ നിന്നും സുമാർ 35 മുതൽ 55 മീറ്റർ ഉയരത്തിൽ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കുന്നുകളാണിവ. പ്രഭാവതികുന്നാണ് ഉയരം കൂടിയത്. കുന്നിൻ ചെരുവുകളിൽ തെങ്ങ്, പ്ലാവ്, മാവ്, തുടങ്ങിയ ഫലവൃക്ഷങ്ങൾ നന്നായി വളരുന്നുണ്ട്. കശുമാവ് , കുരുമുളക് എന്നീ തോട്ട വിളകളും കൃഷി ചെയ്യപ്പെടുന്നു. വേട്ടാണിക്കുന്നിന്റെയും, മൂരിയോട് കുന്നിന്റെയും മുകൾ ഭാഗം തരിശുഭൂമിയാണ്.

കുന്നിൻ പ്രദേശങ്ങളുടെ പൊതു സ്വഭാവം പരിശോധിച്ചാൽ ചെരുവിൽ ചെങ്കൽ മണ്ണ് നിറഞ്ഞ സ്ഥലമാണ്. ചെറിയ ചെരുവിൽ ചെമ്മണ്ണും. ഏറ്റവും താഴെ വയലും വയലോട് ചേർന്ന് തെങ്ങിൻ കൃഷിയിടവുമാണ്. മുമ്പ് പഞ്ചായത്തിന്റെ വിസ്തൃതിയിൽ 60- 70% ഭാഗം നെൽ കൃഷിക്ക് ഉപയുക്തമാക്കിയിരുന്നു. 'വാരം' എന്നറിയപ്പെടുന്ന പാട്ട വ്യവസ്ഥ കാലമായിരുന്നു.

1960 കാലഘട്ടം വരെ കമ്പിനിക്കുന്നിന് കിഴക്ക് ഭാഗത്തുള്ള മോന്താൽ - പടന്നക്കര ഭാഗത്തെ ചതുപ്പു നിലങ്ങൾ ഈ പഞ്ചായത്തിലെ മനോഹര പ്രദേശങ്ങളിലൊന്നായിരുന്നു. മായ്യഴി പുഴയോട് ചേർന്ന് നിന്ന വിശാലമായ വയൽ പ്രദേശങ്ങളും വേട്ടാണിക്കുന്നിൽ നിന്നും പ്രഭാവതിക്കുന്നിൽ നിന്നും ഉത്ഭവിക്കുന്ന ചെറുതോടുകൾ വിസ്തൃതി പൂണ്ട് വൻ തോടുകളായി രൂപാന്തരപ്പെട്ട് പുഴയോട് ചേരുന്നത് ഇവിടെയായിരുന്നു. ഇന്ന് തോടുകളൊഴിച്ച് ചതുപ്പു നിലങ്ങളിൽ മണ്ണിട്ട് നികത്തി തെങ്ങ് വെച്ച് പിടിപ്പിച്ചിരിക്കുകയാണ്. കണ്ടൽക്കാടുകളും വയൽ ചുള്ളികളും കൊണ്ട് സമൃദ്ധമായിരുന്ന തുരുത്തുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മോന്താൽ ഭാഗത്ത് അവശേഷിക്കുന്ന കണ്ടൽക്കാടുകളിൽ, വേനൽക്കാലമായാൽ ആഫ്രിക്കൻ കൊക്കുകൾ വരുമെന്ന് പരിസരവാസികൾ പറയുന്നു. കടൽക്കാക്കകളും വിവിധയിനം കൊക്കുകളും മുങ്ങൽ പക്ഷികളും ഈ പ്രദേശങ്ങളിൽ കണ്ടുവരുന്നു. നെൽ കൃഷിയുടെ ഒറ്റ വിളഅടുത്ത കാലം വരെ ഈ ചതുപ്പ് നിലത്ത് നടത്തിയിരുന്നു. ഓരുവെള്ളം കയറുന്നത് നെൽകൃഷി തുടർന്നു നടത്തുന്നതിന് വിലങ്ങുതടിയായി.മോന്താൽ പാലത്തിനോട് ചേർന്ന റഗുലേറ്റർ പണി പൂർത്തീകരിക്കാത്തതുകൊണ്ട് ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള പദ്ധതി തടസ്സപ്പെട്ടു.

മോന്താലിനും പടന്നക്കരക്കും ഇടയിൽ, മയ്യഴിപുഴയോട് ചേർന്ന് കണ്ടൽക്കാടിന്റെ തുരുത്ത് അവശേഷിച്ചിട്ടുണ്ട്. സുമാർ 200 മീറ്റർ നീളവും 20 മീറ്റർ വീതിയുമുള്ള ഈ കണ്ടൽ കാടിന്റെ വേരുകളുടെ ഇടയിൽ ചെറു മത്സ്യങ്ങൾ താവളമാക്കുകയും, ചെടികളുടെ ചില്ലകളിൽ വിവിധയിനം പക്ഷികൾ കൂടുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പടന്നക്കര പള്ളിയുടെ തെക്ക് പടിഞ്ഞാറ് ഭാഗത്താണിത്. കോവുക്കൽക്കടവ് വരെ കണ്ടൽ വർഗ്ഗത്തിൽ പ്പെട്ട ചെടികൾ വളരുന്ന ചെറു തുരുത്തുകൾ കാണപ്പെടുന്നുണ്ട്.

വ്യക്തമായും മണൽമണ്ണുള്ള മൃക്കാളിക്കര കമ്പിക്കുനി എറോത്ത് പീടിക പ്രദേശങ്ങൾ മുക്കാളിക്കര പഞ്ചായത്തിന്റെ മൺതര വൈവിധ്യം വിളിച്ചോതുന്നു. ഭൂരിഭാഗം സമതല പ്രദേശങ്ങളും, കുന്നിൻ ചെരുവുകളും ചെമ്മൺ പ്രദേശമാണ്. പള്ളിക്കുനി ഭാഗത്തും പെരുമ്പയിലും നേരിയ തോതിൽ മണൽ ചേർന്ന ചളിമണ്ണാണ്.

കരിയാട് പഞ്ചായത്തിലെ ഏറ്റവും വിസ്തൃതിയും ഉയരവുമുള്ള കുന്നാണ് പുറക്കാട്ട് ക്കുന്ന്. നിരവധി വെള്ളച്ചാലുകളും ഉറവകളും തോടുകൾക്ക് ജന്മം നൽകി മയ്യഴി പുഴയിൽ ലയിക്കുന്നു. വൈവിധ്യമുള്ള സസ്യ സമ്പത്തുകൊണ്ട് സമ്പുഷ്ടമായിരുന്ന. പുറക്കാട് കുന്ന് നിരന്തരമായ മനുഷ്യ ഇടപെടലുകൾ നിമിത്തം ഏറെക്കുറെ തരിശുഭൂമിയായി മാറിക്കൊണ്ടിരിക്കുന്നു.

കിടഞ്ഞി വരയിൽ കല്ല് പരിസരം.

കോഴിക്കോട് ജില്ലയിൽ പെട്ട കച്ചേരി എന്ന സ്ഥലവും കരിയാട് പഞ്ചായത്തിന്റെ തെക്ക്, കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന കിടഞ്ഞിന്റെയും അതിർത്തി പങ്ക് വെക്കുന്ന മാഹി പുഴയിൽ മണപ്പാട് പറമ്പിനോട് ചേർന്ന് 100 മീറ്റർ നീളത്തിലും 21/2 മീറ്റർ വീതിയിലും കരിങ്കൽ കെട്ട് ഉയർന്നു നില്ക്കുന്നത് അത്ഭുതപ്പെടുത്തുന്ന കാഴ്ചയാണ്. കരിങ്കൽ കെട്ടിനെക്കുറിച്ച് പല ഐതിഹ്യങ്ങളും അതുപോലെ സ്ഥിരീകരിക്കപ്പടാത്ത ചരിത്ര കഥയും പറഞ്ഞു കേൾക്കുന്നു. അമ്മിക്കല്ലുകൾ ധാരാളം കണ്ടുവരുന്ന രയരോത്ത് പറമ്പിന്റെയും വട്ടക്കുന്നിന്റെയും ഇടയിൽ ഒരു ഭൂഗർഭ കരിങ്കൽഭിത്തിയുണ്ടെന്നും അതിന്റെ തുടർച്ചയാണ് വരയിൽ കല്ലെന്നും പറയുന്നവരുണ്ട്.

വട്ടക്കുന്നിന്റെ ചെരുവിൽ കാട്ടുമരങ്ങൾ നിബിഡമായിരുന്നു എന്നതിന്റെ തെളിവുകൾ കാണാം. വട്ടക്കുന്നിന് ചുറ്റും താഴ്വാരം വയൽ പ്രദേശമാണ്. തെങ്ങ്, കവുങ്ങ്, പ്ലാവ്, മാവ്, എന്നീ ഫലവൃക്ഷങ്ങൾ കുന്നിൽ വളർന്നു വരുന്നു. വയൽ പ്രദേശത്ത് ഉപ്പുവെള്ള ശല്യമുണ്ട്. മയ്യഴി പുഴയിൽ ചേരുന്ന ചൊവ്വയിൽ തോട് തുടങ്ങുന്നത് മെയിൻ റോഡിന്റെ വടക്കു ഭാഗത്തു നിന്നാണ്. കിടഞ്ഞിയുടെ കിഴക്ക് തെക്ക്

ഭാഗത്തുള്ള മയ്യഴിപ്പുഴയെ കോഴിക്കോട് ജില്ലയിലെ ഏറാമല പഞ്ചായത്തതിർത്തി പങ്കുവെക്കുന്നു. വട്ടക്കുന്നിന്റെ കിഴക്കു ഭാഗം മണ്ണെടുക്കാൻ കീറിമുറിച്ചിട്ടുണ്ട്.

നേരത്തെ പറഞ്ഞ കുന്നിൽ ഭൂഗർഭ ജലത്തിന്റെ വിതാനം കുറഞ്ഞു പോയിട്ടുണ്ട് വട്ടക്കുന്നിന്റെ ചെരുവിലുള്ള പിലാത്താളിൽ പുരാതനമായ ഒരു സിദ്ധന്റെ കബറിടമുണ്ട്. സാധാരണയിൽ കവിഞ്ഞ അളവുകളിൽ നിർമ്മിച്ച കബറിടം കൗതുകകരമാണ്. കിടഞ്ഞിയുടെ തെക്കുകിഴക്കതിർത്തിയിലാണ് തുരുത്തിമുക്ക്. 14 ഏക്കറോളം വിസ്തൃതിയുള്ള തുരുത്തിൽ ജനവാസമുണ്ട്. മയ്യഴിപുഴ ഇവിടെ രണ്ടു കൈവഴികളിലായി തുരുത്തിനെ വലംവെക്കുന്നു. തുരുത്തിലെ കിണറിൽ ശുദ്ധജലമുണ്ട്.

കരിയാട് പഞ്ചായത്തിന്റെ മധ്യഭാഗത്തായി കുന്നിൻ നിരകൾ തന്നെയാണ്. ചാമക്കുന്ന്, മൂരിയോട് കുന്ന്, കാട്ടുകുന്ന് എന്നിവയാണിവ. മൂരിയോട് കുന്ന് ഒരു ഭാഗം മണ്ണെടുക്കാൻ മുറിച്ചു മാറ്റിയെങ്കിലും മണ്ണൊലിപ്പു തടയാൻ പ്രായോഗിക നടപടികൾ എടുത്തിട്ടുണ്ട്. മണ്ണ് മാറ്റിയ സ്ഥലത്ത് പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ മുത്താറി, ചേമ്പ് , കശുമാവ്, വാഴ മാവ്, എന്നീ കൃഷികൾ വിജയിച്ചിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഒരളവോളം പരിഹരിച്ചുകൊണ്ടാണ് കുന്നിന്റെ ആകൃതി മാറ്റിയത്.

കാലാവസ്ഥ

മൺസൂൺ കാലം അനുഭവപ്പെടുന്നത് ജൂൺ, ജൂലായ് ആഗസ്റ്റ് മാസങ്ങളിലാണ്. വർഷകാലത്ത് മയ്യഴിപുഴ കരകവിഞ്ഞൊഴുകി നാശനഷ്ടങ്ങൾ ഉണ്ടാകാറുണ്ട്. 1968ൽ മയ്യഴിപുഴയിലുണ്ടായ വെള്ളപ്പൊക്കം വമ്പിച്ച ദുരിതം വിതച്ചതായിരുന്നു. നവമ്പർ മദ്ധ്യത്തോടെ തണുപ്പ് അനുഭമേദ്യപ്പെടുന്നു. ഡിസംബർ ഒടുവിലോളം മഞ്ഞുകാലം തുടരുന്നു. ജനുവരി പകുതി മുതൽ മേയ് 31 വരെ വേനൽ ക്കാലമാണ്.

കരിയാട് പഞ്ചായത്തിലെ നിലങ്ങൾ നികത്തപ്പെട്ടു വരികയാണ്. അടുത്ത നൂറ്റാണ്ടാവുമ്പോഴേക്കും ഇവിടെ സമൃദ്ധമായുണ്ടായിരുന്ന നെൽ കൃഷി ഒരോർമ്മ മാത്രമായി മാറിയേക്കും.



കാഞ്ഞിരക്കടവ് പാലം

പ്രാഥമിക മേഖല

കൃഷിയും ജലസേചനംവും

മൃഗസംരക്ഷണം

മത്സ്യബന്ധനം

കൃഷിയും ജലസേചനവും

കാർഷിക പ്രധാനമായ ഒരു ഗ്രാമമാണ് കരിയാട് പഞ്ചായത്ത്. പെരിങ്ങത്തൂരിൽ നിന്നാരംഭിച്ച് പഞ്ചായത്തിന്റെ തെക്ക് കിഴക്ക് ഭാഗത്തുകൂടി ഉദ്ദേശം 10.5 കിലോമീറ്ററോളം ഒഴുകി പഞ്ചായത്തതിർത്തിയായ മോന്താൽ വരെയെത്തുന്ന മയ്യഴിപ്പുഴ; നമുക്ക് ഒരു അനുഗ്രഹവും ഒപ്പം ശാപവുമാണ്. ഈ കൊച്ചു പ്രദേശത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ തനിമ രൂപപ്പെടുത്തുന്നതിൽ ഈ പുഴയുടെ സാന്നിധ്യം അതിപ്രധാനമായിരുന്നു. പുഴയോര പ്രദേശങ്ങളിൽ കൃഷിയിടങ്ങളിലും കുടിജല സ്രോതസ്സുകളിലും ലവണാംശം കലരുന്നു എന്നത് നമുക്ക് ശാപവുമാകുന്നു.

ഈ പഞ്ചായത്തിന്റെ ഭൂവിസ്തൃതി 9.81 ചതുരശ്ര കി.മീ. (981 ഹെക്ടർ) ആണെന്ന് 1991 ലെ സെൻസസ് രേഖകളിലും 983 ഹെക്ടർ എന്ന് കൃഷി ഭവൻ രേഖകളിലും കാണുന്നു. രണ്ടു രേഖകളും ഔദ്യോഗികമായതുകൊണ്ടു തന്നെ ആധികാരികവുമാണ്. അതിനാൽ രേഖകൾ തമ്മിലുള്ള തർക്കത്തിൽ ഒരു പക്ഷവും ചേരാതിരിക്കുകയാണ് ഉചിതമെങ്കിലും കാർഷിക രംഗത്തെ കാര്യങ്ങളുടെ വിശകലനത്തിന് കൃഷിഭവൻ രേഖകളാണ് ഇവിടെ ആശ്രയിക്കപ്പെടുന്നത്.

ആകെ വിസ്തീർണ്ണത്തിന്റെ വിള ചേരുവ സംബന്ധിച്ച കണക്കുകൾ താഴെ പട്ടികയിൽ വിവരിക്കുന്നു.

പട്ടിക 1.

ഇനം	വിസ്തീർണ്ണം
നിലം	40 ഹെക്ടർ
പുരയിടം	929 "
കൃഷി യോഗ്യതരിശ്	4 "
കൃഷിയോഗ്യമല്ലാത്ത തരിശ്	10 "
ആകെ	983 ഹെക്ടർ

ഈ ഗ്രാമത്തിലെ ഭൂ സ്വത്തുക്കൾ മുഴുവൻ തന്നെ ഏതാനും ചില ജന്മികുടുംബങ്ങളുടെ കൈവശമായിരുന്നു. പാലോളിയാടത്തിൽ എന്ന നമ്പ്യാർ തറവാടും പിലാക്കാവിൽ നമ്പ്യാരുടെ തറവാടും തട്ടാറത്ത്, ചാത്തോത്ത് പെരുവോത്ത്, പുത്തലത്ത്, നെല്ലിക്ക എന്നീ മുസ്ലിം തറവാട്ടുകാരും വൻകിട ഭൂ ഉടമകളായിരുന്നു. ജന്മിത്ത വ്യവസ്ഥയുടെ പൊതു സ്വഭാവം ഇവിടെയും പ്രകടമായിരുന്നു. മണ്ണിൽ പണിയെടുക്കാൻ കർഷക തൊഴിലാളിയും ഉത്പന്നങ്ങൾക്ക് ഉടമസ്ഥനാകാൻ ജന്മിയും എന്നതായിരുന്നു ഇവിടുത്തെയും അവസ്ഥ. കാർഷിക ബന്ധങ്ങളിൽ നിയമ നിർമാണം വഴിയുണ്ടായ മാറ്റങ്ങൾ പിൽക്കാലങ്ങളിൽ വന്നതാണെങ്കിലും ജന്മി കുടുംബങ്ങൾ തമ്മിലും, ജന്മി കുടുംബാംഗങ്ങൾ തമ്മിലും ഉണ്ടായ പാരസ്പര്യത്തിലെ മാറ്റങ്ങൾ ഈ ഗ്രാമത്തിലെ കാർഷിക ബന്ധങ്ങളിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കി എന്നത് ചരിത്ര വസ്തുതയാണ്. പള്ളിക്കുനി പരദേവത ക്ഷേത്രത്തിന്റെയും പെരുമ്പ ശിവ ക്ഷേത്രത്തിന്റെയും ഭരണപരമായ നടത്തിപ്പിനു വേണ്ടിപ്പോലും ഏക്കർ കണക്കിന് ഭൂമി ഉണ്ടായിരുന്നു എന്നതും ചരിത്ര വസ്തുതയാണ്. 1960 കളിലും 1970 കളിലും വന്ന നിയമ നിർമ്മാണങ്ങൾ കാർഷിക ബന്ധങ്ങളിൽ സമൂലമായ മാറ്റങ്ങൾ വരുത്തിയതിന് ആധുനിക തലമുറ സാക്ഷികളാണ്.

താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന വസ്തുകളിൽ നിന്നും കൈവശ ഭൂമി സംബന്ധിച്ച സ്ഥിതി വാർഡടിസ്ഥാനത്തിൽ മനസ്സിലാക്കാവുന്നതാണ്.

പട്ടിക 2

വാർഡ്	നാമമാത്ര കർഷകർ 1 ഹെക്ടർ താഴെ.	ചെറുകിട കർഷകർ 1 മുതൽ 2 ഹെക്ടർ	വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ
1	416	95	6
2	420	95	6
3	418	99	6
4	420	96	7
5	419	90	7
6	420	96	7
7	422	92	10
8	422	97	10
9	420	95	7

അവലംബം : കൃഷിഭവൻ

കൈവശ ഭൂമിയിൽ വന്ന മാറ്റം പട്ടികയിൽ നിന്നും വ്യക്തമാകുന്നു.

പഞ്ചായത്തിലെ ആകെ ഭൂവിസ്തൃതിയിൽ ഓരോ വിളയും കൃഷി ചെയ്യുന്നത് താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക . 3

വിള	വിസ്തീർണ്ണം
തെങ്ങ്	892 ഹെക്ടർ
നെല്ല്	60 ഹെക്ടർ ഒന്നാം വിള 40 ഹെക്ടർ രണ്ടാം വിള 30 ഹക്ടർ മൂന്നാം വിള ഇല്ല
മരിച്ചീനി	25 ഹെക്ടർ
വാഴ	30 ഹെക്ടർ
കശുവണ്ടി.	5 ഹെക്ടർ

നെൽ കൃഷിക്ക് ഉപയുക്തമാക്കുന്ന ഭൂവിസ്തൃതിയിൽ വർഷം തോറും കുറവ് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. നെൽ വയലുകൾ നികത്തി പാർപ്പിടങ്ങളാക്കുന്നതും, നെൽ കൃഷി ലാഭകരമല്ലാത്തതുമാണ് ഇതിനുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. കാലവർഷകാലത്ത് ലഭിക്കുന്ന മഴയെ ആശ്രയിച്ചാണ് നെൽ കൃഷി ഈ പഞ്ചായത്തിൽ നടത്തുന്നത് മൊത്തം ഭൂവിസ്തതിയിൽ 60 ഹെക്ടർ മാത്രമാണ് നെൽ കൃഷിക്ക് ഉപയോഗിക്കുന്നത്. ഇത് ആകെ കൃഷിയിടത്തിന്റെ 7 ശതമാനത്തിൽ താഴെയാണെന്ന് കാണാം. എന്നാൽ രണ്ടാം വിള നെൽകൃഷി ചെയ്യുന്നത് വീണ്ടും കുറയുന്നതായി കാണാം. ഇത് ആകെ ഒന്നാം വിള നെൽകൃഷിചെയ്യുന്നതിന്റെ പകുതി മാത്രമേ വരുന്നുള്ളൂ. മൂന്നാം വിള കൃഷി ഈ ഗ്രാമത്തിൽ ചെയ്യുന്നില്ല എന്നാണ് കണക്കുകളിൽ നിന്ന് മനസ്സിലാകുന്നത്. മരച്ചീനി, വാഴ, കശുവണ്ടി എന്നീ വിളകൾക്കായി മൊത്തം കൃഷിഭൂമയുടെ 6% മാത്രമേ ഉപയോഗിക്കുന്നുള്ളൂവെന്ന് കാണാം.

താരതമ്യേന കൂടുതൽ മുടക്കുമുതൽ ആവശ്യമില്ലാത്ത തെങ്ങ് കൃഷിയിലാണ് കൂടുതൽ കർഷകരും ശ്രദ്ധിക്കുന്നതെന്നും കാണാവുന്നതാണ്.

കൃഷിഭവൻ രേഖകളനുസരിച്ച് ഈ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന ഓരോ ഉത്പന്നങ്ങളുടെയും പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 4

വിള	വിസ്തീർണ്ണം ഹെക്ടർ	മൊത്തം ഉത്പാദനം	ഉത്പാദനക്ഷമത ഹെക്ടറിൽ
നെല്ല്			
ഒന്നാം വിള	60	1,77,000കി.	3200 കി
രണ്ടാ വിള	30	88,000	2700
മൂന്നാം വിള	-	-	-
പയർ	25	8750	400
പച്ചക്കറികൾ	10	70,000	7000
തെങ്ങ്	892	92,76,800	60 (തെങ്ങ് ഒന്നിന്)
വാഴ	30	6,00,000	30,000 കി
മരച്ചീനി	25	50,000	30,000 കി
കുരുമുളക്	5	5,000	1000 കി
പ്ലാവ്	0.4	-	-
കശുമാവ്	4	5600	1400 കി
കവുങ്ങ്	21	6,93,00,000	3500
മഞ്ഞൾ	2	7 000,	4000 കി

ആശ്രയം: അടിസ്ഥാന വിവിരം രജിസ്റ്റർ കൃഷിഭവൻ.

ഇനി നമുക്ക് ഓരോ പ്രധാന വിളയുടെയും ഉത്പാദന ക്ഷമത സംബന്ധിച്ച് സംസ്ഥാനകണക്ക് പരിശോധിച്ചു നോക്കാം.

പട്ടിക 5

വിള	സംസ്ഥാന ശരാശരി 1995 അടിസ്ഥാനം ഹെക്ടറിൽ
നെല്ല്	21 93 കി.ഗ്രാം.
തെങ്ങ്	5890 എണ്ണം
വാഴ	7951 കി.ഗ്രാം
മരച്ചീനി	19866 കി.ഗ്രാം
കശുവണ്ടി	820 കി.ഗ്രാം
കുരുമുളക്	270 കി. ഗ്രാംോ
മഞ്ഞൾ	1987 കി. ഗ്രാം

മറ്റ് ഉല്പന്നങ്ങൾ സംബന്ധിച്ച സംസ്ഥാന ശരാശരി കണക്ക് ലഭ്യമല്ലാത്തതിനാൽ അവ ഇവിടെ വിശകലന വിധേയമാക്കുന്നില്ല

നെല്ലുല്പാദനത്തിൽ കരിയാട് പഞ്ചായത്ത് സംസ്ഥാന ശരാശരി നിലവാരത്തേക്കാൾ മുകളിലാണെന്ന് കാണുന്നു. എന്നാൽ മറ്റ് ഉല്പന്നങ്ങൾ സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. നെൽകൃഷിക്ക് കൂടുതൽ ശ്രദ്ധയും പരിചരണവും ഒപ്പം ഭൗതീക സാഹചര്യങ്ങളും ഒരുക്കുകയാണെങ്കിൽ ഉല്പാദനം വർദ്ധിപ്പിക്കാമെന്നാണ് അനുമാനിക്കേണ്ടിയിരിക്കുന്നത്. നിലവിലുള്ളതിനേക്കാൾ കൂടുതൽ സ്ഥലത്ത് രണ്ടാം വിള നെൽകൃഷിയും മൂന്നാം വിളയായി മറ്റുല്പന്നങ്ങളും കൃഷി ചെയ്യുന്നതിന് അനുകൂലമായ ഭൗതിക സാഹചര്യങ്ങൾ അനിവാര്യമാക്കേണ്ടതിന്റെ പ്രസക്തി വർദ്ധിക്കുകയാണ്.

1. ഭൗതിക സാഹചര്യങ്ങൾ

എ: ജലസേചന സൗകര്യങ്ങൾ

സംസ്ഥാനത്തെ മറ്റ് പഞ്ചായത്തുകളെപ്പോലെ മഴയെ ആശ്രയിച്ചാണ് ഈ ഗ്രാമത്തിലും ഓരോ വിളയും പരമ്പരാഗതമായി കൃഷിചെയ്തു പോരുന്നത്. മറ്റ് ഉല്പന്നങ്ങളെ അപേക്ഷിച്ച് കാലികമായി ജലസേചന സൗകര്യങ്ങൾ ലഭിച്ചില്ലെങ്കിൽ നെൽകൃഷി ചെയ്യുന്നതിന് കഴിയില്ല. മറ്റ് പ്രദേശങ്ങൾക്കെന്ന പോലെ ഇവിടെയും മഴവെള്ളം പലപ്രകാരം കുത്തിയൊലിച്ച് പുഴയിൽ ചെന്ന് ചേരുകയാണ്. ചെയ്യുന്നത്.

ഈ പഞ്ചായത്തിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന പ്രധാന തോടുകൾ മിക്കവാറും എല്ലാം തന്നെ ഒന്നുകിൽ ഭാഗികമായി നികത്തപ്പെടുകയോ അല്ലെങ്കിൽ ഉപയോഗ ശൂന്യമായോ മാറുകയാണുണ്ടായത്. പഞ്ചായത്തു പ്രദേശത്ത് സർക്കാർ രേഖകൾ പ്രകാരവും അല്ലാതെയുമുള്ള പ്രധാന തോടുകൾ താഴെ പറയുന്നവയാണ്.

1. അഞ്ജനകണ്ടിതോട് 2) പനക്കൂൽ താഴെ തോട്
3) എടവലത്ത് താഴെ തോട് 4) പുളിക്കൂൽ താഴെ തോട്
4) ഇട്ടാപ്രത്ത് താഴെതോട് 6) മാഞ്ചാൽ തോട്
7) നമ്പൂതിരി തോട് 8) വയക്കരതാഴെ തോട്
9) കഴുക്കോൽ തോട് 10) പുതുക്കുടി താഴെതോട്
11) വാഴയിൽ തോട് 12) ചൂളാട് വയൽ തോട്.
13) വാഴക്കോവുക്കൽ തോട് 14) തട്ടാറത്ത് താഴെ തോട്
15 പെരുമ്പതോട് 16തോക്കോട്ടുവയൽ തോട്
17) കണ്ടോത്ത് താഴെ തോട് 18) ചൊവ്വയിൽ തോട്
19) ഇല്ലത്ത് താഴെ തോട്

മുകളിൽ വിവരിച്ചവയിൽ അഞ്ജനകണ്ടി തോട് നമ്പൂരി തോട് എന്നിവ ഒന്നിലധികം വാർഡുകളിൽ കൂടി, കടന്നുപോകുന്നവയാണ്, ഇവയിൽ ഒന്നു പോലും ഫലപ്രദമായ തോതിൽ ജലസേചനത്തിനായി ഉപയോഗപ്പെടുത്തി വരുന്നില്ല.

b)പെരിങ്ങത്തൂർ പുഴയുടെ സാമീപ്യം :

പെരിങ്ങത്തൂർ മുതൽ മോന്താൽ വരെ മയ്യഴിപുഴ ഈ പഞ്ചായത്തിന് അതിരിട്ടു കൊണ്ടാണ് ഒഴുകി അറബികടലിൽ ചേരുന്നു. തൻമൂലം. കടൽ ഈ ഭാഗം മുഴുവൻ ഉപ്പുവെള്ളം കയറുന്ന പ്രദേശമാണ്. പുഴയോരങ്ങളിൽ നെൽകൃഷിക്കും തെങ്ങ് കൃഷിക്കും ഈ ഘടകം പ്രതികൂലമായി ബാധിക്കുന്നുണ്ട് അതുകൊണ്ട് തന്നെ ഉൽപാദനക്ഷമത ഈ ഭാഗങ്ങളിൽ കുറവുമാണ്

(c) കുളങ്ങൾ:

ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ചെറുതും ഇടത്തരവുമായ കുറെ കുളങ്ങൾ ഉണ്ട്. ജലസേചനത്തിനായി ഈ കുളങ്ങൾ ഒന്നും തന്നെ ഉപയോഗപ്പെടുത്തുന്നില്ല. കുളങ്ങളുടെ പേർ ചുവടെ കൊടുക്കുന്നു. (വാർഡ് തിരിച്ച്)

പട്ടിക 6

വാർഡ്	കുളങ്ങളുടെ പേർ
ഒന്നാം വർഡ്	1) കാവുകുളം
രണ്ടാം വാർഡ്	1) മഠത്തിൽ കുളം
മൂന്നാം വാർഡ്	2) കാപ്പ്
	3) പട്ടത്താരികുളം
	4) മാഞ്ചാൽ കുളം

നാലാം വാർഡ്	5) പാറക്കുണ്ട് കുളം
	6) മഠത്തിൽ കുളം
	7) ചന്ത്രോത്ത് കുളം
	8) ഐരോളികുളം
	9) മമ്പള്ളി കുളം
	10) പുത്തൻ വീട്ടൽ കുളം
	11) അജ്ഞനകണ്ടി കുളം
	12) പട്ടേരികുളം
ആറാം വാർഡ്	13) മേപ്പറമ്പത്ത് കുളം
എട്ടാം വാർഡ്	14) വയക്കര കുളം
	കുന്നുമ്മൽകുളം
	15 കുന്നുമ്മൽ കുളം
	16) തോട്ടോളികുളം
	17) നെല്ലാച്ചേരി കുളം
	18) വടക്കേ കുന്നുമ്മൽ കുളം
ഒമ്പതാം വാർഡ്	19) മഠത്തിൽ താഴെ കുളം.
	20) പള്ളിക്കുനി ക്ഷേത്രക്കുളം
	21) ഐരാണികുളം
	21) കരിയാട് തെരു ക്ഷേത്ര ക്കുളം

കാവുകുളം, മഠത്തിൽ കുളം, പാറക്കുണ്ട് കുളം, ചാഞ്ചാൽ കുളം, കുനിക്കണ്ടി കുളം എന്നിവ കൃഷിക്ക് ഉപയുക്തമാക്കാൻ പറ്റുന്നവയാണ്.

ഇവയിൽ രണ്ടു സെന്റുമുതൽ അര ഏക്കറിലും അധികം വിസ്തീർണ്ണമുള്ള കുളങ്ങൾ ഉൾപ്പെടുന്നു.

d) കുഴൽ കിണറുകൾ

ജലസേചനത്തിനായി നിർമ്മിച്ച കുഴൽ കിണറുകൾ ഒന്നും ഈ പഞ്ചായത്തിൽ ഇല്ല.

c) മറ്റു ജലസേചന സൗകര്യങ്ങൾ :

പഴശ്ശി ജലസേചന പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കനാലുകൾ മിക്കവാറും എല്ലാ വാർഡുകളെയും തൊട്ടുകൊണ്ട് കടന്നു പോകുന്നുണ്ട്. ഈ കനാലുകളിൽ കൂടെ ജലസേചനത്തിനാവശ്യമായ വെള്ളം ഇതുവരെ ലഭിക്കുകയുണ്ടായിട്ടില്ല. ഈ പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്തായി ഗതാഗതത്തിനുപയോഗിച്ചുകൊണ്ടിരിക്കുന്ന മോന്താൽ പാലത്തിന്റെ അനുബന്ധമായി നിർമിക്കുന്നതിന് വിഭാവനം ചെയ്തിരുന്ന അണക്കെട്ടിന്റെ നിർമ്മാണ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. ഈ പഞ്ചായത്തിലും സമീപസ്ഥ ജില്ലയിലെ അഴിയൂർ പഞ്ചായത്തിലും ഉള്ള നെൽപ്പാടങ്ങളിൽ കൃഷിക്കാവശ്യമായ ശുദ്ധജലം ലഭിക്കുക എന്നതായിരുന്നു 1967 ൽ പാലത്തിന്റെയും അണക്കെട്ടിന്റെയും ശിലാസ്ഥാപനം നടക്കുന്ന ഘട്ടത്തിൽ ഗവർമ്മെണ്ട് പ്രഖ്യാപിച്ചിരുന്നത്. അണക്കെട്ട് പദ്ധതി നിലവിലുണ്ടോ എന്ന കാര്യത്തിൽ ഇപ്പോൾ നിശ്ചയമില്ല.

f) പമ്പു സെറ്റുകൾ

കൃഷി ഭവൻ രേഖകളനുസരിച്ച് ഈ പഞ്ചായത്തിനകത്ത് നിലവിലുള്ള ജലസേചന ഉപകരണങ്ങൾ സംബന്ധിച്ച വിവരം ചുവടെ കാണിക്കുന്നു.

പട്ടിക -7

വൈദ്യുതി ഉപയോഗിച്ചുള്ള മോട്ടോർ	260
ഡീസൽ ഉപയോഗിച്ചുള്ള മോട്ടോർ	8
പമ്പുസെറ്റ്	1

ഈ പഞ്ചായത്തിനകത്ത് ആകെയുള്ള കിണറുകൾ 1350 ഉം ടാങ്കുകൾ 5ഉം ആണ്. ആകെ പുരിയിടങ്ങളുടെ എണ്ണം 3777 ആണെന്ന് കൃഷിഭവൻ രേഖകൾ കാണിക്കുന്നു.

(g) വളം ഉപയോഗം

ഈ പഞ്ചായത്തിലെ കൃഷിക്ക് രാസവളമാണ് കൂടുതൽ ഉപയോഗിക്കുന്നതെന്ന് വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ദ്രുത വിവരശേഖരണം നടത്തിയപ്പോഴും വെളിവായിട്ടുണ്ട്. ജൈവവള പ്രയോഗം നടത്തുന്ന ഒറ്റപ്പെട്ട കർഷകർ ഇല്ലാതെയല്ല. കന്നുകാലികളെ വാണിജ്യാടിസ്ഥാനത്തിൽ വളർത്തുന്നവരാണ്. ജൈവവള പ്രയോഗം ഭാഗികമായെങ്കിലും നടത്തുന്നതെന്നാണ്. ഗ്രാമ സഭകളിൽ നിന്നും ശേഖരിച്ച വിവരങ്ങളിൽ നിന്ന് പുറത്തു വരുന്നത് ഈ പറഞ്ഞ കാര്യങ്ങൾ നെൽകൃഷിയെ സംബന്ധിച്ചാണെങ്കിൽ, തെങ്ങ് കൃഷിക്ക് കർഷകർ കൂടുതലും ജൈവവളങ്ങളെ ആശ്രയിക്കുന്നതായാണ് കാണുന്നത്. ഈ പഞ്ചായത്തതിർത്തിയിൽ സഹകരണ മേഖലയിൽ രാസവള വില്പനകേന്ദ്രം ഇല്ല; കർഷകർ വളം സമീപ നഗരങ്ങളിൽ നിന്നും കൊണ്ടുവരികയാണ് ചെയ്യുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളിലെ രാസവള ഉപഭോഗത്തിന്റെ കണക്ക് താഴെ പട്ടികയിൽ കാണിക്കുന്നു.

1993- '94	1994-'95
19, 742 കിഗ്രാം	10, 864 കിഗ്രാം.

1993-'94 വർഷത്തെ അപേക്ഷിച്ച് 8878 കി.ഗ്രാം

കുറവ് രാസവളമേ കർഷകർ 1994 -95 വർഷം ഉപ യോഗിച്ചുള്ളൂ എന്നാണ് മുകളിൽ ചേർത്ത കണക്കു കളിൽ നിന്നും മനസ്സിലാകുന്നത്. എന്നാൽ ഇത് യഥാർത്ഥ സ്ഥിതിയെ പ്രതിഫിലിപ്പിക്കുന്നുവോ എന്ന കാര്യത്തിൽ സംശയമുണ്ട്. കാരണം ഈ പഞ്ചായത്തിലെ വിവധ പ്രദേശങ്ങളിലെ ജനങ്ങൾ വിവിധ മാർക്കറ്റുകളെയാണ്. ആശ്രയിക്കുന്നത്. (ചില പ്രദേശങ്ങളിൽ കോഴിക്കോട് ജില്ലയിലെ ഓർക്കാ ട്ടേരി, വെള്ളി കുളങ്ങര, വടകര എന്നീ സ്ഥലങ്ങളിലെ കർഷകർ മാർക്കറ്റുകളെ ആശ്രയിക്കുമ്പോൾ മറ്റു ചില പ്രദേശത്തുകാർ കണ്ണൂർ ജില്ലയിലെ തന്നെ പെരിങ്ങത്തൂർ, ചൊക്ലി എന്നീ മാർക്കറ്റുകളെയാണ് ആശ്രയിക്കുന്നത്)

കീട നാശിനി ഉപയോഗം:

ആന്യത്ര ചൂണ്ടിക്കാണിച്ചതുപോലെ ഈ ഗ്രാമ ത്തിനകത്ത് വിൽപ്പനശാല ഇല്ലാത്തതുകാരണം കൃത്യമായ കണക്കുകൾക്ക് ആശ്രയിക്കാവുന്നത് കൃഷി ഭവൻ രേഖകൾ മാത്രമാണ് 1993-'94 വർഷം ഖരരൂപത്തിലോ ദ്രവരൂപത്തിലോ ഉള്ള കീടനാശിനി വിൽപ്പന ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. എന്നാൽ 1994-'95 ൽ1350 മി. ഗ്രാം ദ്രവകീടനാശിനിയും 1 കി. ഗ്രാം ഖര കീടനാശിനിയും ഈ പഞ്ചായത്തിൽ വിൽപ്പന നടത്തിയതായും 1995 -'96 വർഷം ഇത് യഥാക്രമം 1350 മി.ഗ്രാം 1 കി.ഗ്രാം ഉംആണെന്നു കാണുന്നു. വിൽപനയുടെ കണക്ക് ഉപയോഗത്തിന്റെ കണക്കാവുന്നില്ല എന്നാണ് അനുമതിക്കേണ്ടിയിരി ക്കുന്നത്.

(I) രോഗങ്ങൾ:

നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ ഈ ഗ്രാമ ത്തിലെ പ്രധാന വിളകൾ തേങ്ങ, നെല്ല്, വാഴ, മര ച്ചീനി, കവുങ്ങ് എന്നിവ ഏറിയും കുറഞ്ഞും ഈ ഗ്രാമത്തിൽ കൃഷിചെയ്യുന്നുണ്ട്. മറ്റ് പ്രദേശങ്ങൾ എന്നപോലെ ഇവിടെയും തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളിൽ പ്രധാനം ചെന്നീരൊലിപ്പാണ്. ചെന്നീ രൊലിപ്പ് കൂടുതലായും അനുഭവപ്പെട്ടു വരുന്നത് പട ന്നക്കര, മുക്കാളിക്കര ഭാഗങ്ങളിലാണ്, എന്നാൽ ഏറിയും കുറഞ്ഞും മറ്റു പ്രദേശങ്ങളിലും ഈ രോഗം കണ്ടുവരുന്നുണ്ടെന്ന് കർഷകരുടെ അനുഭവങ്ങളിൽ നിന്നു മനസ്സിലാക്കുന്നു കൂമ്പുചീയൽ, വേരുചീയൽ, ചെള്ള് ബാധ എന്നിവയും ഈ പ്രദേശങ്ങളിലെ തെങ്ങുകളെ ബാധിക്കുന്നുണ്ട്. നെൽകൃഷിക്കാണെ ങ്കിൽ കീടശല്യം പ്രകടമായി തന്നെ കണ്ടുവരുന്നു. വിവിധ തരത്തിലുള്ള രോഗങ്ങൾ പൊതുവെ ഉല്പാ ദനം കുറയുന്നതിന് കാരണമാകുന്നുണ്ട്. എന്നാൽ രോഗ പ്രതിരോധത്തിന് വേണ്ടിവരുന്ന ചിലവ് കർഷ കർക്ക് താങ്ങാവുന്നതിലും അധികമാണെന്നതിനാൽ അതും ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. അതിനു പുറമെ തക്ക സമയത്ത് ആവശ്യമായ വിദ ഗ്ദോപദേശം ലഭിക്കാത്തതും ഉൽപാദന ക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. തെങ്ങ് കൃഷിയെ ബാധിച്ച രോഗങ്ങൾ സംബന്ധിച്ച കണക്കുകൾ വാർഡ് തിരിച്ച് താഴെ പട്ടിക 9 ൽ കൊടുക്കുന്നു.

J. ഉപകരണങ്ങൾ

കേരളത്തിന്റെ മറ്റു പ്രദേശങ്ങൾക്ക് പൊതുവായു ള്ളതുപോലെ ആധുനിക കാർഷികോപകരണങ്ങൾ ഉപയോഗിക്കാൻ കഴിയാത്തത് ഈ ഗ്രാമത്തിലും ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. നെൽ കൃഷിയുടെ കാര്യത്തിലാണ് ഇത് ഏറെ പ്രക ടമാകുന്നത്. ഇവിടുത്തെ നെൽകൃഷിക്കാരിൽ വൻകി ടക്കാർ കുറവാണ് ആധുനിക കാർഷികോപകരണ മായ ട്രാക്ടർ ഈ ഗ്രാമത്തിൽ ഇല്ല. എന്നാൽ ഒരു ടില്ലർ ഈ ഗ്രാമത്തിൽ ഉണ്ട്. ഇത് ആവശ്യത്തിന് പര്യാപ്തമല്ല. ഈ ടില്ലർ പൊതു ഉടമസ്ഥതയിലുള്ള താണ്. ഇത് ഇപ്പോൾ 'ചൂളാട്' പാടശേഖരത്തിൽ ഉപോയഗിച്ചു വരുന്നു. നേരത്തെ പരാമർശിച്ചതു പോലെ ഒരു പമ്പു സെറ്റും ഈ ഗ്രാമത്തിലുണ്ട് . കൊയ്ത്തുയന്ത്രമോ മെതിയെന്ത്രമോ ഈ ഗ്രാമ ത്തിൽ ആവശ്യമായി വരത്തക്ക രീതിയിൽ കാർഷി കതൊഴിലാളികളുടെ ക്ഷാമം അനുഭവപ്പെടുന്നില്ല എന്നാണ് കർഷകരിൽ നിന്നും മനസ്സിലാവുന്നത്.

K. വിത്ത് നടീൽ, വസ്തുക്കൾ

നല്ലയിനം വിത്തുകളും നടീൽ വസ്തുക്കളും ഉൽപാദന ക്ഷമതയെ സാരമായി ബാധിക്കുന്ന ഘട കങ്ങളാണ്. സാധാരണയായി അത്യുൽപാദന ശേഷി യുള്ള വിത്തുകൾ കാലികാമായി ലഭിക്കാറില്ല എന്ന താണഅ കർഷകരുടെ അനുഭവം യഥാസമയം ലഭി ക്കാത്തതിനാൽ ഗുണം കുറഞ്ഞ വിത്തുകളെ കർഷ കർക്ക് ആശ്രയിക്കേണ്ടി വരുന്നു. അതിനു പുറമെ കൃഷി ഭവൻ വഴി വിതരണം ചെയ്യുന്ന വിത്തുകൾ ആവശ്യമായത്ര ഗുണനിലവാരം ഇല്ലാത്തതാണെന്ന അനുഭവവും കർഷകർക്കുണ്ട്. നടീൽ വസ്തുക്കൾ സംബന്ധിച്ച കണക്ക് പട്ടിക 10 ൽ കൊടുക്കുന്നു.

പട്ടിക. 10

ഇനം	എണ്ണം		
	1993 - 94	1994-95	1995 - 96
തെങ്ങ് TxD	45	35	80
WCT	200	172	800
കശുമാവ്	480	-	-
കുരുമുളക്			
പന്നിയൂർ I	1000	1000	500
പന്നിയൂർ II	2000	1500	3500
കരിമുണ്ട	-	-	1500
കവുങ്ങ്	-	240	-
ഓട്ടുമാവിൻ			
തൈകൾ	125	96	05
നാരകതൈകൾ	15	-	-
കുടം പുളി	05	-	10
മാവിൻ തൈകൾ	113	-	-
ജാതിക്ക	25	96	125
ഗ്രാമ്പു	-	96	-
ആഞ്ഞിലി .	-		10

II സാമ്പത്തിക ഘടകങ്ങൾ

a. വിപണി :- ഈ ഗ്രാമത്തിലെ കർഷകരിൽ കൂടുതലും ചെറുകിട ക്കാരായതുകൊണ്ട് ഉൽപന്നങ്ങൾക്ക് കൂടുതൽ വിലകിട്ടുന്ന കാലം വരെ കാത്തു നില്കുന്നതിന് അവർക്കു കഴിയുന്നില്ല.

നെല്ല് വില്പന നടത്തുന്ന കർഷകർ ഈ ഗ്രാമത്തിൽ ഇല്ല എന്നു തന്നെ പറയാം. എന്നാൽ പ്രധാന നാണ്യവിളയായ തേങ്ങയും അപ്രധാനവിളയായ കശുവണ്ടി, അടക്ക എന്നിവയുമാണ് ഗ്രാമത്തിനു പുറത്തുള്ള വിപണികളിൽ എത്തിക്കുന്നത്. കുരുമുളക് മരച്ചീനി, നേന്ത്രക്കുല മുതലായവ ആഭ്യന്തര വിപണികളിൽ വില്പനക്കെത്തിക്കുന്നു. വിളവെടുപ്പു കാലങ്ങളിൽ മാത്രം സജീവമാവുന്ന കശുവണ്ടി വിപണിയും കൊപ്ര, അടക്ക വിപണിയും സമീപ പ്രദേശങ്ങളിലാണുള്ളത്. കോഴിക്കോട് ജില്ലയിലെ ഓർക്കാട്ടേരി, വഴികര, മാഹി പ്രദേശത്തെ ഗ്രാമത്തി എന്നിവയാണ് സമീപസ്ഥ വിപണികൾ. ചെറുകിട കർഷകർ സംഘം ചേർന്നും ഇടത്തരം, കർഷകർ പ്രത്യേകമായും വാഹനങ്ങൾ വാടകയ്ക്കെടുത്ത് കൊപ്ര അടക്ക എന്നിവ വിപണികളിലെത്തിക്കുന്നു.

കൊപ്രക്ക് പൊതുവായി അനുഭവപ്പെടുന്ന വിലക്കുറവ് ഇവിടുത്തെ കർഷകരെയും ബാധിക്കാറുണ്ട്. കാർഷികോൽപന്നങ്ങൾ സംസ്കരിച്ച് കയറ്റുമതി ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങളും സജ്ജീകരണങ്ങളും ഒരുക്കുക എന്നതാണ് അത്യാവശ്യമായ കാര്യം

b വായ്പകൾ:

ചൊക്ലി സർവ്വീസ് സഹകരണ ബേങ്ക് ഗ്രാമീണ ബേങ്ക് പെരിങ്ങത്തൂർ, സ്റ്റേറ്റ് ബേങ്ക് ഓഫ് ട്രാവൻകൂർ, പെരിങ്ങത്തൂർ, സിൻഡിക്കേറ്റ് ബാങ്ക് ചൊക്ലി എന്നിവയാണ് ഗ്രാമ സേവന മേഖലയിലെ ധനകാര്യ സ്ഥാപനങ്ങൾ. ഇവ കാർഷിക രംഗത്ത് സാമ്പത്തിക സഹായങ്ങൾ നല്കുന്നു; പഞ്ചായത്തിലെ ഒമ്പതു വാർഡുകളും നോർത്തു മലബാർ ഗ്രാമീൺ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവയുടെ സേവന മേഖലകളാണ്. ചൊക്ലി സർവീസ് സഹകരണ ബേങ്കിന്റെ സേവന മേഖല പഞ്ചായത്ത് മുഴുവൻ ഉൾക്കൊള്ളുന്നു. വായ്പകൾ അനുവദിക്കുന്നതിൽ ബാങ്കുകൾ പുലർത്തുന്ന കർശനമായ മാനദണ്ഡങ്ങൾ വായ്പാ സൗകര്യം എല്ലാ കാർഷിക പ്രവൃത്തികൾക്കും എത്തിക്കുന്നതിൽ തടസ്സം നില്കുന്നു.

c. സംസ്കരണം:

കരിയാട് നമ്പ്യാർസ് യു.പി. സ്കൂളിനടുത്തും പള്ളിക്കുനി ക്ഷേത്രത്തിനടുത്തുമായി രണ്ട് കൊപ്ര സംസ്കരണ കേന്ദ്രങ്ങൾ ഉണ്ട്. എന്നാൽ ഇവ സംഭരണ കേന്ദ്രങ്ങളല്ല. 92, 76, 800 തേങ്ങ ശരാശരി ഒരു വർഷത്തിൽ ഈ ഗ്രാമത്തിൽ ഉൽപാദിപ്പിക്കപ്പെടുന്നു. (പട്ടിക .4) ഇവ പൂർണ്ണമായും സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ നിലവിലില്ല.

III സംഘാടക ഘടകങ്ങൾ

a. കാർഷിക ബന്ധം : കർഷകരുടെ കൈവശമുള്ള കൃഷിഭൂമിയുടെ വിസ്തീർണ്ണം വർഷം തോറും കുറഞ്ഞു വരുകയാണ്. രണ്ടു ഹെക്ടറിനു മുകളിൽ കൈവശമുള്ള കർഷകർ 66 പേർ മാത്രമാണ്. (പട്ടിക2) കൃഷിയിടങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നതു കൊണ്ട് വിസ്തീർണ്ണം കുറഞ്ഞു കാണുന്നു. നെൽ പാടങ്ങൾ പാർപ്പിടങ്ങൾക്കു വേണ്ടി നികത്തപ്പെടുന്നത് വ്യാപകവുമാണ്. മണ്ണിൽ പണിയെടുക്കുന്ന കർഷകരുടെ എണ്ണം താരതമ്യേന കുറവാണെന്നാണ് കർഷകരിൽ നിന്നും ലഭിച്ച അറിവ്. കാർഷിക തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾ മറ്റു തൊഴിൽ മേഖലകളിൽലേക്ക് മാറുന്ന പ്രവണത ഇവിടെ ഉണ്ട്.

b. കൂലി സേവനം :

കർഷകരും കർഷക തൊഴിലാളികലും ഈ പഞ്ചായത്തിൽ സംഘടിതരാണ് എങ്കിലും തൊഴിൽ മേഖലയിൽ സഹകരണം നിലനിൽകുന്നു. വിവിധ കർഷിക പ്രവൃത്തികൾക്ക് പഞ്ചായത്തതിർത്തിയിൽ നിലവിലുള്ള കൂലി സംബന്ധിച്ച വിവരങ്ങൾ പട്ടിക യിൽ കൊടുക്കുന്നു.

പട്ടിക 2

കൂലി				
പണിയുടെ വിവരണം	ഉച്ചപ്പണി		മോന്തിപ്പണി	
	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ
ഉഴുതിടൽ 100 ചാൽ		80 രൂപ		
കിളക്കൽ 4 മണിക്കൂർ	40 രൂപ	60 രൂപ		
ഞാറുനടൽ 8 മണിക്കൂർ	60 രൂപ			
കളപറി 4 മണിക്കൂർ	40 രൂപ			
കൊയ്ത്ത് 4 മണിക്കൂർ	7ഇടങ്ങഴി നെല്ല്			
മെതിക്കൽ 4 മണിക്കൂർ	7 ഇടങ്ങഴി നെല്ല്			
തേങ്ങയിടൽ 40 തെങ്ങിന്	4 തേങ്ങയും 35 രൂപയും			

വളം ഉപഭോഗം

ഈ പഞ്ചായത്തിലെ വളം ഉപഭോഗത്തിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല സർക്കാർ ഉടമസ്ഥത യിലോ സ്വാകാര്യ ഉടമസ്ഥതയിലോ, സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലോ വളഡിപ്പോ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ചാണകം മുത ലായ ജൈവ വളത്തോടൊപ്പം രാസവളവും കർഷ കർ ഉപയോഗിക്കുന്നുണ്ട് രാസവള പ്രയോഗം ആണ് കൂടുതൽ ജൈവാണു വളത്തിന്റെ ഉപയോഗവും തീരെയില്ല.

നടപ്പുപദ്ധതികളുടെ അവലോകനം:

കൃഷിഭവൻവഴി നടപ്പാക്കുന്ന പദ്ധതികൾ ആണ് ഈ പഞ്ചായത്തിലെ പ്രധാന നടപ്പുപദ്ധതികൾ കാർഷികോല്പാദനം വർദ്ധിപ്പിക്കുന്ന ലക്ഷ്യ ത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതി കൾക്കൊപ്പം തന്നെ കർഷിക രംത്തത്ത് തൊഴൽ സധ്യത വർധിപ്പിക്കുന്നതിനുതകുനന്ന പദ്ധതികളും ഇക്കൂട്ടത്തിൽപ്പെടുന്നു. അതുപോലെതന്നെ പട്ടികജാ തിയിൽപ്പെട്ടവരുടെ ഉന്നമനത്തിനായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രത്യേക ഘടക പദ്ധതി (Special Componet Plan) യും പഞ്ചായത്ത് കൃഷിഭവൻ വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്നുത്. ഈ വർഷം നട പ്പിലാക്കുന്നതി ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ താഴെ

പട്ടിക 12

ക്രമനമ്പർ	പദ്ധതികളുടെ പേർ	അനുവദിച്ച തുക	വിവരണം.
1.	പ്രത്യേക ഘടക പദ്ധതിപ്രകാരം തെങ്ങ് കൃഷിക്ക് രാസവളം സൗജന്യമായി നൽകുന്ന പദ്ധതി	8600	പട്ടിക ജാതിക്കാരുടെ കൈവശമുള്ള ഉദ്ദേശം 100 തെങ്ങു കൾക്ക് ഇതിന്റെ ഗുണഫലം ലഭിക്കുന്നു.
2.	സാമൂഹ്യസുരക്ഷാപദ്ധതി പ്രകാരമുള്ള വിവിധ പദ്ധതികൾ		ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകാനുദ്ദേശിച്ച് സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയുടെ ഭാഗമായി ഇളനീർ പാർലർ
	(a) ഇളനീർ പാർലർ ആരംഭിക്കുന്നതിന്	സബ്സിഡി 5000 രൂപ	ആരംഭിക്കാൻ ഒരാൾക്ക് ധനസഹായം നൽകുന്നു.
	(b) പച്ചക്കറി വിൽപ്പന കേന്ദ്രം ആരംഭിക്കുന്നതി ധനസഹായം	സബ്സിഡി 5000 രൂപ	ഒരാൾക്ക് നൽകുന്നു.
	(c) സസ്യസംരക്ഷണ ഉപകരണംവാങ്ങുന്നതിന് ധനസഹായം	സബ്സിഡി 3500 രൂപ	സസ്യസംരക്ഷണ ഉപകരണങ്ങൾ വാടകക്ക് നൽകുന്നതി നുള്ള ക്ലീനിക്ക് ആരംഭിക്കുന്നതിന് ഒരാൾക്ക് നൽകുന്നു
	(d) പശ്രു ആല നിർമ്മിക്കുനനതിന്	സബ്സിഡി 1250	ഒരാൾക്ക് നൽകുന്നു.
	(e) സൈക്കിളും പാൽകാനും നൽകുന്ന പദ്ധതി	സബ്സിഡി 2500 രൂപ	ഒരാൾക്ക് നൽകുന്നു.
	(f) പാൽ ശുചിയായി സൂക്ഷിക്കുന്നപാത്രം നൽകുന്നപദ്ധതി	സബ്സിഡി 700 രൂപ	രണ്ട് പേർക്ക് നൽകുന്നു.
	(g) ധാതു മിശ്രിതം നൽകുന്ന പദ്ധതി	132 രൂപ	പശുക്കൾക്ക് നൽകുന്നതിന് 2 പേർക്ക്.
3.	സമഗ്രനാളീകേര വികസനപദ്ധതി (Comprehensive coconut development Project)	സബ്സിഡി 2500 രൂപ	ജലസേചനത്തിനു വേണ്ടി കിണർ കുഴിക്കാൻ 2500 രൂപ നൽകുന്നു. പമ്പ് സെറ്റിനും സബ്സിഡിയായി 2500 രൂപ നൽകുന്നു. 15 കിണർ കുഴിക്കുന്നതിനും 40 പമ്പ് സെറ്റ് വാങ്ങുന്നതിനു മാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
4.	ജൈവ വാതക പ്ലാന്റ് നിർമ്മാണത്തിന്	2360 രൂപ	പ്ലാന്റ് നിർമ്മാണ്ത്തിന് സബ്സിഡി നൽകുന്നുതോടൊപ്പം സാങ്കേതിക സഹായങ്ങളും നൽകി വരുന്നു.

വിവരിക്കുന്നു.

മേൽ വിവരിച്ച പദ്ധതികൾക്ക് പുറമെ നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഉല്പാദന ബോണസ് നൽകുന്ന പദ്ധതി കൃഷി ഭവൻ നടപ്പിലാക്കുന്നുണ്ട്. കുരുമുളക് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 200 കുരുമുളക് തൈകൾ സൗജന്യമായി ഈ സാമ്പത്തിക വർഷം കൃഷി ഭവൻ വഴി വിതരണം നടത്തിയിട്ടുണ്ട്. അവയ്ക്കുപുറമെ പഴവർഗ്ഗതൈകളും സൗജന്യമായി നൽകുന്ന പദ്ധതിയും കൃഷിഭവൻ വഴി നടപ്പിലാക്കുന്നുണ്ട്.

സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം കിണർ കുഴിക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയായും നടപ്പിലാക്കുന്നുണ്ട്. കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി പ്രകാരം കിണർ നിർമ്മാണത്തിന്റെ 85% വരെ സബ്സിഡി നൽകുന്നു. സംഘ ഇറിഗേഷൻ പദ്ധതിക്ക് 10, 000 രൂപവരെ നൽകുന്നു.

ഇവയ്ക്കു പുറമെ മണ്ണു സംരക്ഷണം, ജലസേചനം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളെ കുറിച്ചു കൂടി മൊത്തത്തിൽ ഒരു അവലോകനം നടത്തി നോക്കാം,

മണ്ണ് സംരക്ഷണ പ്രവർത്തനം.

കാർഷിക രംഗത്തെ ഉല്പാദന വർദ്ധനയുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ മണ്ണ് സംരക്ഷണ പ്രവർത്തനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. എന്നാൽ ഇക്കാര്യത്തിൽ യാതൊരു സംഘടിത പ്രവർത്തനവും ഔദ്യോഗികമായോ അനൗദ്യോഗികമായോ ഈ പഞ്ചായത്തിൽ നടന്നിട്ടില്ല. ചെറിയ ചെറിയ കുന്നുകളും അതോടനുബന്ധിച്ച താഴ്വാര പ്രദേശങ്ങളും സമതല പ്രദേശങ്ങളും നിറഞ്ഞ ഈ പഞ്ചായത്തിന്റെ ഘടനയ്ക്കനുയോജ്യമായ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കേണ്ടതുണ്ട്. പലവിധ ആവശ്യങ്ങൾക്കായി കുന്നുകൾ നശിപ്പിക്കപ്പെടുന്നതു കാരണം ഈ പഞ്ചായത്തിന്റെ പരിസ്ഥിതി പ്രശ്നങ്ങളും രൂക്ഷമായി വരുന്ന ഒരു സാഹചര്യമുണ്ട്.

ജലസേചന പദ്ധതികൾ:

ഈ പഞ്ചായത്തിൽ ഇതിനകം നിലവിൽ വന്നതും പൂർത്തിയായതുമായ ജലസേചന പദ്ധതികൾ താഴെ വിവരിക്കുന്നവയാണ്.

പട്ടിക-13

ക്രമ നമ്പർ	പദ്ധതിപേര്	പദ്ധതി പൂർത്തിയായ വർഷം	അടങ്കൽ തുക	വിസ്തീർണ്ണം
1.	കൊല്ലറത്ത് താഴതോടിന് ചീർപ്പ്	1963	10,000	8.944 H
2.	അടിയാറിതോടിന് ചീപ്പ്	1967-'68	21469	17.14 H
3.	കോവുക്കൽ തോടിന് സ്ലിപ്പ് വേയും ചീപ്പും	1970-71	27,000 .	204
4.	മോന്താൽ കടവിനടുത്ത് സിപ് വേയും ചീപ്പും പണിയിൽ	1973 -	'20,000	42.124
5.	പുളിയമ്പ്രം തോടിന് സ്ലൂയിസ്കൾ വർട്ട് നിർമ്മാണം.	3/85	20,000	4H

ഇതിനകം പൂർത്തിയായി കഴിഞ്ഞതായി സർക്കാർ രേഖകളിലുള്ള മുകളിൽ പേർ പറഞ്ഞ ചീപ്പുകൾ ഒന്നും തന്നെ പ്രവർത്തന യോഗ്യമല്ല. അവയെല്ലാം തന്നെ കാലപ്പഴക്കത്താൽ നശിച്ചുപോയിരിക്കുകയാണ്. അതു കാരണം അവയുടെ സ്ഥാപിതോദ്ദ്യേശം പൂർത്തീകരിക്കപ്പെടാതിരിക്കുകയാണ്. സമീപസ്ഥമായ കൃഷിയിടങ്ങൾ കൃഷിയോഗ്യമല്ലാതാവുന്നതിന് ഈ ചീപ്പുകൾ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. എന്നു വിലയിരുത്തപ്പെടുന്നു.

ചെറുകിട ജലസേചന വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മറ്റു പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു. (പട്ടിക അടുത്ത പേജ് കാണുക)

കർഷക സംരംഭങ്ങൾ:

ഈ പഞ്ചായത്തിൽ പാടശേഖര സമിതികൾ കേര കർഷകസമിതികൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തന ഫലപ്രദമല്ല എന്നു വിലയിരുത്തപ്പെടേണ്ടതുണ്ട്.

പ്രശ്നങ്ങൾ

ഉല്പാദന ചിലവുകാരണം കർഷകർ കൃഷിയിൽ നിന്നും പുറകോട്ടു പോകുന്നു. കൃഷിയോഗ്യമായ ഭൂമി തരിശിടുന്നു. വാഴക്കോവക്കൽ ഭാഗം, ഇട്ടാപ്രത്ത് താഴെ, മോന്താൽ എന്നീ പ്രദേശങ്ങളിൽ നീർക്കെട്ട് കാരണം കൃഷിയിറക്കാൻ കഴിയാത്തെ അവസ്ഥയുണ്ട്.

അഞ്ജനം കണ്ടിതോട്, അഞ്ചാം വാർഡ്, ഏഴാം വാർഡ്, എട്ടാം വാർഡ് എന്നിവിടങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിചെയ്യാൻ കഴിയാത്ത അവസ്ഥ വരുന്നു; തെങ്ങിനു കുമ്പു ചീയൽ, ചെന്നീരൊലിപ്പ്, വേരു ചീയൽ, ചെള്ള് ബാധ എന്നീ രോഗങ്ങൾ തെങ്ങിനും കീടബാധ നെല്ലിനും കണ്ടു വരുന്നു. ഇത് പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലുമുണ്ട്. പഞ്ചായത്തിലെ കൃഷിയിടങ്ങളിൽ ജലസേചന സൗകര്യങ്ങളില്ല.

പട്ടിക - 14

ക്രമനമ്പർ	പ്രവർത്തിയുടെ പേർ	അടങ്കൽ തുക	ലക്ഷ്യം
1.	കിടഞ്ഞി പുതുക്കുടി താഴെതോടിന്റെ പാർശ്വ സംരക്ഷണം.	2 ലക്ഷം.	തോടിന്റെ കരയിടിച്ചിൽ തടയുക
2.	കാഞ്ഞിരക്കടവിനടുത്തുള്ള നമ്പുതിരിതോടിന്റെ പാർശ്വ ഭിത്തി സംരക്ഷണം	2 ലക്ഷം	തോടിന്റെ കരയിടിച്ചിൽ തടയുക.
3.	കോവുക്കൽ കടവിലുള്ള ചീപ്പ് നന്നാക്കൽ	2 ലക്ഷം	ഉപ്പുവെള്ളം കയറുന്നത് തടയുക.
4.	അടിയാറതോടിനുള്ള ചീപ്പ് നന്നാക്കൽ	2 ലക്ഷം	ഉപ്പു വെള്ളം കയറുന്നത് തടയുക.
5.	ജലധാര പദ്ധതിയിൽ പെടുത്തി തുരുത്തിപ്പുഴയുടെ പാർശ്വ സംരക്ഷണം	1.65 ലക്ഷം	പുഴയുടെ കരസംരക്ഷണം
6.	ജലധാര പദ്ധതിയിൽപെടുത്തി നടാൽ താഴെ തോടിന്റെ പാർശ്വ സംരക്ഷണം.	3. 25 ലക്ഷം	തോടിന്റെ കരസംരക്ഷണം.

നെൽകൃഷി ചെയ്യാൻ കഴിയുന്ന സ്ഥലങ്ങൾ തരിശിടുന്നു. കർഷക തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് മാറിപോകുന്നു. നെൽ വയലുകൾ നികത്തപ്പെടുന്നു. കൃഷിഭവന്റെ സേവനം വേണ്ട രീതിയിൽ ലഭിക്കുന്നില്ല. പുളിയനമ്പ്രം ഭാഗത്ത് വരൾച്ച, അതിവർഷം എന്നിവ കാരണം കൃഷി നശിക്കുന്നു. ഗുണം കുറഞ്ഞ വിത്തുകൾ കാരണം ഉല്പാദന ക്ഷമത കുറയുന്നു. ക്രോസ് ബാറിന്റെ പാത്തികൾ നശിച്ചുപോയതുകാരണം അവയുടെ പ്രവർത്തനം ഫലപ്രദമല്ല. ചന്ത്രോത്ത് ചീപ്പ് മോന്താൽ ചീപ്പ് മുതലായവയാണിവ. മണ്ണു പരിശോധന നടത്താറില്ല. രാസവള പ്രയോഗം കാരണം ഉല്പാദന ക്ഷമത നില നിർത്താൻ കഴിയുന്നില്ല. അശാസ്ത്രീയമായ കൃഷി രീതികളാണ് നടന്നു വരുന്നത്. പെരുമ്പ ഭാഗത്ത് നെൽപാടങ്ങൾ തരിശ്ശിടുന്നു. ജൈവവളം ലഭിക്കുന്നില്ല. നെൽ കൃഷിക്കു പുഴു ശല്യം, ചാഴി എന്നീ രോഗങ്ങൾ

സാധ്യതകൾ:

നൂതന കൃഷിസംരംഭങ്ങൾക്ക് സാധ്യതയുണ്ട്. നീർകെട്ട് തടയുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്ന സാധ്യത. തോടുകൾ നവീകരിക്കുന്നതിനും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനും സാധ്യത കൂട്ടു കൃഷി സംരംഭങ്ങൾക്ക് സാധ്യത. കൂട്ടായി പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള സാധ്യത. ജൈവവള നിർമ്മാണ സാധ്യത. കംബോസ്റ്റ് കുഴി നിർമ്മാണ സാധ്യത. നല്ലയിനം വിത്ത്, വളം എന്നിവയുടെ വ്യാപനസാധ്യത. ഉപ്പുവെള്ളം കയറുന്നതിന് ചീർപ്പുകൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും സാധ്യത. വീട്ടുവളപ്പിൽ പച്ചക്കറി വ്യാപിപ്പിക്കാൻ സാധ്യത. മുതലായവ.

മൃഗസംരക്ഷണം

കാർഷിക പ്രാധാന്യമുള്ള ഒരു സമൂഹത്തിൽ മൃഗ സംരക്ഷണം ഒരനുബന്ധ പ്രവർത്തനമാണ്. കരിയാട് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ ഒരു ഗണ നീയമായ ഭാഗം കാർഷിക വൃത്തിയുമായി ബന്ധ പ്പെട്ട് ഉപജീവനം നടത്തുന്നു. പാൽ ലഭ്യതയോ ടൊപ്പം കൃഷിക്കാവശ്യമായ ജൈവവളത്തിനു വേണ്ടിയും മുൻകാലത്ത് കന്നുകാലികളെ വളർത്തി യിരുന്നു. ഭക്ഷ്യാവശ്യത്തിന് കോഴിവളർത്തൽ, ആടു വളർത്തൽ എന്നിവയും മുൻകാലങ്ങളിൽ ഈ പഞ്ചാ യത്തിൽ നടത്തി വന്നിരുന്നു. കൃഷിപ്പണിക്കായി ധാരാളം ഉഴവു കാളകളുമുണ്ടായിരുന്നു. ആധുനിക ജീവിത രീതികളും സമ്പ്രദായങ്ങളും പ്രചാരത്തിലാ യതോടുകൂടി ഭക്ഷ്യാവശ്യത്തിനും മൃഗ സംരക്ഷണം അത്യാവശ്യമല്ലാതായിത്തീർന്നു. കന്നുകാലികളെ അഴിച്ചുവിട്ട് തീറ്റുന്ന സമ്പ്രദായമാണ് മുൻകാലങ്ങ ളിൽ നിലവിലുണ്ടായിരുന്നത്. കർഷകരുടെ എതിർപ്പിനെ തുടർന്ന് 1962 ൽ പഞ്ചായത്തിൽ പുറ പ്പെടുവിച്ച ഇളക്കിമേക്കൽ നിരോധന വിളംബരത്തോ ടുകൂടി ഈ പ്രവണത കുറഞ്ഞു വന്നു. മൃഗ സംര ക്ഷണം കൊണ്ടു മാത്രം ജീവിക്കാൻ കഴിയാത്ത ഇന്നത്തെ സാഹചര്യത്തിൽ ഈ രംഗത്തോട് ആധു നിക തലമുറ വിമുഖത കാണിക്കുകയും സംഘടിത മായ മൃഗ സംരക്ഷണം കുറഞ്ഞു വരികയുമാണ്.

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. കോഴി വളർത്തൽ ഈ പഞ്ചായത്തിലെ പ്രധാന ഉപജീവനമാർഗ്ഗമായി ത്തീർന്നിരിക്കുന്നു. വളരെ കുറഞ്ഞ തോതിൽ താറാ വുകളും ഉണ്ട്. നെൽ വയലുകൾ ശോഷിച്ചതോടു കൂടി ഉഴവുകാളകൾ പഞ്ചായത്തിൽ നാമാവശേഷ മായിക്കൊണ്ടിരുന്നു. വർദ്ധിച്ച വളർത്തു ചെലവും ഇതിന് പ്രേരകമായിത്തീർന്നു. ഇപ്പോൾ കരിയാട് പഞ്ചായത്തിൽ ഏതാനും ജോഡി ഉഴവുകാളകൾ മാത്രമേ ഉള്ളു.

പഞ്ചായത്തിൽ 1257 പശുക്കളും, 428 ആടുകളും 2748 കോഴികളുമാണുള്ളത്.

പഞ്ചായത്തിൽ 1257 പശുക്കളും, 428 ആടുകളും 27 48 കോഴികളുമാണുള്ളത്.

പട്ടിക -1

	*1991	**1996
കാള		
വംശവർദ്ധനവ്	2.	3.
ഉഴവുകാള	2	2
പശു നാടൻ	546	450
സങ്കരയിനം	313	807
ആട്	471	428
കോഴി	2383	2748
താറാവ്	-	10
പട്ടി.	27	40

*അവലംബം: 1961 കന്നുകാലി-വളർത്തൽ പക്ഷി സെൻസസ്

**അവലംബം : 1996 ലെ കന്നുകാലി - വളർത്തു പക്ഷി സെൻസസ്

അത്യുല്പാദന ശേഷിയുള്ള - സങ്കരയിനം പശു ക്കളുടെ വ്യാപനത്തോടുകൂടി നാടൻ പശുക്കളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവന്നു. ഇപ്പോൾ സങ്കര യിനം പശുക്കളാണ് കൂടുതലായി വളർത്തപ്പെടുന്നത്.

കാലി വളർത്തൽ മുഖ്യ തൊഴിലായി സ്വീകരിച്ച വർ ഈ പഞ്ചായത്തിൽ വിരളമാണ്. എന്നാൽ കന്നു

കാലി വിപണനത്തിൽ ഇടനിലക്കാർ സജീവ പങ്കു വഹിക്കുന്നുണ്ട്. ധനസഹായങ്ങളുടെയും പരിശീലന ലഭ്യതയുടേയും കുറവുകൊണ്ടും, പ്ലാവിലയുടെ ദൗർലഭ്യം കൊണ്ടും വിപുലമായി ആടുവളർത്താൻ കഴിയുന്നില്ല.

മൃഗ സംരക്ഷണം : കരിയാട് പഞ്ചായത്തിന്റെ പൊതു സ്ഥിതി.

പഞ്ചായത്തിലുള്ള ഒരു മൃഗാശുപത്രി 9ാം വാർഡിലെ കുനിയാറത്ത് പീടികയ്ക്ക് സമീപം സ്ഥിതിചെയ്യുന്നു. ഇതിന്റെ പ്രവർത്തനം തുടങ്ങിയത് 1990 ലാണ്. മൃഗാശുപത്രിയുടെ പ്രവർത്തനം ഫല പ്രദമല്ല. കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗ ങ്ങൾ അകിടുവീക്കം, മുടന്തൻ പനി, ദഹനസംബന്ധ മായ രോഗങ്ങൽ ധാതു ലവണങ്ങളുടെ അഭാവം എന്നിവയാണ്.

പട്ടിക 2

രോഗവിവരങ്ങൾ

	പശു	ആട്	പട്ടി	കോഴി
1 ദഹന സംബന്ധമായവ	564	384	-	192
2. ശ്വാസകോശസംബന്ധമായവ	204	132	-	180
3. ഉപചയ സംബന്ധമായവ	288	196	-	-
4. തൊക് രോഗങ്ങൾ	276	48	14	-
5. ധാതു ലവണങ്ങളുടെ അഭാവം	228	108		
6. പരാദ രോഗങ്ങൾ	192	84	-	216
7. പ്രത്യുല്പാദന വ്യവസ്ഥ യുമായി ബന്ധപ്പെട്ടവ	105	44	-	-
8. വന്ധ്യത	36	-	-	-
9. അകിടുവീക്കം	108	89	-	-
10. മുടന്തൻ പനി	90	-	-	
11. പകർച്ച വ്യാധികൾ	-	-	-	

രോഗ പ്രതിരോധ നടപടികളെക്കുറിച്ചും, ശുചി ത്വത്തെ സംബന്ധിച്ചും കന്നുകാലി കർഷകരിൽ നില നില്ക്കുന്ന അറിവില്ലായ്മ, രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാവുന്നുണ്ട്. അകി ടുവീക്കം വന്നാൽ ഫലപ്രദമായ ചികിത്സ കിട്ടാതെ കാലികൾ ചാവുന്ന സാഹചര്യമുണ്ടാവാറുണ്ട്.

ഈ രംഗത്ത് പൊതുസ്ഥിതിയെക്കുറിച്ചുള്ള അവ ലോകനം താഴെ കൊടുക്കുന്നു.

കരിയാട് പഞ്ചായത്തിലെ 75% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. മുട്ടക്കോഴി വളർത്തൽ വ്യവസായി കാടിസ്ഥാനത്തിൽ നടത്തുന്ന യൂനിറ്റു കളില്ല. പ്രജനന കേന്ദ്രങ്ങളും ഇല്ല 4 ഇറച്ചിക്കോഴി വളർത്തൽ യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നിരന്ത രമായുണ്ടാവുന്ന കോഴി വസന്ത മൂലം കോഴികളിൽ മരണ നിരക്ക് വർദ്ധിക്കുന്നു. പഞ്ചായത്തിലെ ആവ ശ്യത്തിന് കോഴിമുട്ട അന്യസംസ്ഥാനങ്ങളിൽ നിന്നു മാണ് കൊണ്ടുവരുന്നത്.

ഇറച്ചിക്കു വേണ്ടി വൻ തോതിലുള്ള കോഴികളെ ഇറക്കുമതി ചെയ്യുന്ന സ്ഥിതി ഉണ്ട്.

എ. ഭക്ഷ്യലഭ്യത

മൃഗസംരക്ഷണത്തിന് ഏറ്റവും അത്യാവശ്യമായ പച്ചപ്പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം പഞ്ചായത്തിൽ ഏറ്റവും രൂക്ഷമായി അനുഭവപ്പെ ടുന്നു. തീറ്റപ്പുകയിൽ കൃഷി ഈ പഞ്ചായത്തിൽ ഇല്ലന്ന് പറയാം. നെൽ കൃഷി കുറഞ്ഞതു കാരണം ആവശ്യമായ വൈക്കോൽ പ്രാദേശികമായി ലഭിക്കു ന്നില്ല. പുറം നാടുകളിൽ നിന്നും വാണിജ്യാടിസ്ഥാ നത്തിൽ എത്തിക്കുന്ന വൈക്കോലാണ് പ്രധാന മായും ഇവിടെ ലഭിക്കുന്നത്. ഇവ ഇഷ്ടാനുസരണം ലഭിക്കുന്നില്ല എന്നതിനു പുറമെ താങ്ങാനാവാത്ത വിലയുമാണ് കർഷകർ നൽകേണ്ടി വരുന്നത്.

ബി: ഉൽപ്പന്ന വില:

ഉല്പാദനച്ചെലവിന് ആനുപാദികമായ വില ഉല്പന്നങ്ങൾക്ക് ലഭിക്കുന്നുണ്ടെങ്കിലും മൃഗ സംര ക്ഷണം ആകർഷകമായ തൊഴിലായി സ്വീകരിക്ക ത്തക്ക തരത്തിൽ ഉല്പന്നങ്ങൾക്ക് വില ലഭിക്കു ന്നില്ല.

അതിന്റെ പ്രധാന കാരണം പാൽ ഉപഭോഗ ത്തിന്റെ അളവ് ജനങ്ങൾക്കിടയിൽ കുറവാണ് എന്നതും വിപണിയിലെ ആവശ്യത്തിൽ കൂടുതൽ ഉല്പാദിപ്പിക്കപ്പെടുന്നു എന്നതുമാണ്. ലിറ്ററിന് ശരാ ശരി ഒമ്പത് രൂപ പ്രാദേശിക വിപണിയിൽ ലഭിക്കു ന്നുണ്ട്. ഈ പഞ്ചായത്തിൽ ആട്ടിൻ പാലിന് വിപ ണിയില്ല എന്നാണ് പറയപ്പെടുന്നത്. പഞ്ചായത്തിൽ നാടൻ കോഴിമുട്ടക്ക് ശരാശരി രണ്ട് രൂപയാണ് പ്രാദേശിക വിപണിയിൽ ലഭിക്കുന്നുണ്ട്.

സി സംസ്കരണം

പാലുല്പന്നങ്ങൾ സംസ്കരിക്കുന്നതിന് ആധു നിക സജ്ജീകരണങ്ങളൊന്നുമില്ല. കർഷകർ പാരമ്പര്യ മായി ചെയ്തുവരുന്ന സംസ്കരണ രീതികൾ മാത്രമേ ഈ പഞ്ചായത്തിൽ നില നില്ക്കുന്നുള്ളു. സംസ്കരിക്കുന്നതിനാവശ്യമായ പാൽ പ്രാദേശിക മായി ലഭിക്കും.

ഡി. അറവു ശാലകൾ

ആധുനിക രീതിയിലുള്ള അറവുശാലകൾ ഈ പഞ്ചായത്തിൽ ഇല്ല.

മുഖ്യമായും കൗതുകത്തിനു വേണ്ടി ചുരുക്കം ചില വീടുകളിൽ മുയലിനെ വളർത്തുന്നുണ്ട്. ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുന്നവർ വിരളമാണ്.

പഞ്ചായത്തിൽ 40 വളർത്തു പട്ടികളാണുള്ളത്. വളർത്തു പട്ടികൾക്ക് ലൈസൻസ് കർശനമാക്കിയിട്ടില്ല. പേ വിഷബാധക്കെതിരെ പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുണ്ട്.

പ്രാധാന പ്രശ്നങ്ങൾ

1. തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും, കാലിത്തീറ്റയുടെ അമിതവിലയും നല്ലയിനം തീറ്റ ലഭ്യമാകുന്നില്ല.

2. നല്ലയിനം കന്നുകാലികളെ ലഭിക്കുവാൻ പ്രയാസമുണ്ടാവുന്നു.

3. ആവശ്യമായ ബേങ്ക് വായ്പ ലഭ്യമല്ലാത്തതു കൊണ്ട് പാവപ്പെട്ടവർക്ക് പശുവളർത്തൽ അപ്രാപ്യമാകുന്നു.

4. ചികിത്സാ രംഗത്ത് പ്രയാസങ്ങൾ : ഫലപ്രദമായ ചികിത്സയും മരുന്നും ലഭ്യമാകുന്നില്ല.

5. ക്ഷീരവിപണനത്തിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

6. പേപ്പട്ടി ശല്യം ക്ഷീര വ്യവസായ മേഖലയെ ദോഷകരമായി ബാധിക്കുന്നു.

7. മൃഗാശുപത്രിയിലെ സൗകര്യങ്ങളും സേവനങ്ങളും തൃപ്തികരമല്ല.

സാധ്യതകൾ

1. താല്പര്യമുള്ള കർഷകർക്ക് വിത്തും വളവും സൗജന്യമായി പ്രാരംഭ ഘട്ടത്തിലെങ്കിലും വിതരണം ചെയ്താൽ തീറ്റപ്പുൽകൃഷി വ്യാപകമായി നടത്താൻ സാധിക്കും.

2. പുൽകൃഷിക്ക് സബ്സിഡി അനുവദിക്കാൻ ഒരു ഹെക്ടർ കൃഷി വേണമെന്ന നിബന്ധന 50 സെന്റെങ്കിലുമായി ചുരുക്കുക.

3. വൈക്കോൽ, കാലിത്തീറ്റ തുടങ്ങിയവക്ക് ചുമത്തിയ നികുതികൾ ഒഴിവാക്കിക്കൊണ്ട് ഇവയുടെ വില കുറക്കുക.

4. പഞ്ചായത്തിൽ ഒന്നോ രണ്ടോ വാർഡുകൾ കേന്ദ്രീകരിച്ചുകൊണ്ട് പാൽ സംഭരണ വിതരണ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

5. സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു കോഴിത്തീറ്റ- കാലിത്തീറ്റ ഫാക്ടറിയും, കോഴിക്കുഞ്ഞു ല്പാദന കേന്ദ്രം, കോഴികളെ വില്ക്കുന്നതിന് പൊതു സംവിധാനം എന്നിവ ഏർപ്പെടുത്തുക.

6. ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സാധ്യതയുണ്ട്. ആ വശ്യമായ പ്രോത്സാഹനവും ധനസഹായവും ലഭ്യമാക്കണം.

7. വിറ്റമിൻ സപ്ലിമെന്റ് , മിനറൽ മിക്സ്ചർ വിതരണം വ്യാപകമായി ആരംഭിക്കുക.

8. പഞ്ചായത്തിലെ വാർഡുകൾ തോറും പ്രതിരോധകുത്തിവെപ്പിനുള്ള കേമ്പുകൾ സംഘടിപ്പിച്ച് രോഗപ്രതിരോധ നടപടികൾ വ്യാപകമാക്കാം.

9. വായ്പാ വിതരണത്തിനുള്ള നിബന്ധനകൾ ലഘൂകരിച്ച് ആവശ്യക്കാർക്ക് മുഴുവൻ വായ്പ ലഭിക്കുവാനുള്ള അവസരം ഉണ്ടാക്കുക. തൊഴുത്ത് നിർമ്മിക്കുന്നതിന് വായ്പ ലഭ്യമാക്കുക.

10. മുഴുവൻ വളർത്തുമൃഗങ്ങൾക്കും ഇൻഷൂറൻസ് ഏർപ്പെടുത്തുക. ചികിത്സാ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുക.

11. പേ വിഷ നിർമാർജ്ജന പദ്ധതി ഊർജ്ജിതമാക്കുക.

(മത്സ്യബന്ധനം 273-ം പേജ് തുടർച്ച)

പ്രയോഗവും മത്സ്യ സമ്പത്ത് നശിക്കുന്നതിന് കാരണമായിട്ടുണ്ട്.

സാധ്യതകൾ

1. പഞ്ചായത്തിലെ വിപുലമായ ജലസ്രോതസ്സുകൾ ശാസ്ത്രീയമായ രീതിയിൽ ശുദ്ധജല-ഓരു ജല മത്സ്യ കൃഷിക്ക് സഹായകമാണോ എന്ന് പരിശോധിക്കുക.

2. കുളങ്ങളുടെ നവീകരണം വഴിയും, കുഴ്വ പ്പാടുകളുടെ നവീകരണം വഴിയും വൻതോതിൽ മത്സ്യ കൃഷിക്ക് സാധ്യതയുണ്ട്.

3. തോടുകളുടെ ആഴം വർദ്ധിപ്പിച്ച് മത്സ്യവകുപ്പുകളുടെ സഹകരണത്തോടുകൂടി സാമൂഹ്യ മത്സ്യ ബന്ധന പരിപാടി പ്രാവർത്തികമാക്കാമോ എന്ന് പരിശോധിക്കാം.

4. മയ്യഴിപ്പുഴയിൽ സാമൂഹ്യ മത്സ്യ ബന്ധന പദ്ധതി പ്രാവർത്തികമാക്കാമോ എന്ന് പരിശോധിക്കാം.

മത്സ്യ ബന്ധനം

അറബിക്കടലിൽ നിന്നും ഉദ്ദേശം 4 കി.മി. കിഴക്ക് മാറി സ്ഥിതിചെയ്യുന്ന ഒരു പഞ്ചായത്താണിത് . ഈ പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സ് പെരിങ്ങത്തൂരിൽ നിന്നും ആരംഭിച്ച് മോന്താൽ പാലത്തിനടുത്തു നിന്ന് ചൊക്ലി പഞ്ചായത്തിൽ ചെന്ന് ചേരുന്ന മയ്യഴിപ്പുഴയാണ്. ഇതിന്റെ ദൈർഘ്യം ഉദ്ദേശം 10.5 കിലോമീറ്ററോളം വരുന്നു. ഈ പഞ്ചായത്തിന്റെ തെക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന 5 ഏക്കറോളം വരുന്ന കൂവ്വപ്പാടി, 20 ഓളം കുളങ്ങൾ, 16 തോടുകൾ എന്നിവയാണ്. പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ.

കൂവപ്പാടിയിലുള്ള അഞ്ച് ഏക്കറോളം വരുന്ന പ്രദേശങ്ങൾ സ്വകാര്യ വ്യക്തികളുടെ കൈവശമാണ്. ഈ പ്രദേശത്ത് ശാസ്ത്രീയമായ രീതിയിൽ മത്സ്യം വളർത്തുന്നില്ല. എങ്കിലും ഓരുജല മത്സ്യങ്ങൾ ഇവിടെ വളരുന്നുണ്ട്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകളുടെ പട്ടിക താഴെകൊടുക്കുന്നു.

പട്ടിക

1. അജ്ഞനം കണ്ടി തോട്	9. ഇട്ടാപ്രത്ത് താഴ തോട്
2. വരയിൽ താഴ തോട്	10. മാഞ്ചാൽ തോട്
3. എടവലത്ത് താഴ തോട്	11. നമ്പൂരി തോട്
4. പുളിക്കൽ താഴ തോട്	12. കവുക്കോൽ തോട്.
5. പോക്കിലിശ്ശേരി തോട്	13. വാഴയിൽ തോട്
6. വയക്കര താഴ തോട്	14. വാഴക്കോവുക്കൽ തോട്
7. പുതുക്കുടി താഴ തോട്	15. പെരുമ്പ തോട്
8. ചൂളാട് വയൽ തോട്	16. തട്ടാറത്ത് താഴ തോട്

പ്രധാനപ്പെട്ട കുളങ്ങളുടെ പട്ടിക വാർഡ് തിരിച്ച് പട്ടിക 6(കൃഷി) ൽ കൊടുത്തിട്ടുണ്ട്.

മത്സ്യബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവർ ഈ പഞ്ചായത്തിൽ ഇല്ല എന്നാണ് കണക്കുകൾ കാണിക്കുന്നത്. എന്നാൽ സ്വന്തം ഗാർഹികാവശ്യത്തിന് മത്സ്യബന്ധനം നടത്തുന്നവർ ഈ പഞ്ചായത്തിൽ ഉണ്ട്. പുറം സംസ്ഥാനങ്ങളിൽ നിന്നും ചില പ്രത്യേക കാലങ്ങളിൽ പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ മത്സ്യ ബന്ധനം നടത്തുന്ന ചില നാടോടി കുടുംബങ്ങൾ അടുത്തകാലത്തായി ഈ പഞ്ചായത്തിൽ കണ്ടുവരുന്നു.

പ്രധാനമായി കണ്ടു വരുന്ന മത്സ്യ ഇനങ്ങൾ വരാൽ കടുങ്ങാലി മാലാൻ ചമ്പല്ലി, കരിമീൻ, ഏട്ട, ഏരി, ചെമ്മീൻ, ഞെണ്ട് എന്നിവയാണ്. പണ്ടുകാലത്ത് സുലഭമായിരുന്ന പലമത്സ്യങ്ങളും ഇന്ന് വംശനാശം നേരിട്ട് കൊണ്ടിരിക്കുകയാണ്.

പഴയകാലത്ത് പുഴയിൽ നിന്ന് എളമ്പക്ക വാരി ഭക്ഷ്യാവശ്യത്തിന് ഉപയോഗിക്കുകയും പുറം തോടുകൾ നീറ്റ്ക്കെ നിർമ്മിക്കുകയും ചെയ്തിരുന്നു.

വീശുവല കോരുവല, തണ്ടാടി വല, ചൂണ്ട എന്നിവയാണ് പ്രധാനമായും മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ

പ്രശ്നങ്ങൾ

1. പുഴയിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ മണൽ വാരുന്നത് പുഴ മത്സ്യ സമ്പത്തിന്റെ ചോർച്ചക്ക് കാരണമാവുന്നു.

2. കണ്ടൽ കാടുകളുടെ നാശം നെൽവയലുകളിൽ കീടനാശിനികളുടെയും, രാസവളങ്ങളുടേയും

(തുടർച്ച പേജ് 26 കോളം 2)

ദ്വിതീയ മേഖല

വ്യവസായം

ഊർജ്ജം

ഗതാഗതം

പാർപ്പിടം

വ്യവസായം

കരിയാട് പഞ്ചായത്ത് പ്രദേശം ഒരു വ്യവസായ മേഖലയല്ല. പരമ്പരാഗത വ്യവസായങ്ങളോടൊപ്പം ഏതാനും ചില തുറകളിൽ അധികം മുതൽ മുടക്കില്ലാത്ത ചില ആധുനിക വ്യവസായങ്ങളും ഇവിടെയുണ്ട്. ഈ പഞ്ചായത്തിലുള്ള ആധുനിക വ്യവസായങ്ങളിൽ മിക്കതും സ്വയം തൊഴിൽ സംരംഭങ്ങളായാണ് നടന്നു വരുന്നത്. അതിനാൽ അത്തരം തുറകളിൽ അധികം പേർ ജോലി ചെയ്യുന്നില്ല.

I നെയ്ത്ത്:

പരമ്പരാഗത വ്യവസായങ്ങളിൽ നെയ്ത്ത് കരിയാട് തെരു കേന്ദ്രീകരിച്ചും മൺപാത്ര നിർമ്മാണം, മരപ്പണി. ഇരുമ്പുരുക്ക് പണി, സ്വർണപണി മുതലായവ ചില കുടുംബങ്ങൾ ഒറ്റക്കൊറ്റക്കും ചില കേന്ദ്രങ്ങളിൽ കൂട്ടായും ചെയ്ത് വരുന്നു. കരിയാട് തെരു കേന്ദ്രീകരിച്ച് നടക്കുന്ന നെയ്ത്ത് വ്യവസായം പ്രധാനമായും കുടിൽ വ്യവസായമായാണ് നടക്കുന്നത്. അതിനു പുറമെ ഏതാനും വീടുകളിൽ തൊഴിൽ ശാല കെട്ടിയും നെയ്ത്ത് നടന്നു വരുന്നു. ആധുനിക വൽക്കരണത്തിന് ഏറെ സാധ്യതയുള്ള നെയ്ത്ത് വ്യവസായത്തിന് യന്ത്രവൽകൃത തറികൾ ഈ പഞ്ചായത്തിൽ ഒരിടത്തു മാത്രമേ യുള്ളൂ. നെയ്ത്ത് തൊഴിലാളികളിൽ കുറച്ചുപേർ സഹകരണ അപക്സ് ഫെഡറേഷന്റെ നിയന്ത്രണത്തിലും മറ്റ് ചിലർ പുറമെ നിന്ന് അസംസ്കൃത വസ്തുക്കൾകൊണ്ടുവന്ന് സംസ്കരിച്ച് സ്വന്തമായും വേറെ ചിലർ സ്വകാര്യ സംരംഭകരുടെ കീഴിൽ തൊഴിലാളികളായും ജോലി ചെയ്യുന്നു. ഈ കുടിൽ വ്യവസായം നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണെന്നാണ് വസ്തുതകൾ കാണിക്കുന്നത്. ഈ രംഗത്ത് നിന്ന മറ്റ് തൊഴിൽ തേടി പോകുന്നവർ ധാരാളമുണ്ട്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, അവയുടെ രൂക്ഷമായ വിലക്കയറ്റം, അനാകർഷകമായ വേതനം ഘടന, യന്ത്രവൽകൃത ഉൽപന്നങ്ങളുമായുള്ള മത്സരം കാരണമുള്ള തൊഴിൽ മാന്ദ്യം എന്നിവയാണ് ഈ മേഖലയിൽ നിന്ന് തൊഴിലാളികൾ മറ്റ് രംഗങ്ങളിലേക്ക് പോകുന്നതിന് കാരണമായി പറയപ്പെടുന്നത്.

കരിയാട് തെരു കേന്ദ്രീകരിച്ച് നെയ്ത്ത് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പട്ടിക ചുവടെ.

a	സ്വയം സംരംഭകർ	1 കുടുംബം
b	സഹകരണ രംഗത്ത്	15 കുടുംബം
c	തൊഴിൽ ശാലകളിൽ	8 കുടുംബം

നെയ്ത്ത് ഒരു വ്യക്തിഗത തൊഴിൽ അല്ലെന്നു, ഒരു കുടുംബത്തിലെ അംഗങ്ങൾ ഒരുമിച്ച് ചേർന്ന് അനുബന്ധ പ്രവർത്തനങ്ങൾ നടത്തിയാൽ മത്രമെ ഒരാൾക്ക് നെയ്ത്തിൽ ഏർപ്പെടാൻ കഴിയൂ എന്നതിനാൽ ഒരു കുടുംബയത്നമായി വിലയിരുത്തപ്പെടേണ്ടതാണ്. സ്ത്രീകളാണ് അനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്.

ഇതിനു പുറമെ ഖാദി മേഖലകളിലും ഏതാനും ചിലകുടുംബങ്ങൾ ജോലി ചെയ്യുന്നുണ്ട്. ഗാന്ധിസ്മാരക നിധിയുടെ (ചൊക്ലി പഞ്ചായത്ത് പ്രദേശത്തെ പള്ളിക്കുനിയിൽ) നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് ഖാദി മേഖലയിൽ തൊ ഴിൽ നടത്തപ്പെടുന്നത്.

മൂന്ന് യന്ത്രത്തറി നിലവിൽ വന്നതാണ് നെയ്ത്ത് മേഖലയിലെ ഏക ആധുനിക സംരംഭം.

II. മൺപാത്ര നിർമ്മാണം

ഈ കുടിൽവ്യവസായ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. പഞ്ചാ

യത്തിന്റെ വിവിധ ഭാഗങ്ങളിലായാണ് ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അധിവസിക്കുന്നത്. ആധുനിക ജീവിത രീതികളും സമ്പ്രദായങ്ങളും നിലവിൽ വന്നതോടുകൂടി ഈ വ്യവസായം നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. നെയ്ത്ത് എന്നപോലെ മൺപാത്ര നിർമാണവും ഒരു വ്യക്തിഗത സംരംഭമല്ല. കുടുംബത്തിലെ അംഗങ്ങളുടെ കൂട്ടായയത്നമുണ്ടെങ്കിൽ മാത്രമേ ഈ വ്യവസായത്തിൽ ഏർപ്പെടാൻ കഴിയൂ. ഈ രംഗത്തും സ്ത്രീകൾ തൊഴിലെടുക്കുന്നു. അസംസ്കൃത വസ്തുക്കളുടെ ദൗർലബ്യം, ഉൽപ്പന്നങ്ങൾക്ക് വിപണിയില്ലായ്മ, അനാകർഷകമായ വേതന ഘടന, തൊഴിൽ സുരക്ഷിതത്വമില്ലായ്മ, ലോഹപാത്രങ്ങളുടെ പ്രചാരം എന്നിവ ഈ കുടിൽ വ്യവസായം നാശോന്മുഖമാകുന്നതിനുള്ള പ്രധാന കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. മറ്റ് തൊഴിൽ മേഖലകളിലേക്കുള്ള മാറ്റം ഈ രംഗത്തും ദ്രുതഗതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.

III . ഇരുമ്പുരുക്ക് വ്യവസായം

ഇതും ഒരു കുടിൽ വ്യവസായമായി വിവിധ ഭാഗങ്ങളിൽ നടന്നു വരുന്നു. കാർഷിക ഉപകരണങ്ങൾ, ആയുധങ്ങൾ മറ്റ് തൊഴിൽ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണമാണ് ഈ രംഗത്ത് നടന്നുവരുന്നത്. നിലവിലുള്ള തൊഴിൽ ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുക എന്നതും വിൽപ്പനക്കാവശ്യമായ പുതിയ ഉപകരണങ്ങൾ നിർമ്മിക്കുക എന്നതുമാണ് ഈ രംഗത്ത് നടന്നുവരുന്നത്. മറ്റ് കുടിൽ വ്യവസായങ്ങളിലെപ്പോലെ കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ സേവനം ഒരാൾക്ക് ഈ പ്രവൃത്തിയിൽ ഏർപ്പെടുന്നതിന് ആവശ്യമാണ്. അതിനാൽ ഈ വ്യവസായത്തിലും സ്ത്രീകൾ പങ്കാളിത്തം വഹിക്കുന്നു എന്ന് കാണാം . പഞ്ചായത്തിൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം പരിമിതമാണ്.

IV. സ്വർണപണിയും ആശാരിപണിയും

വളരെ യധികം ആകർഷകമായ കുടിൽ വ്യവസായ ങ്ങളാണിത്. ആശാരിപണിക്കാരുടെ ദൗർലഭ്യം ഈ പഞ്ചായത്തിൽ വളരെയധികം പ്രകടമാണ്. മറ്റ് മേഖലകളിലേക്ക് തൊഴിൽ തേടിപോകുന്നത് ഈ രംഗത്ത് കുറവാണ് ഈ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കൃത്യമായി ലഭ്യമല്ല.

V. ആധുനിക വ്യവസായങ്ങൾ

വൻകിട ആധുനിക വ്യവസായ സൗകര്യങ്ങൾ സ്ഥാപിക്കപ്പെടുന്നതിന് അനുകൂലമല്ല. പഞ്ചായത്തിന്റെ ഭൂപ്രത്യേകതകൾ. ഇടത്തരം യന്ത്രവൽകൃത വ്യവസായങ്ങളാണ് ഇവിടെ പുതുതായി സ്ഥാപിക്കപ്പെട്ടവ. ഇവ സംബന്ധിച്ച വിവരം ചുവടെ

VI. സോപ്പ് നിർമ്മാണം

പുളിയനമ്പ്രം ഒന്നാം വാർഡിൽ ESSCO എന്ന പേരിൽ ഒരു സോപ്പ് നിർമ്മാണ വ്യവസായശാല പ്രവർത്തിക്കുന്നുണ്ട്. ഹാൻഡ് കട്ടിംഗ് ആയാണ് ഇപ്പോൾ സോപ്പ് നിർമ്മാണം നടക്കുന്നത്. ധാരാളം വിപണന സാധ്യതയുള്ള ഈ വ്യവസായത്തിനു യന്ത്ര വൽകൃത സൗകര്യമുണ്ടായാൽ വൻ സാധ്യതയുളതാണിത്.

a. എണ്ണയാട്ട് വ്യവസായങ്ങൾ

മുൻ കാലങ്ങളിൽ പാരമ്പര്യ തൊഴിലായി നെയ്ത്ത് വന്നിരുന്ന പ്രവൃത്തിയാണിത്. പാരമ്പര്യ തൊഴിൽ തീരെ ഇല്ലാതായിരിക്കുകയാണ്. ഈ തൊഴിൽ ചെയ്തിരുന്നവർ മറ്റ് മേഖലകളിലേക്ക് മാറിയിരിക്കുകയാണ്. പകരം രണ്ട് എണ്ണയാട്ട് മില്ലുകളിലാണ് എണ്ണയാട്ട് ഇപ്പോൾ നടക്കുന്നത്. കെ.എൻ.യു.പി. സ്കൂളിനടുത്തും പള്ളിക്കുനി ക്ഷേത്രത്തിനടുത്തുമാണ് മില്ലുകൾ പ്രവർത്തിക്കുന്നത്.

892 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുള്ള ഈ പഞ്ചായത്തിൽ ഈ രണ്ട് മില്ലും ആവശ്യത്തിന് മതിയായതല്ല എന്ന് വിലയിരുത്തപ്പെടേണ്ടിയിരിക്കുന്നു. എണ്ണയാട്ടിനൊപ്പം നടത്താൻ കഴിയുന്ന അനുബന്ധ വ്യവസായങ്ങളുടെ സാധ്യത വിലയിരുത്തപ്പെടേണ്ടതാണ്.

b. യന്ത്ര വൽകൃത നെയ്ത്ത്

അന്യത്ര സൂചിപ്പിച്ചതുപോലെ ആധുനിക വൽക്കരണത്തിന് ഏറെ സാധ്യതയുള്ള നെയ്ത്തിന് യന്ത്ര വൽകൃതതറികൾ നിലവിൽ വന്നത് സമീപകാലത്താണ്. നാല് തറി പ്രവർത്തിപ്പിക്കാവുന്ന ഒരു യൂനിറ്റിൽ മൂന്ന് തറി മാത്രമാണ് പ്രവർത്തനം സജ്ജമായിട്ടുള്ളത്.

c. ചൂരൽ വ്യവസായം

ഏഷ്യയിലെ ഏറ്റവും വലിയ ചൂരൽ വ്യവസായം കരിയാട് പഞ്ചായത്തിലെ ഒന്നാം വാർഡിൽ നെല്ലിക്ക അമ്മദ് ആന്റ് സൺസ് വളരെക്കാലം മുമ്പ് ആരംഭിച്ചിരുന്നു. കർണാടക തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ കാടുകളിൽ നിന്നും വെട്ടികൊണ്ടുവരുന്ന ചൂരൽ മത്തിപ്പറമ്പിൽ സംസ്കരിച്ചെടുത്ത് ഇവരുടെ ബോംബെയിലുള്ള ഹെഡ് ഓഫീസ് മുഖേന വിദേശങ്ങളിലേക്കയച്ചിരുന്നു. ഇത് മൂലം നിത്യേന അഞ്ഞൂറ് തൊഴിലാളികൾക്ക് സ്ഥിരം

ജോലി ലഭിച്ചിരുന്നു. സ്വാതന്ത്ര്യാനന്തരം ചൂരൽ ലഭിച്ചിരുന്ന സംസ്ഥാനങ്ങളിൽ ചൂരൽ മുറിച്ചുകൊണ്ടു പോകുന്നതിന് നിയന്ത്രണം വെച്ചത് കൊണ്ട്, ആവശ്യാനുസരണം ചൂരൽ ലഭിക്കാതെ വന്നു. അതോടെ ഈ വ്യവസായത്തിന് മന്ദീഭാവമുണ്ടായി. വൻതോതിൽ നടന്നുവന്നിരുന്ന ഈ വ്യവസായം ഉല്പന്നത്തിന്റെ ദൗർലഭ്യം കാരണം ഇപ്പോൾ നെല്ലിക്ക പക്കി ഹാജിയുടെ നേതൃത്വത്തിൽ ചെറിയ തോതിൽ നടന്നുവരുന്നുണ്ട്. നെല്ലിക്ക കുടുംബാംഗമായ ഉമ്മർഹാജിയുടെ ഉടമസ്ഥതയിൽ സ്ഥാപിച്ച വുഡ്സെന്റ്ർ എന്ന സ്ഥാപനം ഫർണിച്ചർ നിർമ്മാണ രംഗത്ത് വളരെ പ്രശസ്തമായിരുന്നു. ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ വ്യവസായ സ്ഥാപനം നിലനിന്നിരുന്ന ഈ പ്രദേശം "വുഡ് സെന്റർ" എന്നപേരിലാണറിയപ്പെടുന്നത്. മോന്താൽ കമ്പനിക്കുന്നിൽ സഹകരണാടിസ്ഥാനത്തിൽ കേരള നാളികേര ഇൻഡസ്ട്രീസ് ആന്റ് ജനറൽ കോമേർസ് എന്ന പേരിൽ ഒരു കയർ വ്യവസായ യൂണിറ്റ് ആരംഭിച്ചു. എന്നാൽ കുറഞ്ഞ കാലയളവിനുള്ളിൽ ഇതിന്റെ പ്രവർത്തനം നിലച്ചു പോവുകയാണുണ്ടായത്.

ഈ പഞ്ചായത്ത് പ്രദേശത്ത് ഇപ്പോൾ നടന്നു വരുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ സംബന്ധിച്ച പട്ടിക കൊടുക്കുന്നു.

പട്ടിക 2

ക്രമനമ്പർ	വിവരണ	വാർഡ്	എണ്ണം
1	എണ്ണയാട്ട് കേന്ദ്രം	8	1
2	"	9	1
3.	ഫ്ളവർ മിൽ	3	2
4	"	4	1
5	ഗ്രിൽസ് നിർമാണ യൂണിറ്റ്	9	2
6	"	5	1
7	സോപ്പ് നിർമാണ യൂണിറ്റ്	1	1
8	യന്ത്രത്തറി	9	1
9	വുഡ് ക്രാഫ്റ്റ് യൂണിറ്റ്	9	1
10.	സിമന്റ് വസ്തു	9	1
11.	"	3	2

മുകളിൽ കാണിച്ച ഓരോ യൂണിറ്റിലും ഒന്ന് മുതൽ 1- വരെ തൊഴിലാളികൽ ജോലി ചെയ്യുന്നു.

VI നശിച്ചുപോയ വ്യവസായങ്ങൾ

ഈ പഞ്ചായത്തിൽ നിലവുലണ്ടായിരുന്നതും പിന്നീട് നശിച്ചുപോയതു മായ ചില വ്യവസായങ്ങൾ സംബന്ധിച്ച വിവരണ താഴെ കൊടുക്കുന്നു.

a. എണ്ണയാട്ട്

കാളകളെ ഉപയോഗിച്ചുള്ള എണ്ണയാട്ട് ഈ ഗ്രാമത്തിൽ മുമ്പുണ്ടായിരുന്നു. ഇവയൊന്നും ഇന്ന് നിലവിലില്ല.

b. ചകിരി നിർമാണ വ്യവസായം

പഞ്ചായത്തിലെ പടന്നക്കര മുക്കാളിക്കര പ്രദേശങ്ങൾ കേന്ദ്രീകരിച്ച് മുൻകാലങ്ങളിൽ ചകിരി സംസ്കരണവും കയർ പിരിയും നടന്നിരുന്നു. ഇപ്പോൾ നിലവിലില്ല.

c. നാളികേര വ്യവസായ സഹകരണ സംഘം.

1950 കാലഘട്ടത്തിൽ പഞ്ചായത്തിൽ ഒരു തേങ്ങ വ്യവസായ സഹകരണ സംഘം നിലവിൽ വരികയും അൽപകാലം പ്രവർത്തിക്കുകയും ചെയ്തിരുന്നു. ഇതിന്റെ കീഴിൽ ഒരു സോപ്പ് നിർമ്മാണ കേന്ദ്രവും പ്രവർത്തിച്ചിരുന്നു.

d. നൂൽനൂൽപ്പ് കേന്ദ്രം

1967 മുതൽ ഗാന്ധി സ്മാരക നിധിയുടെ ആഭിമുഖ്യത്തിൽ ഒരു നൂൽനൂൽപ്പ് നെയ്ത്ത് കേന്ദ്രം കരിയാട് കോന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്നു.

മുകളിൽ ആദ്യം പരാമർശിച്ച മൂന്ന് വ്യവസായവും നാളീകേരവുമായി ബന്ധപ്പട്ടതായിരുന്നു എന്നത് പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

VII. അസംസ്കൃത വസ്തുക്കൾ

നെയ്ത്ത് മൺപാത്ര നിർമാണം മുതലായ പ്രധാന കുടിൽ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്നു.

നെയ്ത്ത്

നെയ്ത്തിന് ആവശ്യമായ നൂൽ, ചായം രാസപദാർത്ഥങ്ങൾ എന്നിവ കണ്ണൂരിൽ നിന്ന് സ്വകാര്യ സംരംഭകർ കൊണ്ടുവരുന്നു. സഹകരണ രംഗത്ത് ജോലി ചെയ്യുന്നവർക്ക് നൂൽ സംഘത്തിൽ നിന്ന് ലഭിക്കുന്നു. ഖാദി വസ്ത്ര നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ഗാന്ധി സ്മാരക നിധിയിൽ നിന്ന് തൊഴിലാളികൾക്ക് നൽകി വരുന്നു. ഇവയുടെ വില പല ഘടകങ്ങളെ ആശ്രയിച്ച് വ്യതിയാനങ്ങൾക്ക് വിധേയമാണ്.

മൺപാത്ര നിർമ്മാണം

വടകര, ഓർക്കാട്ടേരി എടച്ചേരി എന്നീവിടങ്ങളിലെ വയലുകളിൽ നിന്നുമാണ് മൺപാത്ര നിർമാണത്തിനാവശ്യമായ കളിമണ്ണ് കൊണ്ടുവരുന്നത് മുമ്പ് ചുരുങ്ങിയ തോതിൽ ഇത് പ്രാദേശികമായി ലഭിച്ചിരുന്നു. കളിമൺ വയലുകളുടെ ശോഷണം, അധികമായി വരുന്ന കടത്ത്കൂലി എന്നിവ ഈ തൊഴിൽ അതിജീവനത്തിന് ബുദ്ധിമുട്ടുണ്ടാകുന്നു.

മറ്റുകുടിൽ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ആവശ്യക്കാർ തന്നെ എത്തികുന്നതായാണ് കണ്ടുവരുന്നത്. അതിനുപുറമെ ആധുനികവൽക്കരിക്കപ്പെട്ട ഗ്രീൽസ് നിർമ്മാണം പോലുള്ള വ്യവസായങ്ങൾക്ക് സമീപത്ത നഗരങ്ങളിൽ നിന്ന് അസംസ്കൃത വസ്തുക്കൾ കൊണ്ടുവരുന്നു.

VIII ഉൽപ്പന്ന വിപണനം

പരുത്തി തുണി കണ്ണൂരിലെ സ്വകാര്യ കച്ചവടക്കാരും സഹകരണ സംഘവും ഖാദിതുണി പള്ളിക്കുനിയിൽ പ്രവർത്തിക്കുന്ന ഗാന്ധി സ്മാരക നിധിയും മൊത്തമായി സംഭരിക്കുന്നു. അവിടെ നിന്നു കയറ്റുമതി ചെയ്യുകയോ സംസ്കരണവും മറ്റും നടത്തിയ ശേഷം ആഭ്യന്തര വിപണിയിൽ വില്പന നടത്തുകയോ ചെയ്യുന്നു. മൺപാത്രങ്ങൾക്ക് ആവശ്യക്കാർ കുറഞ്ഞുവരുന്ന ഒരു പ്രവണതയാണ് കണ്ടുവരുന്നത്. ആധുനിക ജീവിത സമ്പ്രദായങ്ങൾ പ്രചരിച്ചു തുടങ്ങിയതിനുശേഷം മൺപാത്രങ്ങൾ ചുരുക്കം ചില ആവശ്യങ്ങൾക്ക് മാത്രമേ വീടുകളിൽ ഉപയോഗിക്കപ്പെടുന്നുള്ളു. നിർമാതാക്കൾ തന്നെ തലച്ചുമടായി പഞ്ചായത്തിനകത്തും സമിപ ഗ്രാമങ്ങളിലും കൊണ്ടു നടന്നു വിൽപ്പന നടത്തുകയാണ് ചെയ്തു വരുന്നത്. വിലപേശൽ വിൽപ്പനയാണ് ഈ രംഗത്ത് നിലനിൽക്കുന്നത് എന്നതിനാൽ തൊഴിലാളികൾക്ക് (നിർമാതാക്കൾക്ക്) അതിജീവനം ദുഷ്കരമായി തീർന്നു കൊണ്ടിരിക്കുന്നു.

പ്രശ്നങ്ങൾ

അസംസ്കൃത വസ്തുക്കൾക്ക് വില കൂടുതൽ കാരണം തൊഴിൽ അനാദായകരമായി തീരുന്നു. മൺപാത്രങ്ങൾ, തുണി എന്നീ രംഗങ്ങളിൽ വിപണി സാദ്ധ്യത കൂടി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ അഭാവം തൊഴിലാളികളെ തൊഴിലിൽ നിന്നും അകറ്റുന്നു. വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ പരിശീലനത്തിന് സൗകര്യങ്ങളില്ല. തൽപരരായ യുവാക്കൾ ഉണ്ടായിട്ടും മുടക്ക് മുതൽ ഇല്ലാത്തത് കാരണം വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്നില്ല. സ്വയം തൊഴിലായി ആരംഭിക്കാവുന്ന വ്യവസായ സംരംഭങ്ങൾക്ക് സാങ്കേതിക തടസ്സങ്ങൾ കാരണം അനുമതിയും ബേങ്ക് വായ്പയും ലഭിക്കുന്നില്ല. അസംസ്കൃത വിഭവങ്ങൾ ഉണ്ടായിട്ടു കൂടി നാളികേര സംസ്കരണ വ്യവസായങ്ങൾ തുടങ്ങാൻ കഴിയുന്നില്ല. മൂലധനത്തിന്റെയും കെട്ടിടങ്ങളുടെയും പ്രശ്നവും ഈ കാര്യത്തിൽ ഉണ്ട്.

സാധ്യതകൾ

നാളികേര സംസ്കരണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയും. പഴ സംസ്ക്കരണ വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാം. അടക്ക ഉപയോഗിച്ചുള്ള ആധുനിക രീതിയിലുള്ള പാക്ക് നിർമാണം ആരംഭിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാം. പ്ലാസ്റ്റിക് ഫർണിച്ചർ നിർമാണ സാധ്യത പരിശോധിക്കാം. ശർക്കര നിർമാണ സാധ്യത പരിശോധിക്കാം.

കടലാസ് ഉപ.യോഗിച്ച് പാക്കിംങ്ങ് സാമഗ്രികൾ നിർമാണ സാധ്യത പരിശോധിക്കാം നാടൻ പലഹാര നിർമാണ സാധ്യത പരിശോധിക്കാം ഗൃഹോപകരണങ്ങളും ഫർണിച്ചർ നിർമാണ സാധ്യത പരിശോധിക്കാം. ഇഷ്ടിക നിർമാണ സാധ്യത പരിശോധിക്കാം. അച്ചാർ, പപ്പടം നിർമാണ സാധ്യത പരിശോധിക്കാം വ്യവസായ പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാം. തേനീച്ച വളർത്തൽ, പട്ടുനൂൽപുഴു വളർത്തൽ, സിൽക്ക് നൂൽ ഉൽപ്പാദനം എന്നിവയുടെ സാധ്യത പരിശോധിക്കാം. കല്ല് വെട്ടുന്നതിനും ഓട നിർമാണത്തിനും സഹകരണ സംഘരൂപീകരണ സാധ്യത പരിശോധിക്കാം.

ഊർജ്ജം

കരിയാട് പഞ്ചായത്തിൽ പുളിയനമ്പ്രം ഒന്നാം വാർഡിൽ നെല്ലിക്ക ഉമ്മർഹാജി 1962 ൽ മിനിമം ഗ്യാരണ്ടി നൽകിക്കൊണ്ട് അവരുടെ വീടും പരിസരവും വൈദ്യുതീകരിച്ചതോടെയാണ് കരിയാട് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തുന്നത് 1963 ൽ ഭരണസമിതി അന്നത്തെ പ്രസിഡണ്ട് ശ്രീ : പി. ഇ. കുഞ്ഞിരാമൻ നമ്പ്യാരുടെ നേതൃത്വത്തിൽ പഞ്ചായത്തിലുടനീളം വൈദ്യുതി എത്തിക്കുന്നതിനുള്ള ശ്രമം ആരംഭിക്കുകയും , വൈദ്യുതി ബോർഡ് നിർണ്ണയിച്ച മിനിമം ഗ്യാരണ്ടി നൽകുന്നതിന് പഞ്ചായത്തിന്റെ സാമ്പത്തിക ശേഷി അനുവദിക്കാത്തത് കൊണ്ട്, വെങ്ങളത്തിൽ കുഞ്ഞബ്ദുല്ല ഹാജി, എൻ.സി.ടി. മധുസൂദനൻ നമ്പ്യാർ, ടി.കെ. മൊയ്തുഹാജി, കുനിയിൽ ഗോവിന്ദൻ എന്നിവർ മിനിമം ഗ്യാരണ്ടി നൽകിയതോട് കൂടിപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ വൈദ്യുതി വിതരണം ചെയ്യാൻ കഴിഞ്ഞത്. എന്നാൽ പഞ്ചായത്തിന്റെ പാലഭാഗങ്ങളിലും ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല.

കരിയാട് പഞ്ചായത്തിൽ വൈദ്യുതി എത്തീയിട്ട് നാല്പത്തിയഞ്ച് വർഷം കഴിഞ്ഞിട്ടും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വൈദ്യുതി വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമത്തിന് വേണ്ട വൈദ്യുതി പാനൂർ 110 കെ.വി. സബ് സ്റ്റേഷനിൽ നിന്നാണ് കിട്ടുന്നത്. ഉപഭോക്താക്കൾക്ക് കിട്ടേണ്ട 230 വോൾട്ട് വൈദ്യുതിയുടെ സ്ഥാനത്ത് 70 വോൾട്ട് മാത്രമേ കിട്ടുന്നുള്ളൂ.

വൈദ്യുതി ഉപഭോഗം 92 % ഗാർഹിക ആവശ്യത്തിന് 3% വ്യവസായ ആവശ്യത്തിനും 4% വ്യാപാര ആവശ്യത്തിനു 1% കാർഷിക ആവശ്യത്തിനുമാണ് ഉപയോഗിക്കുന്നത്. വോൾട്ടേജ് ക്ഷാമം കിടഞ്ഞി തുടങ്ങിയ പലഭാഗത്തും അനുഭവപ്പെടുന്നുണ്ട്

2720 വീടുകളും ഒൻപത് ചെറുകിട വ്യവസായ സ്ഥാപനങ്ങളും 9 വാർഡുകളിലായി 98 തെരുവുവിളക്കുകളും ഇതുമൂലം പ്രവൃത്തിക്കുന്നതായി വൈദ്യുതി ഓഫീസിലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

വാർഡ്	പേപ്പർ ലാംബ്	ഫ്ക്യൂ റ്റ്യൂ	ബ് ബൾബ്	മറ്റുള്ളവ	ആകെ.
1 to Ix ആകെ	14	3	81	ഇല്ല	98

(അവലംബം കെ.എസ്സ്.ഇ,ബി കണക്കുകൾ)

ഔദ്യോഗിക കണക്ക് അനുസരിച്ച് പഞ്ചായത്തിലെ പത്ത് ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നവയാണ്. അതുകൊണ്ട് തന്നെ ഗാർഹിക ഉപഭോക്താക്കൾ വോൾട്ടേജ് ക്ഷാമത്തെപ്പറ്റി പരാതി ഉള്ളവരാണ്. മിക്ക വിശേഷാൽ ഗ്രാമസഭകളും ട്രാൻസ്ഫോർമറുകളുടെ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക II

നമ്പർ	പേര്	കപ്പാസിറ്റി
1.	കരിയാട്	160
2.	പുതുശ്ശേരി	100
3.	കിടഞ്ഞി	160
4.	ബാലൻ പീടിക	100
5.	പെരിങ്ങത്തൂർ	250

6.	നെല്ലിക്ക	100
7.	മേക്കുന്ന്	160
8.	മത്തിപ്പറമ്പ്	63
9.	പള്ളിക്കുനി	160
10.	പടന്നക്കര	63

നമ്മുടെ ഗ്രാമത്തിൽ അംഗീകൃത പട്ടികജാതി കോളനി ഇല്ലങ്കിലും എട്ടോളം കുടുംബങ്ങൾ ഒരുമിച്ചു താമസിക്കുന്ന ചില വാർഡുകൾ ഈ പഞ്ചായത്തിലുണ്ട്.

(ഉദാഹരണം 1-2-4-7-9 വാർഡുകൾ) ഇവയിൽ 4,7 വാർഡുകളിലെ പട്ടികജാതി സങ്കേതങ്ങളിൽ വൈദ്യുതി തീരെ എത്തിയിട്ടില്ല

വൈദ്യുതി കാർഷിക ആവശ്യത്തിന്

കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന 260 വൈദ്യുത മോട്ടോറുകൾ ഈ പഞ്ചായത്തിലുണ്ട്. ഈ മോട്ടോറുകൾ മൊത്തം വൈദ്യുതി ഉപയോഗിക്കുന്നതിന്റെ 1 % ആണ്. എങ്കിൽ പോലും കൂടുതൽ മോട്ടോറുകൾ കാർഷിക ആവശ്യത്തിന് ഉപയോഗിക്കാതെ ഗാർഹിക ആവശ്യത്തിനാണ് ഉപയോഗപ്പെടുത്തുന്നത് എന്ന് അറിയുന്നു.

ഊർജ്ജം ഗാർഹിക ആവശ്യത്തിന്

ഗാർഹിക ആവശ്യത്തിന് ഇന്ധനമായി കൂടുതലും വിറകാണ്. പഞ്ചായത്തിൽ ഉപയോഗിക്കുന്നത്. മണ്ണെണ്ണയും പാചക വാതകവും അപൂർവ്വമായി ഉപയോഗിക്കുന്നു. പുരയിടങ്ങളിൽ നിന്നു കിട്ടുന്ന തെങ്ങുൽപന്നങ്ങളും പാഴ്മരങ്ങളുമാണ് കൂടുതലും വിറകായി ഉപയോഗിക്കുന്നത്. പാചക ആവശ്യത്തിന് ഉപയോഗിക്കുന്ന മണ്ണെണ്ണ റേഷൻ ഷാപ്പ് വഴിയാണ് വാങ്ങിക്കുന്നത്. ഗ്യാസ് പഞ്ചായത്തിലെ ഒരു സ്വകാര്യ ഏജൻസി വഴിയും സമീപ നഗരങ്ങളിൽ നിന്നും ശേഖരിക്കുന്നു. ഗോബർ ഗ്യാസ് ഈ പഞ്ചായത്തിൽ എവിടെയും പാചക ആവശ്യത്തിന് ഉപയോഗിക്കുന്നില്ല. ഇത് സംബന്ധിച്ച പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക III

ഇന്ധനവിവരണം	വില	അളവ്
വിറക്	20/-	15കി.ഗ്രാം
ഗ്യാസ്	132 /-	16 കിഗ്രാം
മണ്ണെണ്ണ	2-70/-	1 ലിറ്റർ

ഈ പഞ്ചായത്തിലെ ഒൻപത് വിശേഷാൽ ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്ന ഊർജ്ജ രംഗത്തെ മുഖ്യ പ്രശനം പ്രധാനമായും വൈദ്യുതി സംബന്ധിച്ചും വൈദ്യുതിയുടെ ലഭ്യതയെ സംബന്ധിച്ചുമാണ് ഏറിയും, കുറഞ്ഞും, എല്ലാ വാർഡുകളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണെന്ന പരാതികളുണ്ട് (അനുബന്ധ പട്ടിക കാണുക)

8-9 വാർഡുകളിലെ ഗുണ ഭോക്താക്കൾക്ക് ഉപയോഗിക്കുന്ന തരത്തിൽ പള്ളിക്കുനി ഹോമിയോ ഡിസ്പെൻസറിക്ക് സമീപം സ്ഥാപിക്കുന്നതിന് അനുവദിക്കപ്പെട്ട ട്രാൻസ്ഫോർമറുകൾ പ്രവർത്തന ക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. അതിന് ചിലതടസ്സങ്ങൾ ഉള്ളതായി ഗ്രാമ സഭകളിൽ നിന്നും അറിയാൻ കഴിഞ്ഞു. ഭൂമിശാസ്ത്രപരമായ കിടപ്പും പ്രോപ്പർട്ടി കൺസെന്റ് കിട്ടാത്തത് കൊണ്ടുമാണ് 5ാം വാർഡിലെ ചില പ്രദേശങ്ങളിൽ വൈദ്യുതി ലഭിക്കാത്തത്.

പഞ്ചായത്തിലെ മൊത്തം ജനസംഘ്യയുടെ 40% ജനങ്ങളും താമസിക്കുന്ന കിടഞ്ഞി, പുളിയനമ്പ്രം തുടങ്ങിയ ഭാഗങ്ങളിൽ ഇന്നും വൈദ്യുതി എത്തിയിട്ടില്ല.

പ്രശ്നങ്ങൾ

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സംബന്ധിച്ച ബോധവൽക്കരണം ബഹുജനങ്ങൾക്കിടയിലില്ല. ഊർജ്ജ സ്രോതസ്സുകൾ പരീക്ഷിക്കാനുള്ള സാങ്കേതികമായി അറിവില്ലായ്മയും പാരമ്പര്യ ഇന്ധനമായ വിറക് ആവശ്യമായ അളവിൽ ലഭിക്കാത്തതും പാചക ആവശ്യത്തിന് മണ്ണെണ്ണ ഉയർന്ന അളവിൽ കിട്ടാത്തതും എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ഈ രംഗത്തെ പ്രശ്നങ്ങളാണ്.

സാധ്യതകൾ

1. ഇന്ധന ക്ഷമതയുള്ള അടുപ്പുകൾ പ്രചരിപ്പിക്കുന്നതിനുള്ള പരിപാടികൾ

2) പൊതു മേഖലയിൽ ഗ്യാസ് ഏജൻസികൾ സ്ഥാപിക്കുന്നതിനുള്ള പരിപാടികൾ

3) വിറകുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ വനവൽക്കരണ പരിപാടികൾ

4) സൂര്യ വിളക്കുകൾസ്ഥാപിക്കാനുള്ള പരിപാടികൾ

5) ഊർജ്ജ ലാഭമുള്ള വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള പരിപാടികൾ

6) മൃഗ സംരക്ഷണവുമായി ബന്ധപ്പെട്ട് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പരിപാടികൾ

ഗതാഗതം

കരിയാട് ഗ്രാമത്തിന്റെ പ്രധാന ഗതാഗത മാർഗം വന്നിട്ട് ഏറെ കാലം ഇടവഴികളും മറ്റുമായിരുന്നു. റോഡുകൾ നിലവിൽ വിന്നിട്ട് 45 വർഷത്തിൽ താഴെ മാത്രമേ ആയിട്ടുള്ളൂ. ഏറെകാലം ഈ ഗ്രാമത്തിന്റെ പ്രധാന ഗതാഗത മാർഗം പ്രാകൃതാവസ്ഥയിലുള്ള പാതകളായിരുന്നു. മയ്യഴി, ഓർക്കാട്ടേരി, വെള്ളിക്കുളങ്ങര, വടകര, തലശ്ശേരി എന്നിവ യായിരുന്നു ഈ ഗ്രാമത്തിലെ ജനങ്ങൾ അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിന് ആശ്രയിച്ചിരുന്ന പ്രധാന വാണിജ്യ കേന്ദ്രങ്ങൾ. ജലഗതാഗതത്തിന് ഉപയോഗിച്ചിരുന്നത് തോണികളെ യായിരുന്നു. ഈ ഗ്രാമത്തിൽ ജനങ്ങൾ ജലമാർഗവും ചരക്കുകൾ എത്തിച്ചിരുന്നു. 1960 വരെ മയ്യഴി അഴിമുഖത്തുനിന്നും പെരിങ്ങത്തൂർ വരെ ബോട്ട് കടത്തു സർവീസ് ഉണ്ടായിരുന്നു.

1991 ലെ സെൻസസ് കണക്കുകൾ അനുസരിച്ച് ഈ ഗ്രാമത്തിലെ ജനസംഖ്യ 17995 ആണ്. ഈ പഞ്ചായത്തിലെ പ്രധാന ഗതാഗത മാർഗം കാഞ്ഞിരക്കടവ് - പെരിങ്ങത്തൂർ റോഡും ട്രാൻസ്ഫോർമർ മുക്ക്. പള്ളിക്കുനി റോഡുമാണ്. കരിയാട് പഞ്ചായത്തിൽ 1954 ൽ പി. ഇ കുഞ്ഞിണ്ണി നമ്പ്യാരുടെ ശ്രമ ഫലമായാണ് റോഡു നിർമ്മാണത്തിന് തുടക്കം കുറിച്ചത്. പെരിങ്ങത്തൂർ കാഞ്ഞിരക്കടവ് റോഡും പുതുശ്ശേരി പള്ളി മുക്ക് - തുരുത്തിമുക്ക് റോഡുമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ റോഡുകൾ. നെല്ലിക്കകുടുംബം സ്വന്തമായി നിർമ്മിച്ച വുഡ് - സെന്റർ-മുക്കടത്തിൽ റോഡും എൻ,,സി,ടി. മധുസൂദനൻ നമ്പ്യാരുടെ ശ്രമഫലമായി നാട്ടുകാർ നിർമ്മിച്ച പള്ളിക്കുനി- കക്യപ്രത്ത് റോഡും ആദ്യകാല റോഡുകളിൽ പെടുന്നു.

ജനങ്ങൾ പതിവായി ബന്ധപ്പെടുന്ന അംങ്ങാടികൾ വടകര, പെരിങ്ങത്തൂർ, ചൊക്ലി, ഗ്രാമത്തിലെ തീവണ്ടി യാത്രക്ക് പ്രധാനമായി തലശ്ശേരി മയ്യഴി വടകര, തലശ്ശേരി, വടകര, ഓർക്കാട്ടേരി, മയ്യഴി, വടകര എന്നീ സറ്റേഷനുകളെയാണ് ആശ്രയിക്കുന്നത്. 13 ബസ്സുകൾ ഈ ഗ്രാമത്തിൽ സർവ്വീസ് നടത്തുന്നു. 2 കെ.എസ്.ആർ.ടി.സി. ബസ്സുകളും ഉൾപ്പെടുന്നു. ഓട്ടോ റിക്ഷകളും ജീപ്പുകളും ചുരുക്കം ചിലർ ഉപയോഗിക്കുന്നു. സ്വന്തമായി ഇരു ചക്ര വാഹനങ്ങൾ ഉള്ളവർ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്. പഞ്ചായത്തിൽ നിലവിലുള്ള ടാർറോഡുകൾ അവയുടെ ഉടമസ്ഥത ദൂരം, വീതി, യാത്രസൗകര്യങ്ങൾ എന്നിവ താഴെ പട്ടികയിൽ രേഖപ്പെടുത്തുന്നു.(പട്ടിക അടുത്ത പേജിൽ)

റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണ്. എന്നാൽ റോഡുകളുടെ പൊതു അവസ്ഥ മോശമാണ്. അറ്റകുറ്റപ്പണികൾ ഒരിടത്തും യഥാസമയം നടക്കുന്നില്ല വർഷകാലത്ത് മിക്ക റോഡുകളിലും വെള്ളം കെട്ടിക്കിടന്ന് കുണ്ടും കുഴിയും ഉണ്ടാകുന്ന ഓവുചാലുകളും കലുങ്കുകളും ഇല്ലാത്തതാണ് ഇതിന് കാരണം.

ജനപങ്കാളിത്തത്തോടെയാണ് ആദ്യകാല പഞ്ചായത്ത് ഭരണ സമിതികൾ ഈ പഞ്ചായത്തിൽ റോഡുകൾ നിർമ്മിച്ചിരുന്നത്. ഈ പഞ്ചായത്തിലെ നിശ്ചിത അളവുകളോടുകൂടിയ പാതകൾ പൊതുമരാമത്ത് വകുപ്പ് എറ്റെടുത്ത് തുടങ്ങിയത് അടുത്തകാലത്താണ്.

ഈ പഞ്ചായത്തിൽ ആകെ 36.629 കി.മീറ്റർ റോഡ് ആണ് ഉള്ളത് ഇതിനുപുറമെ പല ഗ്രാമീണ റോഡുകളും ഉണ്ട്. ഇതിൽ ടാർ ചെയ്ത് റോഡുകളുടെ നീളം 12.600 കി. മി. ആണ് (ഗ്രാമസഭയിൽ നിന്നും ആവശ്യപ്പെട്ട റോഡുകൾ അനുബന്ധം പട്ടികയിൽ കൊടുക്കുന്നു.

പഞ്ചായത്തിലെ ടാർ റോഡുകൾ - പട്ടിക - 2

	റോഡ്	ഉടമസ്ഥത	ദൂരം. കി.മി.	വീതി. മീറ്റർ	ബസ്സ്	യാത്രാസൗകര്യം മറ്റ് യാത്രാ സൗകര്യം
1.	പെരിങ്ങത്തൂർ-കണ്ണിക്കടവ്	PWD	4.400KM	8	ഉണ്ട്	
2.	പുതശ്ശേരിപള്ളി-തുരുത്തിമുക്ക്	PWD	2 KM	8	ഉണ്ട്	
3.	മേക്കുന്ന്-പെരിങ്ങത്തൂർപള്ളി മൈതാനം	PWD	400M	8	ഉണ്ട്	
4.	പള്ളിക്കുനി-കക്യപ്രത്ത്	പഞ്ചായത്ത്	3.200	8	ഇല്ല	ഉണ്ട്
5.	സൗത്ത് പോസ്റ്റാപ്പീസ്-തച്ചോറുമ്മൽ	പഞ്ചായത്ത്	280 മ	4	ഇല്ല	ഉണ്ട്
6.	പഞ്ചായത്ത് ഓഫീസ് റോഡ്	"	200 M	4	ഇല്ല	ഉണ്ട്
7.	എൽ.വി.എം റോഡ്	"	500 M	5	ഇല്ല	ഉണ്ട്
8	പുളിയന്പ്രം പോസ്റ്റ പാറ	"	300M	3.5	ഇല്ല	ഉണ്ട്
9	ഹൈസ്ക്കൂൾ റോഡ്	"	300 M	5	ഇല്ല	ഉണ്ട്
10	മീത്തലെപറമ്പ് കോളനി റോഡ്	"	1.700 .K.M	6	ഇല്ല	ഉണ്ട്
11	പള്ളിക്കുനി-ട്രാൻസ് ഫോർമർ	PWD	1.300 .KM	8	ഉണ്ട്	
12	വുഡ്സെന്റർ-മുക്കടത്തിൽ റോഡ്	പഞ്ചായത്ത്	600 M	4	ഇല്ല	ഉണ്ട്.

പൊതു പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും പൊതു ഗതാഗത സൗകര്യങ്ങളില്ല. പടന്നക്കര, പുളിയന്പ്രം, കിടഞ്ഞി, ഭാഗങ്ങളിൽ ഇപ്പോഴും ബസ്സ് സൗകര്യങ്ങളില്ല്. എല്ലാ റോഡുകളും തകർന്നു കിടക്കുകയാണ്. റോഡുകളിൽ ഓവുചാലുകളില്ലാത്തതു കാരണം മഴ വെള്ളം കെട്ടിക്കിടന്ന് തകരുന്നു യഥാസമയം അറ്റ കുറ്റപ്പണികൾ നടക്കുന്നില്ല. വയൽ പ്രദേശത്തള്ള റോഡുകൾക്ക് ഉയരം കുറവാണ് റോഡുകളിൽ വള വുകളും തിരിവുകളും യാത്രാ ദുരിതം ഉണ്ടാക്കുന്നു. റോഡുകളിൽ ആവശ്യത്തിന് വെയിറ്റിംഗ് ഷെൽട്ടു റുകൾ ഇല്ല പ്രത്യേകം ടാക്സി, ഓട്ടോ സ്റ്റാൻഡുകൾ ഇല്ല.

നിർദ്ദേശങ്ങൾ

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പുതിയ റോഡുകളുടെ ആവശ്യം പരിശോധിക്കുക. റോഡു കളുടെ അറ്റകുറ്റപ്പണികളെപ്പറ്റി ആലോചിക്കുക. നിർമ്മാണ പ്രവർത്തനങ്ങളിൽ സന്നദ്ധസേവനം പ്രയോജപ്പെടുത്തുന്ന കാര്യം ആലോചിക്കുക. ജല ഗതാഗതത്തിനുള്ള സാധ്യതകൾ ആരായുക റോഡു കളുടെ സംരക്ഷണത്തിന് ജനകീയ സമിതികളുടെ രൂപീകരണത്തെക്കുറിച്ച് ആലോചിക്കുക.

പാർപ്പിടം

സാമൂഹ്യമായും വിദ്യാഭ്യാസപരമായും മുൻപന്തയിൽ നിൽക്കുന്ന കരിയാട് ഗ്രാമപഞ്ചായത്തിന്റെ മൂന്ന് ഭാഗവും മയ്യഴിപ്പുഴയാൽ ചുറ്റപ്പെട്ടു കിടക്കുന്നു മൺകട്ടയും കല്ലുംകൊണ്ട് ഭിത്തിയും വ്യ്ക്കോലും ഓലുയംകൊണ്ട് നർമ്മിച്ച മേൽക്കൂരയും ആയിരുന്നു ആദ്യകാലവീടുകൾ

നാലുകെട്ടും നടുമുറ്റവും 21 മുറികളുമുള്ള വലിയ കുന്നമ്മൽ മാളികവീട് പുളിയമ്പ്രംപുത്തലത്ത വീടും മാറ്റങ്ങളില്ലാതെ ഇന്നും അവശേഷിക്കുന്ന. പഴയകാലത്തെ മരലഭ്യതയും ശില്പചാരുതയും പ്രകടനായി കാണുന്ന വീടുകളും നിലവിലുണ്ട്.

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിലെ നിർമ്മാണ മേഖലയിൽ നിർണ്ണായകമാണ് ഭവനനിർമ്മാണ രംഗത്ത് കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കുന്ന മത്സര പ്രവണ കൂടുതലായും കണ്ടു വരുന്നു. (പലവീടുകളും ഘട്ടം ഘട്ടമായാണ് പണി പൂർത്തിയാക്കുന്നത്) 1969 ൽ ആണ് ആദ്യമായി കോൺക്രിറ്റ് ഭവനം പഞ്ചായത്തിൽ നിർമ്മിച്ചത്

ദിവസ വരുമാനക്കാരായ നിർമ്മാണ തൊഴിലാളികളാണ് പഞ്ചായത്തിൽ കൂടുതലുള്ളത് അതുകൊണ്ടുതന്നെ ഇടത്തരം വീടുകളുടെ എണ്ണമാണ് കൂടുതലും.

മൊത്തം വീടുകൾ	3970
ഭേദപ്പെട്ടവീടുകൾ	1232
ഇടത്തരം	2364
ഓലമേഞ്ഞത്	338
കുടിലുകൾ	36

നിർമ്മാണ സാമഗ്രികളുടെ സമീപകാലവിലതാഴെ പട്ടികയിൽ രേഖപ്പെടുത്തുന്നു.

വർഷം	സിമന്റ്	വർഷം	കമ്പി കിന്റലിന്	വർഷം	മണൽ
1987-88	70	87-88	1300	90-91	300
1988-89	100	91-91	450	92-93	325
1992-94	150	93-94	1550	93-94	375
1995-96	180	95-96	1650	94-95	400

ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ നിർമ്മാണ രീതി സാധന ലഭ്യത, വില.

തറ: നിർമ്മാണത്തിന് ചെങ്കല്ലും കരിങ്കല്ലും ആണ് മുഖ്യമായും ഉപയോഗിച്ചു വരുന്നത് കരിങ്കല്ല്, ക്വാറി പഞ്ചായത്തിൽ ഇല്ലാത്തതിനാൽ വളരെ ദുരെനിന്നും കൊണ്ടുവരുന്ന കരിങ്കല്ല് ഉപയോഗിക്കുന്നതിനാൽ നിർമ്മാണ ചെലവ് കൂടുന്നു. പാടം നികത്തി നിർമ്മിക്കുന്ന വീടുകളുടെ തറ നിർമ്മാണത്തിന് വൻതുക ചെലവാക്കേണ്ടിവരുന്നു. ചെങ്കല്ല് പഞ്ചായത്തിൽ തന്നെ ലഭ്യമാണെങ്കിലും വില കൂടുതലും ദൗർലഭ്യവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു ചെങ്കല്ല് ചെത്തി കെട്ടിയ കൂലിയായി 1000 എണ്ണത്തിന് 3000 രൂപ മുതൽ 4000 രൂപയുമാണ് നിവിലുള്ളത്. കരിങ്കല്ലിന് ഒരു ലോഡിന് 900 രൂപയാണ് നിലവിലുള്ളത്.

ചുമർ: പഞ്ചായത്തിൽ വെട്ടുകല്ല് കൊണ്ട് 80 ശതമാനം വീടുകളുടെയും ചുമർ പണിതിട്ടുള്ളത് ഇഷ്ടിക 5 ശതമാനം. 10 ശതമാന മൺകട്ടകൊണ്ടും 5 ശതമാനം മറ്റുള്ള സാമഗ്രികൾ കൊണ്ടും നിർമ്മിക്കപ്പെടുന്നു. പഞ്ചായത്തിലെ കുന്നത്ത്കരം , പടന്നക്കര, പള്ളിക്കുനി, പുളിയനമ്പ്രം എന്നീപ്രദേശങ്ങ

ളിൽ ധാരാളം ചെങ്കല്ല് നിക്ഷേപം ഉണ്ടായിരുന്നുവെങ്കിലും അമിത ഉപയോഗനിമിത്തം ഇപ്പോൾ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. മുൻകാലങ്ങളിലെ ഗുണനിലവാരത്തിലുള്ള ചെങ്കല്ല് ലഭിക്കുന്നില്ല. ആയിരം കല്ലിന് 10,000 മുതൽ 12000 രൂപ വരെ വില നൽകേണ്ടിവരുന്നു.

ഫാക്ടറികളിൽ നിർമിക്കുന്ന ഇഷ്ടികയെ മാത്രം ആശ്രയിക്കുന്നതിനാൽ ഇഷ്ടിക ഉപയോഗിച്ചുള്ള കെട്ടിട നിർമമാണം വളരെ കുറവാണ്.

മേൽക്കൂര: നമ്മുടെ കാലാവസ്ഥക്ക് അനുയോജ്യമല്ലെങ്കിലും കോൺക്രീറ്റ് മേൽക്കൂരക്കാണ് പ്രചുര പ്രചാരം ലഭിച്ചിട്ടുള്ളത്. പഴയകാലത്ത് ധാരാളം നല്ല മരങ്ങൾ ലഭ്യമായിരുന്നു, വിദഗ്ധരായ ജോലിക്കാരും അക്കാലത്തുള്ളതിനാൽ മരം ഉപയോഗിച്ചുള്ള നിർമാണ പ്രവർത്തനങ്ങൾ മാത്രമായിരുന്നു. നടന്നു വന്നിരുന്നത്. ഗൾഫ് സ്വാധീനവും പുറം മോടിയും എളുപ്പ പൂർത്തീകരണവും സമയലാഭവും കോൺക്രീറ്റ് മേൽക്കൂരക്ക് വഴിയൊരുക്കി.

നിർമാണ സാമഗ്രികളുടെ സമീപകാല വില താഴെ പട്ടികയിൽ കൊടുക്കുന്നു

വർഷം	സിമന്റ്	വർഷം	കമ്പി	വർഷം	മണൽ	വർഷം	ജില്ലി
			കിന്റലിന്				
1987-88	70	87-88	1300	90-91	300		
1988-89	100	90-91	1450	92-93	325		
1992-94	150	93-94	1550	93-94	375		
1995-96	180	95-96	1650	94-95	400		

പഞ്ചായത്തിൽ കാഞ്ഞിരക്കടവ് തുരുത്തിമുക്ക, കോവുക്കകടവ് എന്നീസ്ഥലങ്ങളിൽ നിന്നാണ് പൂഴി വൻതോതിൽ ശേഖരിക്കപ്പെടുന്നത്. കറുത്തനിറത്തിലുള്ളകരിങ്കല്ല് ജില്ലികളാണ് കൂടുതലായും മേൽക്കൂരപണിയാൻ ഉപയോഗിക്കുന്നത്. ഇരിങ്ങൽ, മുക്കം, വള്ള്യായി, മേക്കുന്ന് എന്നീസ്ഥലങ്ങളിൽ നിന്നാണ് ഇവ കൊണ്ടുവരുന്നത്. ജില്ലി ടെമ്പോ ലോഡിന് 1800 രൂപയും ലോറി ലോഡിന് 2700 രൂപയും.

ഓലയും പുല്ലും മേയുന്ന വീടുകൾ ഇന്ന് നാമമാത്രമാണ് ആവർത്തന ചെലവും മനുഷ്യ പ്രയത്നവും ഇത്തരം വീടുകളുടെ കാര്യത്തിൽ കൂടുതലായതിനാൽ ആളുകൾ ഇഷ്ടപ്പെടുന്നില്ല.

കോൺക്രിറ്റ് വർക്കിന് ഒന്നാം നിലക്ക് സ്കയർഫീറ്റ് ഒന്നിന് 6രൂപ മുതൽ 9 രൂപവരെയും, രണ്ടാം നിലക്ക് ഒമ്പത് രൂപ മുതൽ 13 രൂപ വരെയും ഇന്ന് നിലവിലുണ്ട്. ഒരു യൂനിറ്റ് കോൺക്രിറ്റ് വർക്കിന് രണ്ടായിരത്തി എഴുനൂറ് രൂപയോളം കൂലി വരും.

d. മരപ്പണി : ഭവന നിർമ്മാണത്തിന് തെങ്ങ് പ്ലാവ് തുടങ്ങിയവയാണ് ധാരാളം ഉപയോഗിച്ചുവരുന്നത് മുന്തിയതരം തെങ്ങ് ഒന്നിന് 1000 രൂപയോളം വിലയുണ്ട്. മുന്തിയ ഇനം പ്ലാവുകളും മറ്റ് മരങ്ങളും വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ തരം താണ മരങ്ങൾ ഉപയോഗിച്ച് വീട് പണിയുന്നു. ഇവക്ക് ആയുസ്സ് വളരെ കുറവാണ്. (സമ്പന്നർ മരങ്ങൾ ദുർവിനിയോഗം ചെയ്തു വരുന്നതായി കണ്ടുവരുന്നു.) ഭവനനിർമ്മാണ രംഗത്ത് വാതിലുകളും ജനലുകളും ഏറെ ശ്രദ്ധ ആകർഷിക്കാൻ വൻ തുകതന്നെ മുടക്കുന്നതായി കണ്ടുവരുന്നു.

നിലമൊരുക്കൽ

പഞ്ചായത്തിൽ മിക്ക വീടുകളുടേയും നിലം ഒരുക്കിയിരിക്കുന്നത് സിമന്റ് ഉപയോഗിച്ചാണ്.

ആധുനിക ഭവന നിർമമാണത്തിൽ നിലമൊരുക്കലിനുവേണ്ടി മൊത്തം ചെലവിന്റെ 20 ശതമാനം വരെ ചെലവഴിക്കുന്നു. മിക്ക വീടുകളും താമസം തുടങ്ങി വർഷങ്ങൾ കഴിഞ്ഞാണ് ഫ്ളോറിംഗ് നടത്തുന്നത് വർഷങ്ങൾ കഴിഞ്ഞിട്ടും താമസിക്കുന്ന വീടുകളുടെ പണി പൂർത്തിയാവാത്ത അവസ്ഥ ധാരാളമായി കണ്ടുവരുന്നു. ആസൂത്രണ പാളിച്ച, ദീർഘ വീക്ഷണമില്ലായ്മ അന്ധമായ അനുകരണ പ്രവണത തുടങ്ങിയവയാണ് ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ.

ഭവന നിർമ്മാണ തൊഴിൽ

ഭവന നിർമ്മാണ രംഗത്ത് നൂതന സാങ്കേതിക വിദ്യവശമുള്ള വരും, വിദഗ്ധരും കുറവാണ് വിദ്ഗ്ദ തൊഴിലാളികളാണ് ശരിയായ ദിശയിലും ചെലവ് കുറഞ്ഞ രീതി അവലംബിച്ചുള്ള നിർമ്മാണ രീതി ഉടമസ്ഥന് പരിചയപ്പെടുത്തികൊടുക്കേണ്ടത്. ഇക്കാര്യത്തിൽ എഞ്ചിനിയർമാരുടെ/ബിൽഡിംഗ് സൂപ്പർവൈസർമാരുടെ സേവനം വിലപ്പെട്ടതാണ് (കെട്ടിട നിർമ്മാണ നിയമം നടപ്പിലാക്കേണ്ടതാണ്) മെയിൻ റോഡിൽ നിന്നും പഞ്ചായത്ത് റോഡിൽ നിന്നും 3 മീറ്റർ അകലെ കെട്ടിടനിർമ്മാണം ആവശ്യമാണ്. ചെലവ് കുറഞ്ഞ നിർമ്മാണ രീതികളും തൊഴിൽ എളുപ്പമാക്കുന്നതിനുള്ള ആധുനിക സാങ്കേതിക വിദ്യകളും ലഭ്യമാക്കേതുണ്ട്.

നിർമ്മാണ തൊഴിലാളികൾ അസംഘടിതരും അവർക്ക് ലഭിക്കുന്ന വേതനം ഏകീകൃതവുമല്ല.

ഭവന നിർമ്മാണ തൊഴിലാളികൾക്ക് നൽകുന്ന വേതനത്തിൽ അടുത്തകാലത്തായി വൻവർദ്ധനവ് തന്നെയുണ്ട് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിലുള്ള വേതന വർദ്ധനവ് പട്ടിക.

കൊല്ലം	ആശാരി കൂലി	പെരുതേരി കൂലി	അവിദഗ്ധ പുരുഷന്മാർ	സ്ത്രീ-തൊഴിലാളികൾ	വയറിംഗ് പേയിന്റ് ഒന്നിന്
1991	90	90	85	50	15
1992	100	100	85	50	20
1993	100	100	90	55	20
1994	115	115	100	60	30
1995	120	115	105	70	30
1996	130	125	120	75	35

സംഘാടനം

പഞ്ചായത്തിൽ ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഇല്ല ലേബർ കോൺട്രാക്ട് സൊസൈറ്റികളോ, മറ്റ് സന്നദ്ധ സംഘടനകളോ ഇല്ല. വ്യക്തികളാണ്. സംഘാടാകരായുള്ളത് വൻകിട ഭവനങ്ങൾ നിർമ്മിക്കുന്നതിലും കൂടുതൽ ലാഭം കൊയ്യുന്നതിലും മാത്രമാണ് ഇത്തരക്കാർക്ക് നോട്ടം അതുകൊണ്ട്തന്നെ ഇടത്തരക്കാർക്കും, താഴ്ന്ന വരുമാനക്കാർക്കും ഭവന നിർമ്മാണത്തിന് ഇവരുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ല.

നിർമ്മാണ ശൈലി

അഴുക്കുജലം ശരിയായി ഒഴുക്കിക്കളയാൻ പോലും സംവിധാനമില്ലാത്ത നിർമ്മാണ രീതി ഒട്ടനവധി ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടാക്കുന്നത്.

അത്യുഷ്ണം തടയുന്നതിനായി പൂവോടുകൾ വെച്ചുള്ള കോൺഗ്രറ്റ് പണികളും നടത്തി വരുന്നതായി കണ്ടുവരുന്നു. ഇത് എത്രമാത്രം വിജയ പ്രദമാണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഗതാഗത സൗകര്യമില്ലാത്തതിനാൽ ചില പ്രദേശങ്ങളിൽ സാധനങ്ങളുടെ കടത്ത് കൂലിയിനത്തിൽ ഭാരിച്ച ചെലവ് വരുന്നു.

ഹൗസിംഗ് സൊസൈറ്റികൾ

ഭവന നിർമ്മാണ വായ്പ ലഭ്യമാക്കുവൻ-ഹൗസിംഗ് സൊസൈറ്റികളോ ബേങ്കുകളോ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ മറ്റ് പ്രദേശങ്ങളിലെ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ഇടത്തരക്കാർക്കും ദുർബല വിഭാഗങ്ങൾക്കും ഭവന നിർമ്മാണത്തിന് പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടുള്ള പലപദ്ധതികളും സർക്കാർ നടപ്പാക്കി വരുന്നുണ്ട്. പക്ഷേ ഇത് വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ല. ഇടത്തരക്കാർക്ക് ഭവനനിർമ്മാണത്തിനും പുതുക്കിപ്പണിയുന്നതിനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാകാത്തതിനാൽ ഈ വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിൽ കാലതാമസം നേരിട്ടു കൊണ്ടേയിരിക്കുന്നു. ജനകീയ പ്രശ്നങ്ങളിൽ പാർപ്പിട പ്രശ്നം അതി പ്രാധാനമായതിനാൽ ആത്മാർത്ഥതയോടെ പരിഹരിക്കേണ്ടതായിട്ടുണ്ട്. വിവിധ പരിപാടികളിലായി സർക്കാർ സഹായത്തോടെ 1990-91 മുതൽ 1995-96 വർഷങ്ങളിൽ വരെ വീട് നിർമ്മാണം സംബന്ധിച്ച് വിവരം അനുബന്ധമായി (പട്ടിക നമ്പർ...) ചേർത്തിരിക്കുന്നു.

1 മുതൽ 9 വരെ വാർഡുകളിൽ 1993-94 വർഷം മുതൽ 95-96 വരെയുള്ള ഭവന നിർമ്മാണ വർദ്ധന പട്ടികയിൽ ചേർത്തിരിക്കുന്നത്.

വാർഡുകൾ	1	2	3	4	5	6	7	8	9	പഞ്ചായത്തിൽ മൊത്തം
1993-94	16	8	4	6	4	8	6	11	13	76
1994-95	8	9	25	4	6	29	27	11	12	131
1995-96	14	5	30	8	12	28	22	17	16	152
1996-97	15	3	11	3	4	1	10	9	11	67
മൊത്തം	53	25	70	21	26	66	65	48	52	426

ഭവന നിർമ്മാണ രംഗത്തെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കാവൻ ചില നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ഭവന നിർമ്മാണ വായ്പകളുടെ പലിശ കുറക്കുക.
2. നിർമ്മാണ തൊഴിലാളികലുടെ ക്ഷേമനിധിയിലേക്ക് പണ അടക്കുന്നതിൽ നിന്നും ഉടമകളെ ഒഴിവാക്കുക.
3. സ്വന്തമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ നിർമ്മാണ സാമഗ്രികൾക്ക് (മരം, പ്ലംബിംഗ്, സാനിറ്ററി, മൊസൈക്ക് മുതലായവ) പ്രത്യേക ചുമത്തുന്ന ടാക്സ് ഒഴിവാക്കുക.
4. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നവർക്ക് സബ്സിഡി അനുവദിച്ചു കൊണ്ട് ഇക്കാര്യത്തിൽ പ്രോത്സാഹനം ഉണ്ടാക്കുക.
5. നിർമ്മിതി കേന്ദ്രയുടെ സേവനം ലഭ്യമാക്കുക.
6. ബിൽഡിംഗ് കോൺട്രാക്ട് സൊസൈറ്റികൾ, ഹൗസിംഗ് സൊസൈറ്റികൾ എന്നിവ സ്ഥാപിക്കുക.
7. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വീടുകൾക്ക് നികുതി പൂർണ്ണമായും ഒഴിവാക്കുക.
8. നിർമ്മാണ രംഗത്ത് എഞ്ചിനീയർമാരുടെ/സൂപ്പർവൈസർമാരുടെ സേവനം നിർബന്ധമാക്കുക. സ്റ്റേജ് സർട്ടിഫിക്കറ്റ് 10 വർഷം പ്രവൃത്തി പരിചയമുള്ള ഐ.ടി.ഐ ക്കാർക്കും 5 വർഷം പ്രവൃത്തി പരിചയമുള്ള ഡിപ്ലോമാക്കാർക്കും 3 വർഷം പ്രവൃത്തി പരിചയമുള്ള ഡിഗ്രിക്കാർക്കും നൽകാവുന്നതായി അംഗീകരിക്കണം.
9. കമ്പി, സിമന്റ്, തുടങ്ങിയ നിർമ്മാണ സാമഗ്രികളും ഗുണമേന്മ ഉറപ്പുവരുത്തുക.
10. ഭൂമിയുടെ വില നിയന്ത്രിക്കാൻ ചട്ടം വേണം.

തൃതീയ മേഖല

ആരോഗ്യം

കുടിവെള്ളം

വിദ്യാഭ്യാസം

സംസ്ക്കാരം

പട്ടികജാതി ക്ഷേമം

സാമൂഹ്യ ക്ഷേമം

വനിത

സഹകരണം

വിഭവ സമാഹരണം

പൊതുജനാരേഗ്യം

ആരോഗ്യ സംരക്ഷണ രംഗത്ത് നാടൻ ചികിത്സാ രീതികളായിരുന്നു പണ്ട് നടപ്പിലുണ്ടായിരുന്നത്. ഇന്ന് മെഡിക്കൽ ഷാപ്പുകൾക്കുള്ള സ്ഥാനം അക്കാലത്ത് തറിമരുന്നു കടകൾക്കായിരുന്നു. ഇന്നത്തെ പള്ളിക്കുനി പെരുമ്പ പ്രദേശത്ത് അപ്പമളാർ എന്ന പേരിൽ പ്രസിദ്ധനായ ഒരു നാടൻ വൈദ്യൻ ഉണ്ടായിരുന്നതായി പറയപ്പെടുന്നു.

1955 ൽ നെല്ലിക്ക് മമ്മദ് സാഹിബിന്റെ സ്മാരകമായി നെല്ലിക്ക കുടുംബം സൗജന്യമായി നിർമ്മിച്ചു കൊടുത്ത മേക്കുന്ന് റൂറൽ ഡിസ്പെൻസറിയാണ് കരിയാട് പഞ്ചായത്തിലെ ആധുനിക ആരോഗ്യ രംഗത്തുള്ള ആദ്യത്തെ സ്ഥാപനം. മദിരാശി മുഖ്യമന്ത്രിയായിരുന്ന കാമരാജ് നാടാർ ആണ് ഈ ആശുപത്രിക്ക് തറക്കല്ലിട്ടത്. 1956 ൽ കേന്ദ്ര റെയിൽവെ വകുപ്പു മന്ത്രിയായിരുന്ന ലാൽബഹദൂർ ശാസ്ത്രിയാണ് കെട്ടിടത്തിന്റെ ഉൽഘാടനം നിർവഹിച്ചത് പ്രസ്തുത സ്ഥാപനം അടുത്തകാലത്തായി പ്രൈമറി ഹെൽത്ത് സെന്റർ ആയി ഉയർത്തപ്പെടുകയുണ്ടായി.

പൊതുജനാരോഗ്യത്തെ ക്കുറിച്ച് ചിന്തിക്കുമ്പോൾ പഞ്ചായത്തിലെ പൊതുമരണനിരക്ക്, ശിശുമരണ നിരക്ക്, ജനന നിരക്ക് എന്നിവ കണക്കിലെടുക്കേണ്ടിയിരിക്കുന്നു.

1991 ലെ സെൻസസ് കണക്കുകൾ അനുസരിച്ച് കരിയാട് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 17995 ആണ്. ഇവർ 2773 കുടുംബങ്ങളിലായി കഴിയുന്നു എന്ന് സെൻസസ് കണക്കുകൾ പറയുന്നു. ജനസംഖ്യയുടെ ആൺ-പെൺ വിഭജനം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 1

ആകെ ജനസംഖ്യ	ആൺ	പെൺ
17995	8304	9691

1991 നു ശേഷം പഞ്ചായത്തിൽ ജനിച്ചവരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല-ആരോഗ്യ സംരക്ഷണ കാര്യത്തിൽ ഉള്ള അവബോധം കാരണം മിക്കവാറും പ്രസവങ്ങൾ നടക്കുന്നത് സമീപ നഗരങ്ങളിലെ സ്വകാര്യ/ഗവർമെന്റ് ആശുപത്രികളിലാണ്. അവ മുൻസിപ്പൽ പ്രദേശങ്ങളിലായതിനാൽ പഞ്ചായത്ത് ഓഫീസിൽ റജിസ്റ്റർ ചെയ്യപ്പെടുന്നില്ല. അതിനാൽ ജനസംഖ്യാ കണക്ക് നാളിതുവരെയുള്ള വിവരം പ്രതിഫലിപ്പിക്കുന്നില്ല 1991 നു ശേഷം പഞ്ചായത്ത് ഒഫീസിൽ രജിസ്ററർ ചെയ്യപ്പെട്ട ജനനം 45 ആണ്. വർഷത്തിൽ 9 ശതമാനം വർധനവ് കാണിക്കുന്നു ഇത് സംസ്ഥാന ശരാശരി ജനന നിരക്കിനേക്കാൾ കുറവാണ്. അതുപോലെ കഴിഞ്ഞ 5 വർഷത്തിനിടയിൽ പഞ്ചായത്ത് ഓഫീസിൽ രജിസ്റ്റർ ചെയ്യപ്പെട്ട ആകെ മരണം 249 ആണ് ഇതിന്റെ ആരോഗ്യപരമായ കാരണങ്ങളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടുള്ള പരിശോധനക്ക് ഇവിടെ ഉദ്യമിക്കുന്നില്ല.

പ്രായഘടന

ലഭ്യമായ നാട്ടറിവുകൾ വെച്ച് പരിശോധിക്കുമ്പോൾ ഓരോ പ്രായഗ്രൂപ്പിലുള്ള കുട്ടികളുടെ എണ്ണം സംസ്ഥാന ശരാശരിയേക്കാൾ കുറവല്ല. ശിശുമരണ നിരക്കും സംസ്ഥാന ശരാശരി നിലവാരത്തേക്കാൾ താഴെ അല്ല എന്ന അനുമാനിക്കുന്നു. എങ്കിൽപോലും കുട്ടികളുടെ ഇടയിൽ പോഷകാഹാര കുറവ് നിലനൽക്കുന്നുണ്ട്. അവികസിത രാജ്യങ്ങളിൽ കണ്ടുവരുന്നത് പോലെയുള്ള പോഷകാഹാരക്കുറവ് കാരണമുള്ള മരണനിരക്ക് ഈ പഞ്ചായത്തിൽ ഇല്ല. രക്ഷി

താക്കളുടെ തൊഴിലില്ലായ്മയും മദ്യപാനം മുതലായ ദുശ്ശീലങ്ങളുമാണ് ഈ പോഷകാഹാര കുറവിന് അടിസ്ഥാന കാരണങ്ങൾ എന്ന് അനുമാനിക്കപ്പെടുന്നു.

വൃദ്ധരുടെ ഇടയിലുള്ള മരണ നിരക്ക് സംസ്ഥാന ശരാശരിയിൽ കൂടുതലല്ല. വാർദ്ധക്യ സഹജമായ അസുഖങ്ങൾ കാരണമാണ് കൂടുതൽ മരണവും സംഭവിക്കുന്നത്.

വൈകല്യങ്ങൾ

അംഗവൈകല്യമുള്ള ശിശുക്കളുടെ ജനന നിരക്ക് വർദ്ധിക്കുന്നതിനുള്ള സാഹചര്യങ്ങൾ പ്രത്യേകിച്ചൊന്നും ഈ ഗ്രാമത്തിൽ നിലനിൽക്കുന്നില്ല. ജനിതക സംബന്ധമായ വൈകല്യങ്ങളോടുകൂടി ജനനങ്ങൾ നടക്കുന്നു എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

പരിസ്ഥിതി പ്രശ്നങ്ങൾ

പ്രകടമായ രീതിയിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതരിത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഈ പഞ്ചായത്തിൽ നിലനിൽക്കുന്നില്ല എന്ന് വിശേഷാൽ ഗ്രാമസഭകളിൽ നിന്നുള്ള റിപ്പോർട്ടുകൾ കാണിക്കുന്നു.

രോഗാതുരത

ഈ പഞ്ചായത്ത് അതിർത്തിയിൽ ഓരോ ആയുർവേദ ഹോമിയോ, അലോപ്പൊതി ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ അലോപ്പൊതി ഡിസ്പ്പെൻസറി പഞ്ചായത്തിനകത്താണെങ്കിലും പഞ്ചായത്ത് അതിർത്തിയിലായതിനാൽ അന്യ പഞ്ചായത്തുകാർക്കാണ് അതിന്റെ സേവനം ലഭിക്കുന്നത് ഹോമിയോ--- ആയുർവേദ ആശുപത്രികളിൽ എത്തുന്ന രോഗികളിൽ അധികവും 50 വയസ്സിന് മേൽ പ്രായമുള്ളവരാണ്. 1992ൽ കരിയാട് ആയർവേദ ആശുപത്രി നിലവിൽ വന്നതിനു ശേഷം ചികിത്സക്കെത്തിയ രോഗികളുടെ എണ്ണം താഴെ പട്ടികയിൽ കാണിക്കുന്നു.

പട്ടിക - 2

വർഷ്	എണ്ണം
1992-93	14931
1993-94	18656
1994-95	14833
1996	17632

പള്ളിക്കുനിയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയിൽ ചികിത്സക്കെത്തിയ രോഗികളുടെ എണ്ണവും അനുബന്ധ കാര്യങ്ങളും താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക - 3

വർഷം	രോഗികളുടെ എണ്ണം	വാതം	ത്വക്ക്രോഗം	ആസ്തമ	പലവക
1992-93	27751	5550	8325	7215	6660
1993-94	11488	1608	2987	2872	4021
1994-95	14323	3581	4297	2865	3581
1995-96	18808	5642	4702	3762	4702

ഹോമിയോ ഡിസ്പെൻസറി യിൽ ചികിത്സക്കെത്തുന്ന രോഗികളുടെ എണ്ണം വർഷം തോറും വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. എന്നാൽ ആദ്യവർഷം (1992-93) ൽ ആകെ ചികിത്സക്കെത്തിയ രോഗികളിൽ പകിതിയിലും താഴെ മാത്രമെ തൊട്ടടുത്ത വർഷം ചികിത്സക്ക് എത്തിയുള്ളു എന്ന് മനസ്സിലാക്കാവുന്നതാണ്. വാതം, ആസ്തമ, എന്നീ രോഗങ്ങളുമായി ചികിത്സക്കെത്തുന്നവർ ധാരാളമണ്ടെന്നും പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ആയുർവേദ ഹോമിയോ ഡിസ്പെൻസറികളിൽ ചികിത്സക്കെത്തിയവരിൽ 50 ശതമാനം സ്ത്രീകളും 40 ശതമാനം പുരുഷന്മാരും 10 ശതമാനം കുട്ടികളും ആണെന്ന് കണക്കുകൾ കാണിക്കുന്നു.

അലോപ്പൊതി

അലോപ്പൊതി ആശുപത്രിയിൽ 1995-96 വർഷം വിവിധ രോഗങ്ങളുമായി ചികിത്സക്കെത്തിയവരുടെ പട്ടിക ചുവടെ കൊടുക്കുന്നു.

വർഷം	ജലജന്യം	വായു	ചർമ്മം	വാതം	പലവിധം
1995-96	226	7	600	830	5857

കുട്ടികളുടെ പോഷണ നിലവാരം

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെയും മറ്റും സ്ഥിതി വിവരണ കണക്കുകൾ വെച്ചു നോക്കുമ്പോൾ കുട്ടികളുടെ പോഷണ നിലവാരം നോർമൽ ആണെന്ന് കാണന്നു. പോഷകാഹാരക്കുറവ് സംബന്ധിച്ച പരാതികളൊന്നും ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടില്ല. എന്നാൽ രണ്ടാം വാർഡിലെ ലക്ഷം വീട് കോളനിയിൽ പോഷകാഹാരക്കുറവ് മൂലം വിളർച്ച പോലുള്ള രോഗങ്ങൾ കണ്ടുവരുന്നതായി അഭിപ്രായപ്പെട്ടിട്ടുണ്ട്.

രോഗ പ്രിതിരേധ നടപടികൾ

ഗർഭിണികൾക്കും കുട്ടികൾക്കും രോഗപ്രതിരോധ കുത്തിവെപ്പുകൾ നട്ത്തി വരുന്നുണ്ട്. 95-96 വർഷത്തിൽ താഴെ പറയും പ്രകാരം കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുണ്ട്.

ബി. സീ. ജി.	267
ഡി. പി. റ്റി/ പോളിയോ	3203
മീസിൽസ്	316
ടി.ടി	427 (ഗർഭിണികൾക്ക്)

(അവലംബം: പി.എച്ച്.സി. യിൽ നിന്നും ശേഖരിച്ച കണക്കുകൾ

കുടുംബ ക്ഷേമ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ആരോഗ്യ ക്ലാസ്സുകളും നടത്താറില്ലെന്ന് ഗ്രാമസഭകളിലെ ചർച്ചകളിൽ പരാതി ഉയർന്നിട്ടുണ്ട്

സ്ഥാപനങ്ങളും, ജീവനക്കാരും

പഞ്ചായത്തിലെ പൊതുജനാരോഗ്യ സ്ഥാപനങ്ങളിൽ താഴെ പറയും പ്രകാരം ജീവനക്കാരുണ്ട്

അലോപ്പൊതി	4 പേർ
ആയ്യുർവേദം	4 പേർ
ഹോമിയോ	3 പേർ
മാതൃസംരംക്ഷണ കേന്ദ്രങ്ങൾ	2 പേർ

നിലവിലുള്ള സംവിധാനത്തിൽ ജീവനക്കാരുടെ എണ്ണം കൂട്ടണമെന്ന ആവശ്യം ഉയർന്നിട്ടില്ല.

കക്കൂസ്

പഞ്ചായത്തിലെ വിവിധ ഗ്രാമഭകളിൽ ഉയർന്നു വന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഏകദേശം 50 ശതമാനത്തിലേറെ വീടുകളിൽ കക്കൂസില്ല എന്നു പറയാം ഇതിൽ നാലാം വാർഡിൽ 75 ശതമാനം വീടുകൾ കക്കൂസില്ലാത്ത വീടുകളാണ്. ഒന്നും, അഞ്ചും, വാർഡുകളിൽ 60 ശതമാനവും ഒമ്പതാം വാർഡിൽ 30 ശതമാനവും ആറാം വാർഡിൽ 25 ശതമാനവും വീടുകളിൽ കക്കൂസ്സില്ല. രണ്ടാം വാർഡിലും നാലാം വാർഡിലുമുള്ള ലക്ഷം വീടു കോളനികളിലും കക്കൂസില്ല. ഐ . ആർ.ഡി.പി സർവ്വെ പ്രകാരം സാനിറ്ററി കക്കൂസില്ലാത്ത വീടുകളുടെ വിവരം താഴെ കൊടുക്കുന്നു.

വാർഡ് നമ്പർ		വാർഡ് നമ്പർ	
1	62	6	52
2	55	7	49
3	61	8	69
4	120	9	92
5	76		
		ആകെ	636

ഐ.ആർ.ഡി.പി സ്കീമിൽ പെടാത്ത പല വീടുകളിലും കക്കൂസുകളില്ലെന്ന് വസ്തുത ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. ഇത് പഞ്ചായത്തിലെ ആരോഗ്യ പരിപാലന രംഗത്തെ മുഴച്ചുനില്ക്കുന്ന പോരായ്മയായി കാണാം. സാമ്പത്തിക പ്രയാസമാണ് കക്കൂസുകൾ നിർമ്മിക്കാത്തതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

പരിസരമലിനീകരണം

പ്രശ്നങ്ങൾ

വ്യവസായങ്ങളൊന്നും വളർന്നു വരാത്ത പഞ്ചായത്തായതിനാൽ ആ തരത്തിലുള്ള പരിസരമലീനീകരണങ്ങളൊന്നും ഉള്ളതായി പഞ്ചായത്തിന്റെ ഒരു ഭാഗത്തും നിന്നും പരാതി ഉയർന്നിട്ടില്ല. എന്നാൽ തോക്കോട്ടുവയൽ മുതലായ സ്ഥലങ്ങളിൽ ചപ്പുചവറുകൾ കെട്ടിക്കിടന്ന് മലിനീകരണം ഉണ്ടാകുന്നു. അതു പോലെ തന്നെ നാലാം വാർഡിലെ കിടഞ്ഞി പ്രദേശത്തും ഏഴാം വാർഡിലെ പുഴയോര പ്രദേശങ്ങളിലും കക്കൂസിൽ നിന്നുള്ള പൈപ്പുകൾ പുഴയിലേക്കും സമീപത്തുള്ള തോടുകളിലേക്കും തുറന്നു വിട്ടിരിക്കുന്നതിനാൽ പരിസരമലിനീകരണവും അതുവഴി രോഗങ്ങളും ഉണ്ടാവുന്നു. പുഴയോരത്ത് ടാങ്ക് കുഴിക്കാൻ കഴിയാത്തതാണ് ഇതിനു കാരണമായി പറയുന്നത് മോന്താൽ ഭാഗത്ത് അറവ് അവശിഷ്ടങ്ങൾ പുഴയിലേക്ക് തള്ളിവിടുന്നതായി പരാതി ഉയർന്നിട്ടുണ്ട്.

വിസർജ്ജ്യവസ്തുക്കളും മാലിന്യങ്ങളും പഞ്ചായത്തിന്റെ ഒരു ഭാഗത്തും ഇല്ല അതിനാൽ തന്നെ കൊതുകുശല്യവും മറ്റും കൂടുന്നു കൊതുകുനിർമ്മാജ്ജനത്തിന് പ്രത്യേക പരിപാടികളൊന്നും തന്നെ ഇതുവരെ നടന്നിട്ടില്ല ഇതിനുള്ള നടപടികൾ ആവിഷ്ക്കരിക്കണം.

സ്ഥായിയായ രോഗ വിവരങ്ങൾ ഒന്നും തന്നെ ചർച്ചയിലോ സ്ഥിതിവിവര കണക്കുകളിലോ ഉയർന്നു വന്നിട്ടില്ല. എന്നാൽ മലമ്പനി, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം എന്നീ രോഗങ്ങൾ പഞ്ചായത്തിൽ അങ്ങിങ്ങായി ഉണ്ടാകാറുണ്ട. മലമ്പനി മുതലായ രോഗങ്ങൾക്കെതിരായ കുത്തിവെപ്പ് പരിപാടികൾ കൃത്യമായി നടക്കാറില്ല. ഉപ്പുവെള്ളം കയറുന്നതിനാൽ ഏഴാം വാർഡിലെ പുഴയോര പ്രദേശങ്ങളിലും മറ്റും അതോടനുബന്ധിച്ച തക്ക് രോഗങ്ങൾ മുതലായവ ഉണ്ടാകു

ന്നതായി ഗ്രാമസഭയിൽ അഭിപ്രായപ്പെട്ടു.

പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം വേണമെന്ന ആവശ്യം എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്.

സാധ്യതകൾ

1. സാമ്പത്തിക സഹായം നൽകിയും, ബോധവൽക്കരണത്തിലൂടെയും എല്ലാം വീടുകളിലും കക്കൂസുകൾ നിർമ്മിക്കാനുള്ള സാധ്യത.

2. ലക്ഷം വീട് കോളനിയിൽ കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാധ്യത

3. രോഗ പ്രതിരോധ കുത്തിവെപ്പുകൾ സ്ഥിരമായി നടത്തുന്നതിനുള്ള സാധ്യത.

4. പി.എച്ച്.സി. വിപുലീകരിക്കുകയും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സാധ്യത.

5. കക്കൂസ് പൈപ്പുകൾ തോടുകളിലും പുഴയോരങ്ങളിലും തുറന്ന് വിടുന്നത് തടയാനുള്ള സാധ്യത.

6. ആരോഗ്യപ്രവർത്തകർ ഗൃഹസന്ദർശനം നടത്തുകയും , ആരോഗ്യക്ലാസ്സുകൾ നടത്തുന്നതിനുള്ള സാധ്യത

7. മേക്കുന്നിൽ പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രം പഞ്ചായത്തിന്റെ കേന്ദ്ര ഭാഗത്ത് മാറ്റി സ്ഥാപിക്കാനുള്ള സാധ്യത

8. ആരോഗ്യ കുടുംബ ക്ഷേമ കേന്ദ്രത്തിൽ സ്ഥിരം ജീവനക്കാരെ നിയമിക്കാനുള്ള സാധ്യത

9. ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് മരുന്ന് എത്തിക്കാനുള്ള ജനകീയ ഇടപെടലുകൾക്ക് സാധ്യത.

അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനു വേണ്ടി, ഉയർന്ന വർഗവും താഴ്ന്ന വർഗവുമില്ലാത്ത ഒരു ഭാരതത്തിനു വേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും.

ഗാന്ധിജി

നിരക്ഷരത ഇന്ത്യയുടെ ശാപമാണ് അത് നിർമാർജന ചെയ്യണം നാണക്കേടാണീ നിരക്ഷരത.

ഗാന്ധിജി

കുടിവെള്ളം

കരിയാട് പഞ്ചായത്തിന്റെ മൂന്ന് ഭാഗവും മയ്യഴി പ്പുഴയാൽ ചുറ്റപ്പെട്ടു കിടക്കുന്നപുഴയോര പ്രദേശ മാണ് ഇതിനു പുറമെ മൊടവൻകുന്ന് മൂര്യോട്ട് കുന്ന് കാട്ടുക്കുന്ന്, പുറക്കാട്കുന്ന്, കമ്പനിക്കുന്ന് ചെമ്മ മ്പ്രക്കുന്ന് വേട്ടാണിക്കുന്ന് വട്ടകുന്ന്, ചാലിൽകുന്ന് എന്നിവയുൾപ്പെടുന്ന കുന്ന് പ്രദേശങ്ങളും കൂടി സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിൽ കൂടി വെള്ള ത്തിന് ഉപയോഗിക്കാൻ പാകമായുള്ള പ്രകൃതിദത്ത മായ നീരുറവകൾ തന്നെയില്ല. പ്രധാനമായും കിണ റുകളെ മാത്രമമാണ് ജനങ്ങൾ ആശ്രയിക്കുന്നത് ഈ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന വീടുകളുടെ എണ്ണം തരം തിരിച്ചു കൊടുക്കുന്നു

കുടിവെള്ളം സ്രോതസ്സുകൾ

a പൊതു കിണർ

കരിയാട് പഞ്ചായത്തിൽ മൊത്തം 17 പൊതുകി ണറുകളുടെ വിവരം താഴെ കൊടുക്കുന്നു.

വാർഡ്	1	2	3	4	5	6	7	8	9	ആകെ
പൊതുകിണറുകളുടെ എണ്ണം	3	2	-	1	-	2	4	4	1	7

b. കുളങ്ങൾ

കുടിവെള്ളത്തിനായി കരിയാട് പഞ്ചായത്തിന്റെ ഒരു പ്രദേശത്തും കുളങ്ങളെ ആശ്രയിക്കുന്നില്ല. കുള ങ്ങൾ പൊതുവെ കാർഷികാവശ്യങ്ങൾക്കും മറ്റുമാ യാണ് ഉപയോഗിക്കപ്പെടുന്നത് പഞ്ചായത്തിലെ മൊത്തം കുളങ്ങളുടെ എണ്ണം താഴെ പട്ടികയിൽ കൊടുക്കുന്നു.

വാർഡ്	1	2	3	4	5	6	7	8	9	ആകെ
കുളങ്ങൾ	1	-	2	9	-	6	2	3	3	16

ടാപ്പുകൾ

കരിയാട് തെരുവിൽ പ്രവർത്തിക്കുന്ന മിനി വാട്ടർ സപ്ലൈ സ്കീമിനോടനുബന്ധിച്ച് പതിമൂന്ന് ടാപ്പുകൾ പ്രവർത്തിക്കുന്നു.

d കിണറുകൾ

കരിയാട് പഞ്ചായത്തിൽ മൊത്തം 2975 വീടുക ളുള്ളതിൽ 1350 കിണറുകളുണ്ട് വീടുകളോടനുബ ന്ധിച്ച് ഉള്ളതാണ് കിണറുകളിലധികവും.

ഈ പഞ്ചായത്തിന്റെ ഭൂമി ശാസ്ത്രപരമായ കിട പ്പുകാരണം തീരപ്രദേശങ്ങളിലുള്ള കിണറുകളിൽ ജല ലഭ്യത വർഷം മുഴുവൻ ഉണ്ടാവാറുണ്ട്. എന്നാൽ കിണറുകളിൽ ഭൂഗർഭജലത്തിൽ ഉപ്പ് കലരുന്നതി നാൽ തീര പ്രദേശങ്ങളിലെ കിണറുകളിലെ വെള്ളം കുടിക്കാൻ ഉപയുക്തമല്ല. അതേ സമയം ഉയർന്ന പ്രദേശങ്ങളിലെ കിണറുകളിൽ ജനുവരി മാസം വരെ ജലലഭ്യത ഉണ്ടാവാറുണ്ടെങ്കിലും തുടർന്നുള്ള കാലം മൺസൂൺവരെ ജലക്ഷാമം അനുഭവപ്പെടുന്നതായി സമീപ കാലങ്ങളിൽ കണ്ടുവരുന്നു കൂടുതൽ ഉയർന്ന പ്രദേശങ്ങളിലെ കിണറുകളിൽ ഈ പ്രശ്നം വളരെ രൂക്ഷമാണ് ജലക്ഷാമം അനുഭവപ്പെടുന്ന കാലത്ത് കുടിവെള്ളത്തിനായി ജനങ്ങൾ കൂടുതൽ ദൂരം സഞ്ച രിക്കേണ്ടി വരുന്നു. കുടിവെള്ളക്ഷാമം അനുഭവപ്പെ ടുന്ന വീടുകളുടെ എണ്ണം വാർഡു തിരിച്ച് താഴെ പട്ടിക കൊടുക്കുന്നു.

വാർഡ്	1	2	3	4	5	6	7	8	9	ആകെ
എണ്ണം	80	100	130	35	50	15	75	120	30	585

ഫിബ്രവരി മാസം മുതൽ മൺസൂൺ വളരെ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് എങ്കിലും ചില പ്രദേശങ്ങളിലിത് ജനുവരി മാസം

മുതൽ തന്നെ അനുഭവപ്പെട്ടു വരുന്നുണ്ട്. എന്നാൽ ഏഴാം വാർഡിൽ മഴക്കാലത്തുപോലും കുടിവെള്ള ത്തിന് വേണ്ടി ജനങ്ങൾ ബുദ്ധിമുട്ടുന്ന അനുഭവമുണ്ട് ഉപ്പുവെള്ളം കയറുന്നതാണ് ഇവിടെത്തെ പ്രശ്നം ജലദൗർലഭ്യമില്ല.

പ്രശ്നങ്ങൾ

1. ഏറിയും കുറഞ്ഞും എല്ലാം വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

2. കിണറുകളിൽ ഉപ്പുവെള്ളം കയറുന്നതാണ് തീര പ്രദേശത്തെ പ്രശ്നം

3. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ഘട്ടങ്ങ ളിൽ ഗവ: എജൻസികൾ ശുദ്ധജലം എത്തിക്കാറില്ല.

4. കുന്നിൻ പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം വർഷം മുഴുവൻ രൂക്ഷമായി അനുഭവപ്പെടുന്നു.

സാധ്യതകൾ

1. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശ ങ്ങളിൽ ദീർഘകാലാടിസ്ഥാനത്തിൽ പ്രശ്നം പരി ഹരിക്കുന്നതിന് ജലവിതരണ സമ്പ്രദായം ഏർപ്പെ ടുത്തുന്ന കാര്യം പരിശോധിക്കുക.

2. ഉപ്പുവെള്ളം കയറുന്നത് തടയുന്ന പദ്ധതിക ളാവിഷ്ക്കരിക്കുക.

3. ഭൂഗർഭ ജല സ്രോതസ്സ് ശക്തിപ്പെടുത്തുന്നതി നായി അനുയോജ്യ സ്ഥലങ്ങളിൽ തണ്ണീർ തട പദ്ധതി നടപ്പാക്കാൻ ആലോചിക്കുക.

4. വർഷ കാലത്തെ മഴവെള്ളം ഭൂമിയിലേക്ക് നിർഗ്ഗമിപ്പിക്കുന്നതിനെ കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക.

5. ഗവ: ആവിഷ്ക്കരിച്ച ഏക്സിലറിവാട്ടർ സപ്ലൈ സ്കീം" നടപ്പിലാക്കാമോ എന്ന കാര്യം ആലോചി ക്കാവുന്നതാണ്.

വിദ്യാഭ്യാസം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യയിൽ ആകമാനം വീശയടിക്കാൻ തുടങ്ങിയ ദേശീയ പ്രസ്ഥാനത്തിന്റെയും സാമൂഹ്യ പരിഷ്ക്കരണ ഉദ്യമത്തിന്റെയും അലയൊലികൾ ഇവിടങ്ങളിലെ വിദ്യാഭ്യാസത്തിന്റെ പാശ്ചാത്തലമൊരുക്കിയതായികാണാം ഔപചാരികമായ മേഖലയിൽ കാര്യമായി അല്ലങ്കിലും അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ അദ്വിതീയമായ സ്ഥാനം നമ്മുടെ ഗ്രാമത്തിനുണ്ട്.

ഈ നൂറ്റാണ്ട് പിറക്കുന്നതിനു മുമ്പ് തന്നെ (1890 കാലഘട്ടങ്ങളിൽ) കുടിപ്പള്ളിക്കൂടങ്ങൾ അക്ഷരജ്ഞാനത്തിന്റെ പാതയിൽ അത്താണികളായി ഉയർന്നു നിന്നത് കാണാൻ സാധിക്കും, ഇതിനെ എഴുത്ത് പുര എന്നാണ് വിളിച്ചിരുന്നത്. ഔപചാരിക സ്വഭാവമില്ലങ്കിലും വിദ്യാഭ്യാസ ബോധനത്തിന്റെ വിത്ത് പാകാൻ ഈ സംരംഭങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

എഴുത്ത് പുര സമ്പ്രദായത്തിന് നമ്മുടെ ഗ്രാമത്തിൽ ഹരിശ്രീ കുറിച്ചത് ഇന്നത്തെ കെ.എൻ. യു.പി സ്ക്കൂളിനടുത്തുള്ള പട്ട്യേരി പൊയിൽ എന്ന സ്ഥലത്തായിരുന്നു. നെല്ലോളി തറവാട്ടിൽപ്പെട്ട രാമൻ നമ്പ്യാർ എന്ന എഴുത്തച്ഛാൻ (ഗുരിക്കൾ) ആയിരുന്നു ഇതിന്റെ ഉപജ്ഞാതാവ്. അക്ഷരാഭ്യാസത്തിന് പുറമെ വേദം, വൈദ്യം, തച്ചുശാസ്ത്രം, നാട്യം, ജ്യോതി ശാസ്ത്രം, തുടങ്ങിയ വിഷയങ്ങൾ സാമാന്യമായി അവിടെ കൈകാര്യം ചെയ്തിരുന്നതായി പറയപ്പെടുന്നു. ഏതാണ്ട് ഈ കാലഘട്ടത്തിന്നടുത്തായി പടന്നക്കരയിൽ പാറേമ്മൽ എന്ന സ്ഥലത്ത് രാമർ പണിക്കർ ഒരു കുടിപ്പള്ളിക്കൂടം നടത്തിയതായി പറയുന്നു. പുളിയനമ്പ്രം ഒലിപ്പിൽ പ്രദേശത്ത് കുന്നത്ത് ഉമ്മർ സീതി, ഇട്ടാപ്രത്ത് കുഞ്ഞിപ്പക്കി സീതി എന്നിവരും പടന്നക്കര എടോളി കുഞ്ഞബ്ദുള്ള സീതിയും കരിയാട് പറമ്പത്ത് മൊയ്തീൻകുട്ടി സീതിയും ഓത്തുപള്ളികൾ സ്ഥാപിച്ചു. കുന്നത്ത് സീതി നെല്ലിക്കഅമ്മതിന്റെ സഹായത്തോടെ സ്ഥാപിച്ച എഴുത്ത് പള്ളിക്കൂടമാണ് 1932 ൽ എം. കരുണാകരൻ നമ്പ്യാർ ഏകാധ്യാപകനായി തുടക്കം കുറിച്ചത്. പിന്നീട് മലബാർ ഡിസ്ട്രിക് ബോർഡ് മാപ്പിള ഗേൾസ് എലിമെന്ററി സ്ക്കൂളായി അംഗീകരിച്ചു ഈ സ്ഥാപനത്തിന്റെ അംഗീകാരം പിൻവലിക്കുമെന്ന ഘട്ടമെത്തിയപ്പോൾ എൻ.എ.മമ്മു ഹാജി, കുന്നത്ത് മമ്മുഹാജി എന്നിവർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡന്റായ പി.ടി. ഭാസ്ക്കരപണിക്കർക്ക് നിവേദനം നൽകിയതിന്റെ ഫലമായി സ്ക്കൂൾ നില നിർത്തി ബോർഡ് നിർത്തിയപ്പോൾ സ്ക്കൂൾ സർക്കാർ ഏറ്റെടുത്തു. 1961 ൽ ഈ സ്ക്കൂൾ യു.പി. യായി ഉയർത്തി 1900 ൽ പി. മൊയ്തീൻകുട്ടി പുതുശ്ശേരി എന്ന സ്ഥലത്ത് ആരംഭിച്ച പുതുശ്ശേരി ബോർഡ് മാപ്പിള ബോയ്സ് എലിമെന്ററി സ്ക്കൂൾ ബോർഡ് അംഗീകരിച്ചു. ഡിസ്ട്രക്ട് ബോർഡ് നിർത്തലാക്കിയപ്പോൾ പുതുശ്ശേരി ജൂനിയർബേസിക്ക് സ്ക്കൂൾ ആയി സർക്കാർ ഉടമയിൽ വന്നു. 1916 ൽ വേരടികലന്തൻ സീതി സ്ഥാപിച്ച പള്ളിക്കൂടമാണ് ഇന്നത്തെ പുത്തൻപറമ്പ് മാപ്പിള എൽ.പി. സ്ക്കൂൾ. എടോളി അബുദുള്ള സീതി പടന്നക്കരയിൽ സ്ഥാപിച്ച പള്ളിക്കൂടം പടന്നക്കര ന്യൂമുസ്ലിം എൽ.പി.സക്കൂൾ എന്ന പേരിൽ താവത്ത് കുഞ്ഞപ്പ നമ്പ്യാർ മാനേജ്മെന്റ് ഏറ്റെടുത്തു നടത്തി വരുന്നു. മേനാരി കുഞ്ഞിപ്പക്കി സീതി സ്ഥാപിച്ച ഓത്തുപുര 1926 ൽ മേനാരി കാദർകുട്ടി സീതി പുളിയനമ്പ്രം മുസ്ലിം എൽ.പി. സ്ക്കൂൾ ആയി ഏറ്റെടുത്തു. ഈ സ്ക്കൂൾ 1948 മുതൽ പുളിയനമ്പ്രം മനാറുൽ ഇസ്ലാം മദ്രസ കമ്മറ്റി ഏറ്റെടുക്കുകയും 1979 ൽ പുളിയനമ്പ്രം യു.പി. സ്ക്കൂൾ ആയി ഉയർത്തുകയും ചെയ്തു ഇപ്പോൾ കമ്മിറ്റി നടത്തി വരുന്നു.

നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ യു.പി. സ്ക്കൂൾ കെ.എൻ. യു.പി. ആണ് ഈ സ്ഥാപനത്തിന്റെ ഹെഡ്മാസ്റ്ററും പഞ്ചായത്ത് പ്രസിഡന്റും പ്രമുഖ ഗാന്ധിയനുമായിരുന്ന പി. ഇ. കുഞ്ഞിരാമൻ നമ്പ്യാർ നമ്മുടെ ഗ്രാമത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത മഹൽ വ്യക്തികളിൽ പ്രാധാനിയാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്, പരിസരപ്രദേശങ്ങളിലൊന്നും കാണാൻ കഴിയാതിരുന്ന ഹരിജനങ്ങളുടെ സ്ക്കൂൾ പ്രവേശനം നടന്നത് ഇത് ഇവിടുത്തെ വിദ്യാഭ്യാസ പരിഷ്ക്കരണ ശ്രമത്തിൽ ഒരു വഴിത്തിരിവായിമാറി.

ദേശീയ പ്രസ്ഥാനങ്ങളുടെ ഭാഗമായി വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഹിന്ദി പഠനവും നമ്മുടെ പഞ്ചായത്തിൽ പരിമിതമായി നടന്നിട്ടുണ്ട് ഹിന്ദി പഠനത്തിന് എം.കെ. കൃഷ്ണൻ ഗുരുക്കൾ, കെ. ചന്തു മാസ്റ്റർ എന്നിവർ നേതൃത്വം നൽകി. പിന്നീട് അത് ദുർബലപ്പെടുന്നതോടൊപ്പം വായനശാലകളുടെ അത് ഉദയവും കണ്ടു. ഔപചാരിക വിദ്യാഭ്യാസ രംഗത്ത് രണ്ടാമതായി സ്ഥാപിതമായ യു.പി. സ്ക്കൂൾ മേക്കുന്നിനടുത്തുള്ള കരിയാട് ഗവ:യു.പി. സ്ക്കൂൾ ആണ് പിന്നീട് 1979 ൽ പുളിയനമ്പ്രം എം.എൽ.പി. സ്ക്കൂളും 1976 ൽ കിടഞ്ഞി എൽ.പി. സ്ക്കൂളും 1985 ൽ പുതുശ്ശേരി ജൂനിയർ ബേസിക്ക് .എൽ.പി സക്കൂളും അപ്ഗ്രേഡ് ചെയ്യപ്പെട്ടു യു.പി. സ്ക്കൂളായി മാറിയ നമ്മുടെ പഞ്ചായത്തിലെ ഏക ഹൈ സക്കൂൾ ആയ കെ. എൻ. ഹൈസ്ക്കൂൾ സ്ഥാപിതമായത് 1976 ൽ ആണ് കെ.എൻ യു.പി. അപ്ഗ്രേഡ് ചെയ്ത് എച്ച്. എസ്. ആക്കി മാറ്റി ഇപ്പോൾ ഹൈസ്ക്കൂൾ പ്രത്യേകം മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കരിയാട് പഞ്ചായത്തിൽ ഇപ്പോൾ മൊത്തം പതിനൊന്ന് സ്ക്കൂളുകളാണ് പ്രവർത്തിക്കുന്നത് ഇതിൽ അഞ്ച് എൽ.പി. സ്ക്കൂളുകളും അഞ്ച് യു.പി. സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും പെടുന്നു. ആറ് നേഴ്സറികളും നാല് വായനശാലകളും രണ്ട് ഗ്രന്ഥാലയവുമുണ്ട്. അവയുടെ വാർഡടിസ്ഥാനത്തിലുള്ള വിവരണം താഴെപ്പട്ടികയിൽ കൊടുക്കുന്നു.

പട്ടിക

വാർഡ്	L.P.	U.P.	H.S.	നേഴ്സറി	വായനശാല	ഗ്രന്ഥാലയം
I		1	-	-	-	-
Ii		1	-	-	-	-
III	1	-	-		-	-
IV		1				1
V	1	-	-	-	-	-
VI		2	-	2	1+1	-
VII	1		-	1	3	1
VIII		-	-	-	-	-
IX	2	-	1	3	2	1 LLA

ഇവയ്ക്ക് പുറമെ പുതുശ്ശേരി മദ്രസ്സയോടനുബന്ധിച്ച് മുസ്ലീം പെൺ കുട്ടികൾക്കായി ഒരു അൺ എയ്ഡഡ് വിദ്യാലയവും ഒരു ടൈപ്പ് റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ ആകെ ഔപചാരിക വിദ്യാഭ്യാസം നടത്തുന്ന 3989 കുട്ടികളിൽ 2078 ആൺകുട്ടികളും 1911 പെൺകുട്ടികളുമാണ്. എൽ.പി. വിഭാഗത്തിൽ 838 ആൺകുട്ടികളും 834 പെൺകുട്ടികളും യു.പി. യിൽ 667 പെൺകുട്ടികളും ഹൈസ്ക്കൂൾ വിഭാഗത്തിൽ 402 ആൺകുട്ടികളും 410 പെൺകുട്ടികളുമാണ്. ഇതിൽ പട്ടികജാതി ആൺകുട്ടികൾ 36 ഉം പെൺകുട്ടികൾ 46 ഉം ആണ്, ഇവയിൽ 2 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ അടക്കം 45 കുട്ടികൾ ഇടക്ക് വെച്ച് പഠനം നിർത്തിയതായി കാണുന്നു.

പഞ്ചായത്തിലെ മൊത്തം അധ്യാപകരുടെ എണ്ണം 161 ആണ് ഇതിൽ 87 പുരുഷന്മാരും 74 സ്ത്രീകളുമാണ്.

സ്കൂളുകളുടെ ഭൗതിക സാഹചര്യം

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ടു സർക്കാർ സ്ക്കൂളുകൾക്കും സ്വന്തമായി കെട്ടിടമോ സ്ഥലമോ, ഇല്ല. ഒരു പള്ളി സ്കൂൾ കമ്മറ്റി കെട്ടിടത്തിലും മറ്റൊന്ന് സർക്കാർ വക ആശ്വാസകേന്ദ്രത്തിലുമാണ് പ്രവർത്തിക്കുന്നത്, ഹൈസ്ക്കൂളിനും രണ്ട് യു.പി. സ്കൂളുകൾക്ക് മൊഴിച്ച് മറ്റെല്ലാ സ്ക്കൂളുകൾക്കും സ്ഥല സൗകര്യം തീരെ കുറവാണ്. പ്രാഥമിക സൗകര്യങ്ങളില്ലാത്ത പത്ത് സെന്റിൽ കുറഞ്ഞ സ്ഥല സൗകര്യമുള്ള 4 വിദ്യാലയങ്ങളുണ്ട്. (പട്ടിക അടുത്ത പേജിൽ)

വിദ്യാലയങ്ങളിലെ പഠന നിലവാരത്തെക്കുറിച്ച് ലഭിച്ചിട്ടുള്ള അറിവുകളും ഗ്രാമസഭകളിൽ നിന്നു ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളും പരിശോധിച്ചാൽ അവ തൃപ്തികരമല്ല. ഉയർന്ന ക്ലാസ്സുകളിൽ എത്തുന്തോറും ഉയർന്ന പഠന നിലവാരമുള്ള വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു.

പഠന നിലവാരം

സ്ക്കൂളുകളിൽ നിന്നും ലഭ്യമായ വിവരങ്ങളനുസരിച്ച് പഠനനിലവാര പട്ടികയായി ചുവടെ ചേർക്കുന്നു.

പട്ടിക

സ്ക്കൂൾ	സ്വന്തം കെട്ടിടം	സ്ഥലം	കളി സ്ഥലം	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
കെ.എൻ. ഹൈസ്ക്കൂൾ	ഉണ്ട്	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
ഗവ. യു.പി. കരിയാട്	ഇല്ല	10 സെക്കന്റ്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	വന്യ വകുപ്പ് സ്ഥലം
ഗവ: യു.പി. പുതുശ്ശേരി	ഇല്ല	18 സെന്റ്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	റവന്യൂ വകുപ്പ് സ്ഥലം
കെ. എൻ യു.പി.	ഉണ്ട്	30 സെന്റ്	ഇല്ല	ഉണ്ട്	ഇല്ല്	ഉണ്ട്	ഉണ്ട്
പുളിയ നമ്പം എം.യു.പി. "	ഉണ്ട്	1ഏക്കർ	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
കിടത്തി യു.പി.	ഉണ്ട്	1.5 ഏക്കർ	2700 ച.മി.	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
പുളിയനമ്പം L.P.	ഉണ്ട്	30 സെക്കന്റ്	10 സെക്കന്റ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
പുത്തൻ പറമ്പ് L.P	ഉണ്ട്	10 സെന്റ്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
കരിയാട്ട് നൂ മസ്ലിം	ഉണ്ട്	20 സെന്റ്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
കരിടയാട് L.P.	ഉണ്ട്	4 സെന്റ്	ഇല്ല്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
എൻ. ഐ. എം. L.P.	ഉണ്ട്	5 സെന്റ്	ഇല്ല	ഇല്ല്	ഇല്ല	ഇല്ല	ഇല്ല

ക്ലാസ്സ്	30 % താഴെ	30-4- മാർക്ക് നേടുന്നവർ	40-50 % മാർക്ക് നേടുന്നവർ	50-60% മാർക്ക് നേടുന്നവർ	60 ന് മുകളിൽ മാർക്ക് നേടുന്നവർ
III	39	94	99	69	99
iv	40	99	130	89	62
v	45	171	100	57	48
vi	87	235	104	40	36
vii	135	208	151	40	48
viii	230	35	19	6	4
ix	212	37	18	9	3
x	191	20	19	7	2

1995-96 S.S.L.C

ആകെ	ആൺ	പെൺ	വിജയ ശതമാനം	ഡിസ്റ്റിംഗഷൻ	ഫസ്റ്റ്ക്ലാസ്സ്	സെക്കന്റ് ക്ലാസ്സ്
207	96	111	ഇല്ല	ഇല്ല	ഇല്ല	ഇല്ല
78	42	36	39	2	14	11

മുൻ കൊല്ലങ്ങളിലെ S.S.L.C ഫലങ്ങൾ പരിശോധിച്ചാൽ ഹൈസ്ക്കൂളിന്റെ ആദ്യവർഷങ്ങളിലുണ്ടായിട്ടുള്ള വിജയശതമാനം പിന്നീട് ആവർത്തിക്കാൻ സാധിച്ചിട്ടില്ലെന്ന് കാണാം. എന്നൽ കഴിഞ്ഞ വർഷം അടുത്ത പഞ്ചായത്തിലെ വിജയശതമാനവുംമായി താരതമ്യം ചെയ്യുമ്പോൾ ഈ പഞ്ചായത്തിലെ ഏക ഹൈ സ്ക്കൂളായ കെ.എൻ. ഹൈസ്ക്കൂൾ അല്പം മുന്നിലാണെന്ന് കാണുന്നു.

L.P., U.P. സ്ക്കൂളിൽ ഓരോ വിഷയത്തിനും നീക്കിവെക്കുന്ന പിരീഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

എൽ. പി.

വിഷയം	I	II	III	IV
മലയാളം	10	10	10	10
കണക്ക്	6	6	6	6
പരിസ്ഥിതി പഠനം	5	5	6	6
പ്രവൃത്തി പരിചയം	6	6	6	6
കലാപഠനം	4	4	3	4
കായിക പഠനം	4	4	4	3
ഇംഗ്ലീഷ്-	-	-	-	2
ആകെ	35	35	35	35

യു. പി

വിഷയം	V	VI	VII
ഭാഷ	4	4	4
മലയാളം I	2	2	2
ഇംഗ്ലീഷ്	6	5	5
ഹിന്ദി	2	3	3
കണക്ക്	5	5	5
സയൻസ്	5	5	5
സാമൂഹ്യപാഠം	4	4	4

പ്രവൃത്തി പരിചയം	3	3	3
കലാപഠനം	2	2	2
കായിക പഠനം	2	2	2
ആകെ	35	35	35

H.S.

വിഷയം	VIII	IX	X
ഭാഷ	4	4	4
മലയാളം II	2	2	2
ഇംഗ്ലീഷ്	5	5	5
ഹിന്ദി	3	3	3
കണക്ക്	5	5	5
സയൻസ്	6	6	7
സാമൂഹ്യശാസ്ത്രം	4	5	5
പ്രവൃത്തി പരിചയം	2	2	1
കലാപഠനം	2	2	1
കായിക പഠനം	2	1	1
ആകെ	35	35	35

സിലബസ്സിൽ അനുവദിക്കപ്പെട്ടിട്ടുള്ള പിരിയഡുകളുടെ പട്ടിക പരിശോധിച്ചാൽ കലാ, കായിക പ്രവൃത്തി പരിചയ പരിശീലനങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള പിരിയഡ് എൽ.പി. വിഭാഗത്തിൽ മൊത്തം പിരിയഡിന്റെ 40 % വും യു.പി. വിഭാഗത്തിൽ 20% ആണ്, എന്നാൽ ഈ വിഷയങ്ങൾക്കായി പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകർ പഞ്ചായത്തിൽ പ്രൈമറി വിഭാഗത്തിൽ കെ. എൻ. .യു. പി. സ്ക്കൂളിൽ ഒരു കായിക അധ്യാപകനും ഒരു ക്രാഫറ്റ് അധ്യാപകനും മാത്രമാണ് ഹൈസ്ക്കൂളിൽ വേണ്ടത്ര അധ്യാപകരുണ്ട്. കായികാധ്യാപകനുള്ള പ്രൈമറി സ്ക്കൂളിൽ കായിക രംഗത്ത് നേട്ടങ്ങൾ കൈവരിക്കുന്നുണ്ട്. ഹൈസ്ക്കൂളിൽ നല്ല ഒരു ലബോറട്ടറിയും, ലൈബ്രറിയും, പ്രവർത്തിക്കുന്നുണ്ട് ഹൈസ്ക്കൂളിലെ സയൻസ് ക്ലബ് ജില്ലാതലത്തിൽ നേട്ടം ഉണ്ടാക്കിയിട്ടുണ്ട്.

ഗ്രാമസഭാ റിപ്പോർട്ടു പ്രകാരം ഒരു സ്ക്കൂളിന്റേത് ഒഴിച്ച് മറ്റെല്ലാം സ്ക്കൂളുകളുടെയും പി.ടി.എ സജീവമാണെന്ന് കാണുന്നു. സ്ക്കൂളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ പി.ടി.എ സമിതികൾ കാര്യമായ പങ്കുവഹിച്ചിട്ടുള്ളതായി കാണുന്നു. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ചിലവുകളിൽ വലിയൊരു ഭാഗം പി.ടി.എ വഹിക്കുന്നുണ്ട്.

അനൗപചാരിക വിദ്യാഭ്യാസം

പഞ്ചായത്തിൽ വായനശാലകളും ഗ്രന്ഥാലയങ്ങളും കുറവാണ്. മുൻ കാലങ്ങളിൽ കിടഞ്ഞിയിൽ രണ്ടും, പുളിയനമ്പ്രത്ത് ഒന്നും ചക്കര സൊസൈറ്റിക്ക് സമീപം ഒന്നും വായനശാലകളും ഗ്രന്ഥാലയങ്ങളും ഉണ്ടായിരുന്നു. ഈ വായനശാലകളും ഗ്രന്ഥാലയങ്ങളും നശിച്ചു പോകുകയാണ് ചെയ്തത്. ഗ്രാമസഭാ ചർച്ചകളിൽ വായനശാലകൾ സ്ഥാപിക്കുവാനുള്ള സന്നദ്ധത പലയിടങ്ങളിലും പ്രകടിപ്പിക്കുകയുണ്ടായി.

അടുത്തകാലത്തായി ഗുരുകുലം പദ്ധതി അനുസരിച്ച് ലീഡ് സ്ക്കൂൾ കേന്ദ്രീകരിച്ച് പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ അയൽ കൂട്ടങ്ങൾ സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. സ്ക്കൂളുകളിൽ മാതൃസംഗമവും അദ്ധ്യാപക സംഗമവും നടന്നിട്ടുണ്ട്. ഇത് പഠന രംഗത്ത് ഒരു പുത്തൻ ഉണർവിന് ഇടയാക്കി.

പഞ്ചായത്തിൽ മൂന്ന് വാർഡുകളിൽ മാത്രമെ നേഴ്സറികൾ ഉള്ളു. മുക്കാളിക്കരയിലും, തെരുവിലും ഓരോ ബാലവാടി ഉണ്ട്. പരിമിതമായ സൗകര്യങ്ങൾ മാത്രം നിലവാരം തൃപ്തികരമല്ല. അംഗീകൃത പ്രീ-പ്രൈമറി പഠന സംവിധാനങ്ങളൊന്നുമില്ല.

സമീപ പ്രദേശങ്ങളിൽ പുതിയ സ്ക്കൂളുകൾ വരുമ്പോൾ നിലവിലുള്ള സ്ക്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞതായി കാണുന്നു. അടുത്തുള്ള സ്കൂളുകളിൽ തന്നെ പഠിക്കണമെന്ന പ്രവണത കുറഞ്ഞുവരുന്നുഇവിടെ പഞ്ചായത്തിനു പുറത്തുനിന്നുള്ള കുട്ടികൾ പഠനം നടത്തുന്നുമുണ്ട്. പലവാർഡുകളിലും നിരക്ഷരർ ഉണ്ട് തുടർവിദ്യാഭ്യാസ പരിപാടി ഇപ്പോൾ നടക്കുന്നില്ല. കായിക രംഗത്ത് പഞ്ചായത്തിന് തിളക്കാമാർന്ന പാരമ്പര്യമുണ്ടെങ്കിലും സ്ക്കൂളുകളിൽ അത് വേണ്ടത്ര പ്രതിഫലിച്ചു കാണുന്നില്ല.

ഉന്നത വിദ്യാഭ്യാസത്തിനായി പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിലെ കോളേജുകളിലും, പാരലൽ കോളേജുകളിലും, ടെക്നിക്കൽ സ്ഥാപനങ്ങളിലും ആണ് വിദ്യാർത്ഥികൾ പോയി പഠിക്കുന്നത്.

പ്രശ്നങ്ങൾ

1. ഭൂരിപക്ഷം സ്ക്കൂളുകളിലും ഭൗതിക സാഹചര്യം പരിതാപകരമാണ്.

2. പ്രമോഷൻ സമ്പ്രദായം ദോഷം ചെയ്യുന്നു.

3. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ശാസ്ത്രീയമല്ല

4. വിദ്യാർത്ഥി സമരങ്ങൾ പഠനത്തെ ബാധിക്കുന്നു.

5. അദ്ധ്യാപക സമരങ്ങൾ പഠനത്തെ ബാധിക്കുന്നു.

6. സമൂഹത്തിന്റെ താല്പര്യക്കുറവ്.

7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസമില്ല

8. അനൗപചാരിക വിദ്യാഭ്യാസ സൗകര്യം വളരെ കുറവ്

9. T. V യുടെ അതിപ്രസരം

10. പ്രീ-പ്രൈമറി പഠന സൗകര്യം തീരെ ഇല്ല.

12. നേഴ്സറി സ്ക്കൂളുകളിൽ .യോഗ്യതയുള്ള അദ്ധ്യാപകരും അടിസ്ഥാന സൗകര്യങ്ങളും ഇല്ല.

12. പരീക്ഷാ സമ്പ്രദായത്തിലെ അപാകതകൾ

സാധ്യതകൾ

1. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ജനകീയ ഇടപെടലുകൾ ആലോചിക്കുക.

2. ഗുരുകുലം പദ്ധതി സജീവമാക്കുക.

3. അധ്യാപന നിലവാരം വർദ്ധിപ്പിക്കുന്നതിന്ന് ബഹുജന ഇടപെടൽ ശക്തമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുക.

4. തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസം സാധ്യമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുക.

5. പ്രീ-പ്രൈമറി പഠനം അനൗപചാരികമാക്കുന്നതിന് ബോധവൽക്കരണം സാധ്യാമാക്കുക.

6. പ്രൈമറി തലത്തിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ബഹുജന ഇടപെടലിന് സാധ്യത പരിശോധിക്കുക.

7. ദൃശ്യ, ശ്രാവ്യ ഉപകരണങ്ങൾ ലഭ്യമായ സ്ക്കുളുകളിൽ അവ പ്രവൃർത്തിപ്പിക്കുന്നതിന് വൈദ്യുതി ബന്ധം സ്ഥാപിക്കുന്നതിനുള്ള സാധ്യത.

സംസ്കാരം

കേരളത്തിന്റെ പൊതുവായ സാമൂഹ്യ സാംസ്കാരിക ചരിത്രത്തിൽ നിന്നും ഏറെയൊന്നും വിഭിന്നമല്ല കരിയാടിന്റെ സമീപകാല ചരിത്രവും കേരളത്തിലെ സാമൂഹ്യ മണ്ഡലത്തിലുണ്ടായ ചലനങ്ങൾ സ്വാഭാവികമായും കരിയാടിന്റെ ചരിത്രത്തിലും അലകളുയർത്തുകയുണ്ടായി. സാമൂഹ്യ പരിഷ്ക്കരണത്തിന്റെയും ദേശീയ വിമോചന പോരാട്ടങ്ങളുടെയും അനുരണനങ്ങൾ കരിയാടിന്റെ ചരിത്രഗതിയെയും സ്വാധീനിച്ചതായി കാണാം. എന്നാൽ പൊതുവായ ഈ പാശ്ചാത്തലത്തിനപ്പുറം കരിയാടിന്റെ ചരിത്ര ഭൂമികയെ വ്യതിരിക്തമാക്കുന്ന ഒട്ടേറെ ഘടകങ്ങളുണ്ട് ജാതി വ്യവസ്ഥയുടെയും ജന്മി നാടുവാഴിത്തത്തിന്റെയും ഭാഗമായ തൊട്ടുകൂടായ്മ പോലുള്ള ഉച്ചനീചത്വങ്ങൾ സമൂഹത്തിൽ നിലനിന്നിരുന്നു. എന്നാൽ ഈ സാമൂഹ്യ വൈരുദ്ധ്യങ്ങൾക്ക് സംഘർഷങ്ങളുടെ നിറം കൈവരിച്ചില്ലെന്നുള്ളത് കരിയാടിന്റെ പ്രത്യേകതയാണ്. ജന്മി വ്യവസ്ഥയുടെ അടിച്ചമർത്തലുകളും ജാതിവ്യവസ്ഥയുടെ പീഡനങ്ങളും കരിയാടിന്റെ ചരിത്രത്തിൽ താരതമ്യേന കുറവായിരുന്നു അധീശ കുടുംബങ്ങളുടെ ഉത്പതിഷ്ണുത്വവും സഹവർത്തിത്വബോധവുമാണ് സാമൂഹ്യ സംഘർഷങ്ങളുടെ സാധ്യത ഒരു പരിധിവരെ ഇല്ലായ്മ ചെയ്തത്. ദേശീയ വിമോചന പ്രസ്ഥാന ചരിത്രത്തിലെ കരിയാടിന്റെ പ്രവേശനവും ഈ നാടുവാഴി കുടുംബങ്ങളുടെ നേതൃത്വത്തിലായിരുന്നു.

കേരളത്തിന്റെ ഇതര ഭാഗങ്ങളിൽ വർഗ്ഗീയ വൈരം അസ്വസ്ഥത വിതച്ചപ്പോഴും മതമൈത്രികാത്തു സൂക്ഷിച്ചുവെന്ന അഭിമാനാർഹമായ പൈതൃകവും കരിയാടിനുണ്ട്. സഹവർത്തിത്വത്തിന്റെയും സഹജാവബോധത്തിന്റെയും ഈ അന്തർധാരകളാണ് കരിയാടിന്റെ സാംസ്ക്കാരികാവസ്ഥകളെ നിർണയിച്ചത്. ക്ഷേത്രകലകളും നാടൻ കലകളുമായിരുന്നു. ആദ്യ കാലങ്ങളിൽ സാംസ്ക്കാരിക വളർച്ചയുടെ മുഖ്യ വേദികളായിരുന്നുത്. പിന്നീട് വിദ്യാലയങ്ങളും സാംസ്കാരിക മണ്ഡലങ്ങളിൽ ഏറെ സ്വാധീനം ചെലുത്താൻ തുടങ്ങി. എന്നാൽ വായനശാലാ ഗ്രന്ഥശാലാ പ്രസ്ഥാനം കരിയാടിന്റെ സാംസ്കരിക മണ്ഡലത്തിൽ പ്രത്യക്ഷപ്പെടുന്നത് ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയുടെ അവസാന ദശകത്തിലാണ്.

പ്രധാനമായും ഹിന്ദുമുസ്ലീം വിഭാഗങ്ങളാണ് നമ്മുടെ ഗ്രാമങ്ങളിലുള്ളത്. വളരെ പ്രശ്സ്തമായ ആരാധനാലയങ്ങളും ഉത്സവങ്ങളും നമുക്കില്ല. പ്രധാനമായും പള്ളിക്കുനി പരദേവതാ ക്ഷേത്രത്തിലും തെരു ഗണപതി ക്ഷേത്രം, കിടഞ്ഞി കൊല്ലയ്യറത്ത് മേക്കുന്ന് കണ്ടോത്ത് ക്ഷേത്രങ്ങളിലുമാണ് വർഷം തോറും ഉത്സവങ്ങൾ നടത്താറുള്ളത് ജാതിമത ഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങളും ഈ ഉത്സവങ്ങളിൽ പങ്കെടുക്കാറുണ്ട്. പള്ളിക്കുനി പരദേവതാ ക്ഷേത്രം, തെരുഗണപതിക്ഷേത്രം, മേക്കുന്ന് കണ്ടോത്ത് ഭഗവതീ ക്ഷേത്രം കിടഞ്ഞികൊല്ലറത്ത് ക്ഷേത്രം, പടന്നക്കര മഠത്തിൽ ക്ഷേത്രം, അങ്ങാടിമ്പത്ത് നാഗഭഗവതീ ക്ഷേത്രം പുതശ്ശേരി പള്ളി, പുത്തൻ പള്ളി, കിടഞ്ഞി പള്ളി, പടന്നക്കര പള്ളി, പുളിയ നമ്പ്രം കാട്ടിൽ പള്ളി താവുമ്പ്രം പള്ളി, ഒലിപ്പിൽ പള്ളി, നൂഞ്ഞിവയൽ പള്ളി എന്നിവയാണ് പ്രധാനപ്പെട്ട ആരാധനാലയങ്ങൾ.

ജാതി ഘടന

ഹിന്ദുക്കളിൽ പ്രബല വിഭാഗം തിയ്യ സമുദായമാണ്. ഇത് 40% ത്തോളം വരും. മുപ്പത്തഞ്ച് ശതമാനത്തോളം മുസ്ലീങ്ങളും പത്ത് ശതമാനത്തോളം നായർ സമുദായവും പതിനഞ്ച് ശതമാനത്തോളം മറ്റു വിഭാഗവുമാണ്. I.R.D.P സർവ്വേ പ്രകാരം 1102

കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണ് ഇടത്തരം കൃഷിക്കാർ പത്ത് ശതമാനം വരും. ആയിരത്തോളം പേർ ഗൾഫ് രാജ്യങ്ങളിൽ തൊഴിലെടുക്കുന്നവരാണ്. പാരമ്പര്യ തൊഴിൽ മേഖലയായ നെയ്ത്ത്, മൺപാത്ര നിർമ്മാണം, ആശാരിപ്പണി, കൊല്ലപ്പണി, പായ, കൊട്ട നെയ്ത്ത്, സ്വർണ്ണപ്പണി എന്നീ തൊഴിലുകൾ നമ്മുടെ ഗ്രാമത്തിലുണ്ട് കർഷകസംഘടനകൾ, കാർഷിക തൊഴിലാളി സംഘടനകൾ, നെയ്ത്ത് തൊഴിലാളി സംഘടനകൾ എന്നിവ തൊഴിൽ മേഖലയിൽ സജീവമായി രംഗത്തുണ്ട്. ഒരു കാലത്ത് തീഷ്ണമായിരുന്ന തൊട്ടുകൂടായ്മ പോലുള്ള അനാചാരങ്ങൾ പൂർണ്ണമായും ഇന്നത്തെകാലത്ത് ഇല്ലാതായി. സാമൂഹ്യ ആചാരങ്ങളിലും ആഘോഷങ്ങളിലും പ്രകടമായ മാറ്റം അടുത്തകാലത്തായി വന്നിട്ടുണ്ട്. ജാതി മത ഭേദമന്യേ വിവാഹങ്ങൾ ആർഭാടപൂർണ്ണമായി മാറി. ഒന്നോരണ്ടോ ദിവസം മുമ്പുതന്നെ വിവാഹാഘോഷങ്ങൾ തുടങ്ങുന്ന പ്രവണത മാത്രമല്ല സ്ത്രീധന മെന്ന അനാചാരം നമ്മുടെ നാട്ടിൽ ഇല്ലെങ്കിലും വധുവിന് കൊടുക്കുന്ന സ്വർണ്ണത്തിന്റെ അളവ് പതിൻമടങ്ങ് വർദ്ധിക്കുന്ന സ്ഥിതിയിലായിട്ടുണ്ട്. ഒരു കാലത്ത് വളരെ കുറഞ്ഞവന്നിരുന്ന മരണാനന്തര ചടങ്ങുകൾ ഇല്ലോൾ ആർഭാടപൂർവ്വം തിരിച്ചു വരുന്നു. ഇങ്ങിനെയുള്ള ആഘോഷങ്ങളും ആചാരങ്ങളും തുടങ്ങിവെച്ചതിനാൽ പലകുടുംബങ്ങളും കടക്കെണിയിൽ നിന്നും രക്ഷപ്പെടാൻ കഴിയാതെ വിഷമിക്കുന്നുണ്ട്.

ഹിന്ദുമതത്തിലെ ജാതി സമ്പ്രദായത്തിനെതിരെ പ്രവർത്തിച്ചവരിൽ പ്രഥമ ഗണനീയനാണ് ശ്രീ കുനിയിൽ ഗോവിന്ദൻ. പള്ളിക്കുനി ക്ഷേത്രത്തിലും തെരുഗണപതി ക്ഷേത്രത്തിലും അവർണ്ണ സമുദായങ്ങൾക്ക് പ്രവേശനം നൽകുന്നതിൽ ശ്രീ കുനിയിൽ ഗോവിന്ദൻ വഹിച്ച പങ്ക് തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. സ്വന്തം മാനേജ്മെന്റിലുള്ള സ്ക്കൂളിൽ സ്വസമുദായത്തിന്റെ എതിർപ്പിനെ വെല്ലുവിളിച്ചുകൊണ്ട് ശ്രീ. പി. ഈ . കുഞ്ഞിരാമൻ നമ്പ്യാർ നാല് ഹരിജൻ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതും ജാതി വ്യവസ്ഥയ്ക്കെതിരായ സമരത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്.

പഞ്ചായത്തിൽ ഗ്രന്ഥാലയങ്ങളുടെ പ്രവർത്തന പുറകോട്ടാണ് ലൈബ്രറി സൗകര്യം അല്പമെങ്കിലും പ്രയോജനപ്പെടുത്തുന്നത് സാമാന്യ വിദ്യാഭ്യാസം ലഭിച്ച യുവാക്കളും തൊഴിലാളികളുമാണ്. സ്ത്രീകളുടെ പങ്ക് ഈ മേഖലയിൽ കുറവാണ്. കെ. ചാത്തു മാസ്റ്റർ സ്മാരക വായനശാലയിലും എൽ. എൽ. എ യിലുമാണ് ഗ്രന്ഥാലയ സൗകര്യമുള്ളത്. മുമ്പുകാലത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന സുഭാഷ് ലൈബ്രറി റീഡിംഗ് റൂം ഇന്ന് പ്രവർത്തന രഹിതമാണെങ്കിലും പഴയ കാല സാംസ്കാരിക പ്രവർത്തനങ്ങളിൽ മുഖ്യ പങ്ക് വഹിച്ചിരുന്നു. വീണ്ടും പ്രവർത്തന സജ്ജമാക്കാനുള്ള ശ്രമം നടന്നുവരുന്നു. പഞ്ചായത്ത് എൻ.പി. എം. സ്മാരക സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുകയും വിപുലമായ ലൈബ്രറി സൗകര്യം സജ്ജമാക്കിക്കൊണ്ടിരിക്കുകയുമാണ്.

പുസ്തകങ്ങളുടെ ഗുണനിലവാരം കുറവാണ്. രണ്ടാം കിടഎഴുത്തുകാരുടെ സാഹിത്യ രചനകൾക്കാണ് പൊതുവെ പ്രിയം. എൽ.എൽ. എ യിൽ വർഷം തോറും പുതിയ പുസ്തകങ്ങൾ വാങ്ങാറുണ്ട് .ദിനപത്രങ്ങളിൽ മാതൃഭൂമി, മലയാളമനോരമ, ദേശാഭിമാനി,, മാധ്യമം, ജന്മഭൂമി, കേരള കൗമുദി, ചന്ദ്രിക, മുതലായ പത്രങ്ങളാണ് നമ്മുടെ ഗ്രാമത്തിൽ പ്രചാരത്തിലുള്ളത്. അടുത്തകാലത്തായി പടയണി, രാഷ്ട്രദീപിക സായാഹ്ന പത്രങ്ങളും വരുന്നുണ്ട്. മാതൃഭൂമി, മനോരമ, കലാകൗമുദി, ദേശാഭിമാനി, ചന്ദ്രിക, മംഗളം എന്നീ ആഴ്ച പതിപ്പുകൾ ഇവിടെ പ്രചാരത്തിലുണ്ട്. കരിയാട് എൽ.എൽ. എ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ.

1975-77 കാലഘട്ടത്തിൽ രേഖ എന്നു പേരായ ഒരു കൈയ്യെഴുത്ത് മാസിക പ്രസിദ്ധീകരിച്ചിരുന്നു.

പണ്ടുകാലത്ത് ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ചും ക്ലബുകളുടെയും സ്ക്കൂളുകളുടെയും വാർഷികാഘോഷത്തോടനുബന്ധിച്ചും നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. പ്രതിഭാസമ്പന്നരായിരുന്ന പരേതരനായ കുനിയിൽ ഗോവിന്ദൻ, ടി.എച്ച്. കുഞ്ഞികൃഷ്ണൻ, കെ.പി. നാരായണൻ നമ്പ്യാർ എന്നിവരും, എൻ. സി.ടി വിജയകുമാർ, എം.കെ.കെ. നായർ, ടി.എച്ച് കുഞ്ഞിരാമൻ മാസ്റ്റർ രാജാവ് കേളു, നാരദൻ കുഞ്ഞിക്കണ്ണൻ, കെ. നാണുമാസ്റ്റർ, കൊപ്പരക്കളത്തിൽ രാധ, ടി.എം. ചന്ദ്രി, പി.എം. രാധ എന്നിവരും കഴിഞ്ഞകാല നടീനടന്മാരായിരുന്നു. പുതിയ തലമുറയിലും സർഗ്ഗനധരായ നാടക പ്രവർത്തകരുണ്ട്. കെ.എൻ.യു.പി സ്ക്കൂൾ കേന്ദ്രീകരിച്ച് കാൽനൂറ്റാണ്ട് മുമ്പ് സ്ഥിരമായി പ്രൊഫഷണൽ നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. പണ്ടുകാലത്തെ പാരമ്പര്യ ആയോധന കലയായ കളരി, പലസ്ഥലങ്ങളിലും അഭ്യസിപ്പിച്ചിരുന്നു. കരിയാട് കലാമന്ദിരം, ഉദയസൂര്യകലാവേദി, പ്രിയദർശിനി സാംസ്കാരിക കേന്ദ്രം എന്നിവ നാടക അവതരണ രംഗത്ത് സജീവമാണ് റേഡിയോ നാടകങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ച കലാകാരനാണ് ടി.എച്ച്. കുഞ്ഞിരാമൻ മാസ്റ്റർ വളരെപണ്ട് തന്നെ അനൗപചാരിക വിദ്യാഭ്യാസം പോലും ലഭിക്കാതിരുന്ന തൊഴിലാളി സ്ത്രീകൾ നാട്ടിപാട്ടുകളും

നമ്പർ	ഗ്രന്ഥാലയത്തിന്റെ പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം		മാസം തോറുമുള്ള പുസ്ത വിതരണം	ആനുകാലികങ്ങളുടെ പൊതു പ്രവർത്തനം എണ്ണം	
1.	എൽ.എൽ. എ	1971	സി	3, 000		200	4 പത്രം	ഇല്ല
2.	കെ ചാത്തുമാസ്റ്റർ വായനശാല	1974	-	500	50	3 ആനുകാലികം 4 പത്രം		10 ആഴ്ചപ്പതിപ്പ് നിർധന വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചികിത്സാ സഹായം പാവപ്പെട്ട കുട്ടികൾക്ക് പരിശോധന സഹായം റോഡ് നിർമാണം വീട് വയ്ക്കാൻ ധന സഹായം
3.	കുതിയിൽ ഗോവിന്ദൻ കുട്ടി	1981	-	325	25	1-ദിനപത്രം 1 ആഴ്ചപ്പതിപ്പ്		ഇല്ല
4	എകെജി മെമ്മോറിയൽ വായനശാല പടന്നക്കര	1994	-	-	-	2 ദിനപത്രം 2 ആഴ്ചപ്പതിപ്പ്		ഇല്ല
5.	ശശിസ്മാരക വായനശാല	-	-	-	-	1- ദിനപത്രം 1 ആഴ്ചപ്പതിപ്പ്		ഇല്ല
6.	സുഭാഷ് ലൈബ്രറി കാഞ്ഞിരക്കടവ്							
7	മുസ്ലീം വെൽഫെയർ ജമാഅത്ത്	1996	-	75	25	4 ദിനപത്രം 2. ആഴ്ചപ്പതിപ്പ്		

പട്ടിക 2

പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം.	സംഗീതനാടക അക്കാദമി സ്പോർട്ട്സ് അംഗീകാരം		സ്വന്തമായ കെട്ടിടം	ടി. വി. റേഡിയോ	മുഖ്യ പ്രവർത്തന മേഖല
1. പി. എം. എസ് ഡി	1972	50	ഉണ്ട്	ഇല്ല	ഇല്ല		വോളിബോൾ മേഖല
2. അനിൽ കലാവേദി	1995	-	ഇല്ല	"	"		കലാപ്രവർത്തനം
3 സംഘചേതന	1988	39	ഇല്ല	"	"		കലാ സാംസ്കാരിക
4. ഉദയ സൂര്യ	1987	31	ഉണ്ട്	ഇല്ല	"		കലാസാംസ്കാരികം
5. കരിയാട് കലാമന്ദിരം	1971	"	ഇല്ല	ഉണ്ട്	ഉണ്ട്		കലാസാംസ്കാരികം

വടക്കൻ പാട്ടുകളും പാടാറുണ്ടായിരുന്നു. പക്ഷെ കലാസമിതികളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്.

ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ വ്യാപനം കാര്യമായ രീതിയിൽ തന്നെ ഈ പഞ്ചായത്തിലും നടന്നിട്ടുണ്ട്. ഏകദേശം പത്ത് ശതമാനത്തോളം വീടുകളിൽ ടി.വി. ഉണ്ട്. പൊതുകേന്ദ്രങ്ങളിൽ ടെലിവിഷൻ സ്ഥാപിച്ചിട്ടുള്ളത് മൂന്ന് സ്ഥാപനങ്ങളിലാണ്. ഞായറാഴ്ചകളിൽ ജനസംഖ്യയിൽ അറുപത് ശതമാനത്തോളം ടി.വി. പരിപാടികൾ കാണുന്നവരാണ്. കേബിൾ ടി. വി. നെറ്റുവർക്കുകൾ നമ്മുടെ പഞ്ചായത്തിൽ തീരെയില്ല. സിനിമാശാലകളുടെ കാര്യത്തിലും നമ്മുടെ ഗ്രാമം ശൂന്യമാണ്.

പഞ്ചായത്തിൽ പൊതുകളിസ്ഥലമില്ല സ്ക്കൂളിൽ കെ.എൻ. ഹൈസ്ക്കൂളിന് മാത്രമേ സ്വന്തമായി കളിസ്ഥലമുള്ളൂ കരിയാടിന് സ്വന്തമായ വോളിബോൾ പൈതൃകമുണ്ട് പഴയകാലകളിക്കാരായ എ.കെ. മമ്മു മാസ്റ്റർ പരേതനായ കെ. പത്മനാഭൻ, കെ.എൻ. കരുണാകരൻ നമ്പ്യാർ എം. ബാലകൃഷ്ണൻ നമ്പ്യാർ പരേതനായ കെ.പി. നാരായണൻ നമ്പ്യാർ എന്നിവർ പ്രശസ്തരായ വോളിബോൾ താരങ്ങളാണ് പി.എം. എസ്.സി. യുടെ നേതൃത്വത്തിൽ നല്ലൊരു വോളിബോൾ ടീം ഇവിടെയുണ്ട്

വർഷം തോറും ഇവരുടെ നേതൃത്വത്തിൽ കേരളത്തിലെ പ്രശസ്തമായ ടീമുകളെ പങ്കെടുപ്പിച്ചു കൊണ്ട് വോളിബോൾ ടൂർണ്ണമെന്റ് നടത്തിവരുന്നുണ്ട്. 1995 ൽ കണ്ണൂർ ജില്ലാ വോളിബോൾ ചാമ്പ്യൻഷിപ്പ് ഇവിടെ വിജയകരമായി പി.എം. എസ്.സി. യുടെ ആഭിമുഖ്യത്തിൽ നടത്തിയിരുന്നു. സർവ്വകലാശാല-സംസ്ഥാന ടീമുകളിൽ അംഗങ്ങളായ കളിക്കാരെ വാർത്തെടുക്കുന്നതിൽ ഈ ക്ലബ്ബ് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട് P.M.C.S യുടെ നേതൃത്വത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്ഥിരമായി കോച്ചിംഗ് നടന്നുവരുന്നു. ഈ ടീമിലെ അംഗങ്ങളായ ജിഷ. ടി.കെ, സജില പി.കെ എന്നീ കുട്ടികൾ സ്റ്റേറ്റ് മിനി വോളിബോൾ ടീമിലക്ക് തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

സംസ്ഥാനസ്ക്കൂൾ കായിക മേളയിൽ ലോഗ്ജംപിൽ ഒന്നാംസ്ഥാനവും, കൽക്കത്തയിൽ വെച്ച് നടന്ന ദേശീയ കായിക മേളയിൽ ലോംഗ് ജംപിൽ മൂന്നാം സ്ഥാനവും നേടിയ സി.കെ. സിന്ധു നമ്മുടെ ഗ്രാമത്തിന്റെ അഭിമാനമാണ്.

പ്രശ്നങ്ങൾ

1. ഗ്രന്ഥാലയങ്ങളും വായനശാലകളും വളരെ കുറവാണ്.

2. വായനയെ ഗൗരവമായി കാണുന്നില്ല

3. മൂന്നാംകിട സാഹിത്യത്തോടുള്ള സമൂഹത്തിന്റെ ആഭിമുഖ്യം.

4. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം.

5. പുതിയ അനാചാരങ്ങൾ, ആർഭാടപൂർവ്വമായ വിവാഹ ചെലവേറിയ മരണാനന്തര ചടങ്ങുകൾ

6. കായിക വിനോദ സൗകര്യങ്ങളുടെ അപര്യാപ്തത.

7. കലാസാംസ്കാരിക സംഘടനകൾക്ക് സാമ്പത്തിക പരാധീനത അനുഭവപ്പെടുന്നു.

8. തനത് കലകളുടെ നാശം- പ്രത്യേകിച്ചും വേടൻ, കാലൻ, കോതാമുരി,രാജസൂയം, കോൽക്കളി, പൂരക്കളി, നാട്ടിപ്പാട്ട്, തിരുവാതിരക്കളി, കുമ്മിയടി, ചരട് കുത്തിക്കളി

9. സ്ത്രീകളെ ഉപഭോഗവസ്തുക്കളായി കാണുന്ന പ്രവണത വർദ്ധിച്ചു വരുന്ന പ്രത്യേകിച്ചും മാധ്യമങ്ങളിലൂടെ.

സാധ്യതകൾ

1. ഭവനങ്ങൾ തോറുമുള്ള ലൈബ്രറി വിതരണത്തെക്കുറിച്ച് ആലോചിക്കുക

2. റഫറൻസ് ഗ്രന്ഥങ്ങൾ, കാർഷിക വ്യാവസായിക മേഖലകളെ പരാമർശിക്കുന്ന ഗ്രന്ഥങ്ങളും സൗജന്യമായി നല്കുന്നത് പരിഗണിക്കുക.

3. ഗ്രാന്റ് വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുക.

4. ലൈബ്രറി കൗൺസിൽ അംഗീകരിച്ച ലൈബ്രറികളിൽ സ്ഥിരം ലൈബ്രേറിയനെ നിയമിക്കുന്ന കാര്യം പരിഗണിക്കുക.

5. പ്രാദേശിക മായ പൊതു ആഘോഷങ്ങളും ഉത്സവങ്ങളും പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിഗണിക്കുക ഓണം, പെരുന്നാൾ, ക്രിസ്തുമസ്സ് തുടങ്ങിയ പൊതുവായി ആഘോഷിക്കുന്ന കാര്യം ആലോചിക്കുക.

6. പഞ്ചായത്ത് സ്റ്റേഡിയം ഉപയുക്തമാക്കാൻ ശ്രമിക്കുക.

7. ഫിലിം സൊസൈറ്റി വീഡിയോ ക്ലാബ്ബ് എന്നീ സ്ഥാപനങ്ങളെ കുറിച്ച് ആലോചിക്കുക.

8. പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ച് കലാകായിക സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുക.

9. അനാചാരങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം

10. മതസൗഹാർദ്ദം വളർത്തുവാനുള്ള പരിപാടികൾ

11. നാടൻ കലകൾക്ക് പ്രത്യേക പ്രോത്സാഹനം നല്കുന്നതിനെ കുറിച്ച് ആലോചിക്കുക.

പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമം

1991 ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ മൊത്തം പട്ടിക ജാതി ജനസംഖ്യ 355 ആണ്. ഇതിൽ 172 പുരുഷൻമാരും 183 സ്ത്രീകളും ആണ്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 17995 ന്റെ 2% ആണ് പട്ടിക വർഗ്ഗത്തിൽ പെട്ടവർ ഈ പഞ്ചായത്തിൽ അധിവസിക്കുന്നില്ല 1991 ശേഷമുള്ള വർദ്ധനവ് സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. പട്ടിക ജാതിയിൽ പെട്ടവർക്ക് പ്രത്യേക അധിവാസ കേന്ദ്രങ്ങൾ ഇല്ല എങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂട്ടമായി താമസിക്കുന്ന എട്ടുവരെയുള്ള കുടുംബങ്ങളുണ്ട്. ഇവരുടെ സാമൂഹ്യ സാംസ്കാരിക സൗകര്യങ്ങളെ സംബന്ധിച്ച് താഴെ വിവരിക്കുന്നു.

വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സിക്ക് ശേഷം തുടർന്നു പഠിക്കുന്നതിന് പലകുട്ടികളും താത്പര്യം കാണിക്കുന്നില്ല. പട്ടിക ജാതിയിൽ പെട്ടവരിൽ ഉന്നത വിദ്യാഭ്യാസം നേടിയവർ കുറവാണ് വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ 3989 വിദ്യാർത്ഥികളിൽ പട്ടിക ജാതിയിൽ പെട്ടവരുടെ എണ്ണം 82 മത്രമാണ് പഠിച്ച് കൊണ്ടിരിക്കെ പഠനം നിർത്തിയ രണ്ടുപേരും തോറ്റു പഠിക്കുന്നവർ എട്ടാളുകളുമാണ്.

തൊഴിൽ

പട്ടിക ജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കെട്ടിട നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവരാണ്. ചുരുക്കം ചിലർ മറ്റു മേഖലകളിൽ ജോലി ചെയ്യുന്നുണ്ട്. നിർമ്മാണ മേഖലയിൽ ഒരു പുരുഷന് 125 രൂപയും സ്ത്രീക്ക് 50 രൂപയും ലഭിക്കുന്നുണ്ട് ചുരുക്കം ചിലർ പാരമ്പര്യത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു എന്നാൽ അത് ഒരു ഉപജീവന മാർഗ്ഗമായി കണക്കാക്കുവാൻ കഴിയില്ല പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ട് ജിവിച്ചിട്ടുള്ളവർ സാമ്പത്തിക ബുദ്ധിമുട്ട് കാരണം മറ്റ് മേഖലകളിലേക്ക് മാറിയിട്ടുണ്ട്.

പാർപ്പിടം

പട്ടിക ജാതിയിൽ പെട്ടവരുടെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്നു പദ്ധതികൾ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് പാർപ്പിട നിലവാരം ഇപ്പോൾ മെച്ചപ്പെട്ടിട്ടുണ്ട്. പട്ടിക ജാതിക്കാരുടെ ഭൂരിഭാഗം വീടുകളും ഓട് മേഞ്ഞതാണ്. ചുരുക്കം ചില കോൺക്രീറ്റ് വിടുകളും നിലവിലുണ്ട്. പല വീടുകളിലും കക്കൂസ് ഇല്ല.

സാമൂഹ്യപദവി

ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടു കൂടി പട്ടിക ജാതിക്കാരുടെ സാമൂഹ്യപദവിയിൽ മാറ്റം വന്നിട്ടുണ്ട്. മുൻ കാലങ്ങളിൽ നിലനിന്നിരുന്ന തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും പോലുള്ള അനാചാരങ്ങൾ ഇപ്പോൾ ഈ പഞ്ചായത്തിൽ നിലനിൽക്കുന്നില്ല എങ്കിലും വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥ ഇന്നും നിലനിൽക്കുന്നത് കാരണം സമൂഹത്തിന്റെ ഉന്നത സ്ഥാനങ്ങളിലേക്ക് എത്തിപ്പെടുന്നതിന് പട്ടികജാതിക്കാർക്ക് കഴിഞ്ഞി

ട്ടില്ല വിവിധ സർക്കാർ വകുപ്പുകൾ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെ കുറിച്ചുള്ള അജ്ഞത പട്ടിക ജാതിക്കാർക്കിടയിൽ നിലനിൽകുന്നു ഇവർക്കിടയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതോടു കൂടി മാത്രമേ സമൂഹത്തിന്റെ ഉന്നതികളിലേക്ക് ഉയർന്നു വരുന്നതിന് കഴിയുകയുള്ളൂ.

കോളനി സൗകര്യങ്ങൾ

പഞ്ചായത്തിലെ പട്ടിക ജാതിയിൽ പെട്ടവരുടെ മുഴുവൻ വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം കൃത്യമായി ലഭ്യമല്ല കോളനിയായി അംഗീകരിക്കുന്നതിനുള്ള സർക്കാർ നിബന്ധന തടസ്സമായി നിൽക്കുന്നു.

പ്രശ്നങ്ങൾ

1. പട്ടിക ജാതിക്കാർകിടയിൽ ഉന്നത വിദ്യാഭ്യാസം നേടിയവർ കുറവാണ്.

2. വൈദ്യുതി എത്താത്ത പട്ടിക ജാതി സങ്കേതങ്ങളുണ്ട്

3. പട്ടിക ജാതി സങ്കേതങ്ങളായി അംഗീകരിക്കുന്നതിനുള്ള സർക്കാർ നിബന്ധനകൾ അയവില്ലാത്തതായി അനുഭവപ്പെടുന്നു.

4. പരമ്പരാഗത തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു

5. കുടിവെള്ള പ്രശ്നം ചില സങ്കേതങ്ങളിൽ നിലനിൽക്കുന്നു.

6. സങ്കേതങ്ങളിലേക്കുള്ള യാത്രക്ക് സൗകര്യങ്ങൾ കുറവാണ്.

സാധ്യതകൾ

1. തൊഴിൽ സാധ്യത മെച്ചപ്പെടുത്താൻ ആലോചിക്കുക

2. കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള പദ്ധതികളെ പറ്റി ആലോചിക്കുക

3. പട്ടികജാതി സങ്കേതങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനെ കുറിച്ചാലോചിക്കുക.

4. യാത്രാ സൗകര്യം വർധിപ്പിക്കുന്നതിനെ കുറിച്ചാലോചിക്കുക.

അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനു വേണ്ടി, ഉയർന്ന വർഗവും താഴ്ന്ന വർഗവുമില്ലാത്ത ഒരു ഭാരതത്തിനു വേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും.

ഗാന്ധിജി

സാമൂഹ്യക്ഷേമം

ആസൂത്രണത്തിന്റെ വെല്ലുവിളികളായ തൊഴിലി ല്ലായ്മയും ദാരിദ്ര്യവും സാമൂഹ്യ ക്ഷേമ പ്രവർത്ത നങ്ങളെ മന്ദീഭവിപ്പിച്ചു. തൊഴിൽ ദൗർലഭ്യവും തൊഴി ലില്ലായ്മയും ഒരു വലിയ വിഭാഗം ജനതയെ ദാരി ദ്ര്യത്തിലേക്ക് നയിക്കുന്നു. ഉൽപാദന വർധനവുണ്ടാ യിട്ടും സാമ്പത്തിക വളർച്ച പാവപ്പെട്ടവന്ന് ലഭിച്ചി ട്ടില്ല. ആസൂത്രിതമായ സാമൂഹ്യ പ്രവർത്തനങ്ങളുടെ അഭാവമാണ് ഇതിന്ന് കാരണമെന്ന് അനുമാനിക്കാ വുന്നതാണ്.

ദാരിദ്ര്യം

ആറായിരത്തോളം കുടുംബങ്ങൾ വസിക്കുന്ന കരിയാട് പഞ്ചായത്തിൽ നിരവധി കുടുംബങ്ങൾ ഇന്നും ദാരദ്ര്യ രേഖയ്ക്ക് താഴെയാണ്. ഐ.ആർ.ഡി.പി. സർവ്വെ അനുസരിച്ച് കരിയാട് പഞ്ചായത്തിൽ 9 വാർഡുകളിലായി 1102 കുടുംബ ങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. അതായത് ഒരു വാർഡിൽ ശരാശരി 122 കുടുംബങ്ങൾ ദാരിദ്ര്യമനു ഭവിക്കുന്നു എന്നു മനസ്സിലാക്കാം. ദാരിദ്ര്യമനുഭവി ക്കുന്ന കൂടുതൽ കുടുംബങ്ങൾ 4ാം വാർഡിലും (156) ഏറ്റവും കുറവ് 6ാാം വാർഡിലും (81) ആണ്.

കരിയാട് പഞ്ചായത്തിൽ 50 ഓളം വരുന്ന പട്ടിക ജാതികുടുംബങ്ങളിൽ 38 എണ്ണം IRDP റിപ്പോർട്ട് പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഇതിൽ കുറവ് 5,6 വാർഡുകളിൽ ഓരോന്ന് വീതവും ദാരി ദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്നു.

ദാരിദ്ര്യ നിർമാർജ്ജന പിരിപാടി

ദാരിദ്ര്യ നിർമാർജ്ജന പരിപാടിയുടെ ഭാഗമായി തൊഴിൽ ദാന പരിപാടികളാണ് ഗ്രാമവികസന വകുപ്പ് വഴി നടപ്പാക്കുന്നത്

ഇതിന്നായി തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തു ന്നതിന് 1995-96 വർഷം 2,48,235 വായ്പയായും സബ്സിഡിയായി 74347 രൂപയും ആകെ 3 ,22,582 രൂപ അനുവദിക്കുകയുണ്ടായി.

സാമ്പത്തിക സഹായം

സർവ്വെ പ്രകാരം കണ്ടെത്തിയ 1102 ദരിദ്ര കുടും ബങ്ങളിൽ 112 കുടുംബങ്ങൾക്ക മാത്രമേ നാളിതു വരെയായി സാമ്പത്തിക സഹായം ലഭിച്ചതായി കാണുന്നള്ളു. ഇതിൽ ഉൾപ്പെട്ട 38 പട്ടികജാതി കുടും ബങ്ങളിൽ 32 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട് ഇതര വിഭാഗങ്ങളിൽ 80 കുടും ബങ്ങൾക്ക് മാത്രമേ സാമ്പത്തിക സഹായം ലഭിച്ചി ട്ടുള്ളു ഇത് മൊത്ത ദരിദ്ര കുടുംബങ്ങളുടെ 7% മാണ്.

സാമ്പത്തിക സഹായം ലഭിച്ചവരിൽ ദാരിദ്രരേ ഖയ്ക്ക് മുകളിലെത്തിയവർ 5.5% ആണ്.

പെൻഷൻ, വേതനങ്ങൾ

കരിയാട് പഞ്ചായത്തിൽ നിരവധി പേർ പെൻഷൻ അർഹതയുള്ളവരാണ് എന്നാൽ വളരെ കുറഞ്ഞ ശതമാനം പേർക്ക് മാത്രമേ പെൻഷൻ ലഭി ക്കുന്നുള്ളു.

തലശ്ശേരി ടൗണിൽ എംപ്ലോയ്മെന്റ് രജിസ്റ്റർ പ്രകാരം കരിയാട് പഞ്ചായത്തിൽ 83 പേർക്കാണ് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നത്. ഈ ഗ്രാമ ത്തിൽ 76 പേർക്ക് വിധവാപെൻഷനും 38 പേർക്ക് വികലാം പെൻഷനും 31 പേർക്ക വാർധക്യകാല പെൻഷനും ലഭിക്കുന്നത്.

പൊതു വിതരണം

പൊതുവിതരണത്തിനായി നമ്മുടെ പഞ്ചായത്തിൽ 7 റേഷൻ കടകളാണുള്ളത്. ഇവയിൽ കൂടി അരി, ഗോതമ്പ്, മൈദ,റവ, പഞ്ചസാര, മണ്ണെണ്ണ എന്നിവ വിതരണം ചെയ്യുന്നു. 2623 റേഷൻ കാർഡുകളിലൂടെ 18129 ഗുണഭോക്താക്കൾക്ക് ഇവ ലഭിക്കുന്നു. കൂടുതൽ കാർഡുകൾ ഉള്ളത് എ.ആർ.ഡി. നമ്പർ 275 ഷാപ്പിലും കുറവ് എ.ആർ.ഡി. 372 ലുമാണ്. ഓരോ വർഷവും റേഷൻ കാർഡുകളുടെ എണ്ണം കൂടുന്നതായി രേഖകളിൽ കാണാൻ കഴിയും.

റേഷൻ കാർഡുടുമകളുടെ വർദ്ധനവ് സംബന്ധിച്ച് പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക

വർഷം	റേഷൻകാർഡ് എണ്ണം	വർധനവ്	ഗുണഭോക്താക്കൾ	വർധനവ്
1991-92	2078	-	13748	-
1992-93	2159	79	14823	1075
1993-94	2580	421	17181	2358
1994-95	2629	49	17166	0066 കുറവ്
1995-96	2623	6 കുറവ്	18129	963

പട്ടികയിൽ നിന്നും 1995-96 ൽ കാർഡുകളുടെ എണ്ണം തൊട്ടുമുമ്പിലുള്ള വർഷത്തേതിൽനിന്ന് 6 എണ്ണം കുറവാണെന്ന് കണ്ടെത്താം. 1993-94 വർഷത്തിൽ ഉണ്ടായിരുന്ന ഗുണഭോക്താക്കൾ 17181 ആണെങ്കിൽ തൊട്ടടുത്ത വർഷം ഇത് 17166 ആയി കുറഞ്ഞു.

വിതരണ വസ്തുക്കളിൽ വന്ന വ്യത്യാസം താഴെ പട്ടികയിൽ കൊടുക്കുന്നു.

വർഷം	വിതരണചെയ്ത അരി		വിതരണം ചെയ്തഗോതമ്പ്	
	കന്റൽ	വർധനവ് കന്റൽ	കന്റൽ	വർധനവ് കന്റൽ
1991-92	6289.98	-	648.33	-
1992-93	8315.00	2025.02	679.18	30..85
1993-94	9466.00	1151.00	784.21	105.02
1994-95	9879.00	413.75	772.94	11.27 കുറവ്
1995-96	9071.54	807.46 കുറവ്	758.54	14.40 കുറവ്

പട്ടികയിൽ നിന്നും 1995-96 വർഷം ഒഴിച്ച ഓരോ നർഷവും അതേ വർഷവും തൊട്ടു മുൻ വർഷത്തേക്കാൾ കൂടുതൽ അരി വിതരണം ചെയ്തു എങ്കിൽ ഗോതമ്പിന്റെ കാര്യത്തിൽ അവസാന രണ്ടു വർഷം വിതരണത്തിന്റെ കുറവ് കാണുന്നു.

റവയും മൈദയും

വർഷം	റവ	വർധനവ്	മൈദ	വർധനവ്
1991-92	46.66	-	136.28	-
1992-93	39.30	6.86 കുറവ്	122.33	13.25 കുറവ്
1993-94	44.40	4.6	135.70	13.37
1994-95	144.10	99.70	129.04	6.66 കുറവ്
1995-96	169.82	25.22	238.96	109.92

1992-93 വർഷത്തിൽ മത്രമാണ് റവ വിതരണത്തിൽ കുറവ് വന്നിട്ടുള്ളത്. 1994-95 വർഷത്തിൽ മുൻവർഷത്തേതിൽ നിന്നും ഇരട്ടി വർധനവുണ്ടായിട്ടുണ്ട്. 1992-93 ലു 1994-95 ലും വിതരണം ചെയ്ത മൈദയുടെ അളവ് തൊട്ടു മുൻ വർഷത്തേക്കാൾ കുറവാണ്.

ഇതേപോലെ പഞ്ചസാര വിതരണത്തിൽ 94-95 വർഷത്തിലും കുറവുണ്ടായതായി കണക്കാക്കപ്പെടുന്നു. 1992-93 ലും 1995-96 ലും പെർമിറ്റ് വഴിയുള്ള മണ്ണെണ്ണ വിതരണത്തിൽ കുറവു വന്നിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. 1995-96 ൽ റേഷൻ കാർഡു വഴി വിതരണം ചെയ്ത മണ്ണെണ്ണയുടെ അളവിൽ സാരമായ കുറവ് വന്നിട്ടുണ്ട്.

അംഗൻവാടികളുടെ പ്രവർത്തനം

കരിയാട് ഗ്രാമ പഞ്ചായത്തിൽ രണ്ട് അംഗൻവാടികളുണ്ട് 7,9 വാർഡുകളിലാണ് അവ പ്രവർത്തിക്കുന്നത്. 9ാാം വാർഡിലെ അംഗൻവാടിയെ തെരുബാലവാടി എന്നാണ് അറിയപ്പെടുന്നത്. അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് ഗ്രാമസഭ ചർച്ചകളിൽ നിന്നും മനസ്സിലാക്കുന്നു. ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 190 കുട്ടികൾക്കും 24 ഗർഭിണികൾക്കും 11 മുലയൂട്ടുന്ന അമ്മമാർക്കും മാത്രമെ പ്രയോജനം ലഭിക്കുന്നുള്ളൂ. മറ്റ് വാർഡുകളിലും അംഗൻവാടികൾ സ്ഥാപിക്കണമെന്ന് അതതു വാർഡുകളിൽ നിന്നു ആവശ്യമുയർന്നിട്ടുണ്ട്.

പ്രശ്നങ്ങൾ

സാമൂഹ്യ ക്ഷേമ പ്രവർത്തനരംഗത്ത് കാലകാലങ്ങളായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് സാധാരണക്കാരനുള്ള അജ്ഞത ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ തടസ്സം നിൽക്കുന്നതായി കാണുന്നു. അനുവദിക്കപ്പെട്ട സഹായങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കാതെ പ്രത്യുല്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് വിനിയോഗിക്കുന്നു. അനുവദിക്കപ്പെട്ടിട്ടുള്ള സഹായം ദുർവിനിയോഗം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സർക്കാർ സംവിധാനം അപാര്യാപ്തമാണ്. പദ്ധതികളെക്കുറിച്ച് യാഥാ സമയം ഗുണഭോക്താക്കളാകാൻ ഇടയുള്ളവർ അറിയുന്നില്ല ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

സാധ്യതകൾ

I R D P ലിസ്റ്റ് പരിഗണിച്ച് അർഹരായവരിൽ ആനുകൂല്യ ലഭിക്കാത്തവർക്ക് ലഭ്യമാക്കുനുള്ളു പരിപാടി.

വനിതകൾക്കായി പുതിയ DWCRA യൂണിറ്റുകൾ സ്ഥാപിക്കാൻ ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യതയുണ്ടാക്കാനുള്ള പരിപാടികൾ

ധനസഹായ പരിപാടികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനുമുള്ള ജനകീയ സംവിധാനം ഗുഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമ സഭകളെ ഉപയോഗപ്പെടുത്തൽ.

മഹിളാ സമാജങ്ങൾ, ബാലവാടികൾ, എന്നിവ കേന്ദ്രീകരിച്ച് പോഷകാഹാര പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ ഗ്രാമീണ. ബേങ്കിംഗ് മാതൃകയിൽ വനിതകൾക്കായുള്ള സ്വയം തൊഴിൽ സംരംഭങ്ങൾ.

അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനു വേണ്ടി, ഉയർന്ന വർഗവും താഴ്ന്ന വർഗവുമില്ലാത്ത ഒരു ഭാരതത്തിനു വേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും.

ഗാന്ധിജി

നിരക്ഷരത ഇന്ത്യയുടെ ശാപമാണ് അത് നിർമാർജന ചെയ്യണം നാണക്കേടാണീ നിരക്ഷരത.

ഗാന്ധിജി

വനിത

1991 ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ മൊത്തം ജനസംഖ്യ 17995 ഉം അതിൽ സ്ത്രീകൾ 9691 ഉം ആണ്. ഇത് പുരുഷൻമാരുടെ എണ്ണമായ 8304 നേക്കാൾ 1387 കൂടുതലാണ്. സ്ത്രീകളുടെ ഇടയിലുള്ള സാക്ഷരതാ നിരക്ക് പുരുഷൻമാരേക്കാൾ പിന്നിലാണ്. 86.94% സ്ത്രീകളാണ് സ്ത്രീകളുടെ സാക്ഷരതാ നിരക്ക് ഇത് പുരഷന്മാരേക്കാൾ 3.96% കുറവാണ്. ഈ നിരക്ക് 91 ലെ സെൻസസ് കണക്കുകളെ ആധാരമാക്കിയാണ്.

a. ആരോഗ്യം

ആരോഗ്യ രംഗത്ത് സ്ത്രീകൾ പുരുഷൻമാരേക്കാൾ പിന്നിലാണ് സ്ത്രീ ജന്യമായ അസുഖങ്ങളാണ് ഇവരുടെ ഇടയിൽ കൂടുതലായുള്ളത് വിശദമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടില്ല.

b. തൊഴിൽ

പഞ്ചായത്തിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം പുരുഷൻമാരെ അപേക്ഷിച്ച് വളരെ കുറവാണ്. ഈ പഞ്ചായത്തിൽ മൊത്തം തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം 642 ആണ്. വിശദമായ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

തൊഴിൽ വിവരണം	ആകെ എണ്ണം	സ്ത്രീകൾ	പുരുഷന്മാർ
മുഴുവൻ സമയ തൊഴിൽ	3276	512	27.64
നാമമാത്ര തൊഴിൽ	361	130	231
ആകെ	3637	642	2995

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 6.62% ആണ്. പുരുഷൻമാരുടെതാണെങ്കിൽ 20.21 %

മൊത്തം ജനസംഖ്യയിലെ ശമ്പളം ലഭിക്കുന്ന തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണവും ഇവിടെ കാണിച്ചിട്ടില്ല. ആ കണക്കുകൾ ലഭ്യമല്ല. എങ്കിലും അധ്യാപനം, ഗുമസ്തപ്പണി ഏജൻസിപ്പണി മുതലായ തൊഴിലുകളിൽ ഏർപ്പെടുന്ന സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. പുരുഷൻമാരുടെതിനപേക്ഷിച്ച് ഈ രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവ് തന്നെയാണ് പുരുഷൻമാരെ അപേക്ഷിച്ച് വീടിന് പുറത്ത് പോയി സ്ത്രീകൾ തൊഴിലെടുത്ത് തുടങ്ങിയത് സമീപകാലത്താണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കൂടി വരുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത് കൃഷിയിലും കെട്ടിട നിർമ്മാണത്തിലുമാണ് കൂടുതലും സ്ത്രീകൾ വ്യാപൃതരായിരിക്കുന്നത്.

തൊഴിലില്ലായ്മ

കാർഷിക രംഗത്തേർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ ഇടയിലാണ് തൊഴിലില്ലായ്മ കൂടുതൽ കാണുന്നത് ഗൾഫ് പണത്തിന്റെ വരവ് പൊതുവെ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണുന്നണ്ടെങ്കിലും ഈ രംഗത്തുള്ള മാന്ദ്യം ഈയിടെയായി തൊഴിൽ മേഖലയെ ബാധിച്ചു തുടങ്ങിയിട്ടുണ്ട്.

തൊഴിലെടുക്കുന്നവരുടെ സ്ഥിതി

തൊഴിലെടുക്കുന്നവരുടെ സ്ഥിതി വരച്ചു കാണിക്കത്തക്ക തരത്തിൽ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ല എങ്കിലും കർഷകത്തൊഴിലാളി സ്ത്രീകൾക്ക് ശരാശരി 40 രൂപയാണ് കൂലി കിട്ടുന്നത്. കെട്ടിട നിർമ്മാണ തൊഴിലിലേർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് ശരാശരി 70 രൂപയാണ് കൂലി കിട്ടുന്നത്. ശാരീരിക ശേഷി ആവശ്യമുള്ള തൊഴിലുകളായതിനാൽ ഈ

രണ്ടു രംഗത്തും സ്ത്രീകൾക്ക് പുരുഷൻമാരെക്കാൾ കൂലി കുറവാണ് എന്നാൽ മറ്റു മേഖലകളിൽ ഈ സ്ഥിതി നിലവിലില്ല.

വീട്ടു തൊഴിലുകൾ

കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു സ്ത്രീകൾ ഈ പഞ്ചായത്തിലെ ചില കേന്ദ്രങ്ങളിലുണ്ട് മൺപാത്ര നിർമ്മാണം, നെയ്ത്, ഇരുമ്പുരുക്ക് പണി എന്നീ രംഗങ്ങളിലാണ്. സ്ത്രീകൾ വീടുകളിൽ വെച്ച് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നത് ഇത് കൂടുതലായും ഗൃഹനാഥൻമാരെ തൊഴിലുകളിൽ സഹായിക്കുന്ന ഉപതൊഴിലുകളായതിനാൽ ലഭിക്കുന്ന വേതനത്തെ കുറിച്ച് തിട്ടപ്പെടുത്താൻ കഴിയില്ല. അടുക്കള ജോലികൾ എല്ലാ തൊഴിലുകൾക്കിടയിലും സ്ത്രീകൾ സ്വയം നിർവ്വഹിച്ചു വരുന്നു. ഇത് പ്രതിഫലം ലഭിക്കുന്ന ജോലിയല്ല.

സ്ത്രീകളും ദാരിദ്ര്യവും

ദാരിദ്ര്യത്തിന് ലിംഗഭേദമില്ലെങ്കിലും അവസ്ഥാഭേദങ്ങളുണ്ട് പുരുഷൻമാരുടെയിടയിലുള്ള അലസതയും, മദ്യപാന ശീലവും, തൊഴിലില്ലായ്മയും ഏറ്റവും കൂടുതൽ ബാധിക്കുന്നത് സ്ത്രീകളെയാണ് ഇത് സംബന്ധിച്ച് സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ല. ഈ പഞ്ചായത്തിൽ കുടംബനാഥകളായ സ്ത്രീകളുമുണ്ട്. പുരുഷന്മാരുടെ അലസതയും മദ്യപാന ശീലവും വൈധവ്യവുമാണ് സ്ത്രീകൾ കുടുംബ ഭാരമെറ്റടുക്കേണ്ട അവസ്ഥയുണ്ടാക്കുന്നത്.

അങ്കണവാടികൾ

പഞ്ചായത്തിൽ രണ്ട് അംഗൻ വാടികളാണുള്ളത് അവയിൽ ഒന്ന് മൂക്കാളിക്കരയിലും മറ്റൊന്ന് കരിയാട് തൊരുവിലുമാണ് പ്രവർത്തിക്കുന്നത്. ഈ അംഗൻവാടികളോടനുബന്ധിച്ച് ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. ബാലവാടികളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല കളിയുപകരണങ്ങളോ മറ്റ സൗകര്യങ്ങളോ ഇല്ലാത്തവയാണ് രണ്ട് ബാലവാടികളും.

പെൻഷനുകൾ

വിധവാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവ ലഭിക്കുന്ന സ്ത്രീകൾ ഉണ്ട് കൃത്യമായ കണക്കുകൾ ലഭ്യമല്ല. കർഷകത്തൊഴിലാളി പെൻഷൻ കിട്ടാനുള്ള സ്ത്രീകൾക്ക് അവ ലഭിക്കാത്ത അവസ്ഥയുണ്ട്.

പൊതു അവസ്ഥ

രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണം നാമമാത്രമാണ്. ഈ പഞ്ചായത്തിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വ നിരയിൽ മുഴുവൻ സമയ നേതാക്കൾ ഇല്ല. എന്നാൽ ചില രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്ന അംഗങ്ങളായുള്ള സ്ത്രീകൾ ഉണ്ട് രാഷ്ട്രീയ പാർട്ടികളുടെ പോഷക സംഘടനകളിലും അംഗത്വമെടുത്ത സ്ത്രീകളുണ്ട്.

വനിതാ വ്യവസായ സംരംഭങ്ങൾ

വനിതാ വ്യവസായ സംരംഭങ്ങളായി നിലവിൽ വന്ന വസ്ത്ര നിർമ്മാണ പരിശീലന യൂണിറ്റ്, ബേക്കറിയൂണിറ്റ്, ജില്ലി യൂണിറ്റ് എന്നിവ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അതിജീവന സാധ്യതയില്ലാത്ത വ്യവസായങ്ങളായിരുന്നു എന്നതാണ് അവയിൽ നിന്നും സിദ്ധിക്കുന്ന പ്രവർത്തനാനുഭവം.

പ്രശ്നങ്ങൾ

1. പുരുഷ മേധാവിത്വം
2. തൊഴിലില്ലായ്മ
3. വിദ്യാഭ്യാസത്തിന്റെ പിന്നോക്കാവസ്ഥ
4. തൊഴിൽ രംഗത്തുള്ള വിവേചനം
5. പുരുഷൻമാരുടെ മദ്യപാനം

സാധ്യതകൾ

1. തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനെ കുറിച്ചാലോചിക്കുക.
2. വീട്ടു വളപ്പിൽ പച്ചക്കറി കൃഷി നടത്തിപ്പിനെ കുറിച്ചാലോചിക്കുക.
3. സാമൂഹ്യ പദവി ഉറപ്പു വരുത്താൻ ശ്രമിക്കുക.
4. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പദ്ധതികളാലോചിക്കുക.

സഹകരണം

സഹകരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇന്ന് കാരിയാട് പഞ്ചായത്ത് പുറകിലാണ്. കരിയാട് പ്രവർത്തന പരിധിയായി പ്രവർത്തിക്കുന്ന ഒരു വനിതാ സംഘമാണ് ഈ ഗ്രാമത്തിൽ നിലവിലുള്ള ഒരേയൊരു സഹകരണ സംഘം. എന്നാൾ ഈ ഗ്രാമ വാസികൾ അംഗങ്ങളായുള്ളതും ഈ ഗ്രാമം കൂടെ പ്രവർത്തന പരിധിയിലുള്ള ചില സഹകരണ സംഘ ങ്ങൾ ഉണ്ട്. ചൊക്ലി സർവ്വീസ് സഹകരണ ബേങ്ക്, തല ശ്ശേരി പ്രാഥമിക കാർഷിക ഗ്രാമ വികസന ബേങ്ക്, തലശ്ശേരി താലൂക്ക് നെയ്ത്ത് തൊഴിലാളി പരസ്പര സഹായ സഹകരണ സംഘം, പാനൂർ സഹകരണ ബിൽഡിംഗ് സൊസൈറ്റി, തലശ്ശേരി ഗവ: എംപ്ലോ യീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് എന്നിവയാണ് അവ.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായാണ് പൊതുവെ സഹകരണ സംഘങ്ങൾ വ്യാപിച്ചു തുടങ്ങിയത് കരി യാടിനെ സംബന്ധിച്ചും ഈ പ്രസ്താവം ശരിയാണ് മുമ്പ് കുന്നത്ത്കരയിൽ നിലവിലുണ്ടായിരുന്ന ശർക്കര സൊസൈറ്റിയാണ് ഈ പഞ്ചായത്തിൽ ഈ രംഗത്തെ ആദ്യ സംരംഭം. 6-10-46 ന് ചെക്ലീ ആസ്ഥാനമായി ആരംഭിച്ച വിവിധോദ്ദേശ്യ ഐക്യനാണയ സംഘ ത്തിന്റെ സ്ഥാപക പ്രസിഡന്റ് കരിയാട് ഗ്രാമത്തിന്റെ അന്നത്തെ അധികാരികൂടിയായിരുന്ന. പി.ഇ. കുഞ്ഞു ണ്ണിനമ്പ്യാർ ആയിരുന്നു. നേരത്തെ പരാമർശിച്ച ശർക്കര സൊസൈറ്റിക്ക് പ്രവർത്തിക്കാനാവശ്യമായ കളള് ലഭിക്കാതെ വന്നപ്പോൾ സൊസൈറ്റിയുടെ പ്രവർത്തനം നിലക്കുകയും അതിന്റെ ആസ്ഥികളും ബാധ്യതകളും ചെക്ലി വിവിധോദ്ദേശ്യ ഐക്യ നാണയ സംഘത്തിന് ലയിപ്പിക്കുകയാണുണ്ടായത്.

ഈ ഗ്രാമ പ്രവർത്തന പരിധിയായി ഇപ്പോൾ നില വിലുള്ള സഹകരണ സംഘങ്ങളുടെ ഇനം തിരിച്ച് പട്ടിക ചുവടെ കൊടുക്കുന്നു.

ക്രെഡിറ്റ് സംഘങ്ങൾ

പട്ടിക 1

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേർ	സ്ഥാപിച്ച വർഷം
1.	തലശ്ശേരി പ്രാഥമിക കാർഷിക ഗ്രാമവികസന ബേങ്ക്	1938
2.	ചൊക്ലി സർവ്വീസ് സഹകരണ ബേങ്ക്	1946
3.	പാനൂർ സഹകരണ ബിൽഡിംഗ് സൊസൈറ്റി	1968
4.	കരിയാട് വനിതാ സഹകരണ സംഘം	1994
5.	തലശ്ശേരി ഗവ: എംപ്ലോയീസ് സഹകരണ ബേങ്ക്	1957

നോൺ ക്രെഡിറ്റ് സംഘങ്ങൾ

പട്ടിക 2

കമ നമ്പർ	പേർ സ്ഥാപിച്ച	വർഷം
1.	തലശ്ശേരി താലൂക്ക് നെയ്ത്ത് തൊഴിലാളി വിവിധോദ്ദേശ്യ സഹകരണ സംഘം	1938

ഒറ്റപ്പെട്ട ചില വ്യക്തികൾ അംഗങ്ങളായ ചില സഹ കരണ സംഘങ്ങൾ ഇനിയും കണ്ടേക്കാം അവയുടെ പട്ടിക ഇവിടെ നൽകുന്നില്ല.

മുകളിൽ രണ്ടാമത് നൽകിയ പട്ടികയിൽ നെയ്ത്തു സംഘം ലക്ഷക്കണക്കിന് രൂപയുടെ ആസ്ഥിയോടു കൂടി നല്ല നിലയിൽ പ്രവർത്തിച്ചിരുന്നതാണ്. എന്നാൽ ഇന്ന് അതിന്റെ പ്രവർത്തനം നാമമാത്രമായി നട ക്കുന്നു, കരിയാട് തെരുവിൽ നെയ്ത്തു തൊഴിലാളി കളെ തൊഴിലുടമകളുടെ ചൂഷണത്തിൽ നിന്നും രക്ഷി ക്കുന്നതിന് ദീർഘകാലം ഈ സംഘത്തിന്റെ പ്രവർത്തനം വഴി കഴിഞ്ഞിരുന്നു.

ഒന്നാമത് പട്ടികയിൽ നാലാമത് പേർ പറഞ്ഞ ഗവ:

എംപ്ലോയീസ് സഹകരണ ബേങ്കിന്റെ പ്രവർത്തന പരിധി തലശ്ശേരി താലൂക്ക് മുഴുവൻ വ്യാപിപ്പിച്ചത് സമീപ കാലത്താണ് ഈ ഗ്രാമത്തിലെ ഏതാനും ഗവ: ജീവനക്കാരും അധ്യാപകരും ഈ സംഘത്തിൽ അംഗങ്ങളാണ്, കൃത്യമായ കണക്കും സംഘത്തെ സംബന്ധിച്ച മറ്റു വിവരങ്ങളും ലഭ്യമല്ല.

മറ്റുള്ളവയുടെ പ്രവർത്തനം സംബന്ധിച്ച ഒരു അവലോകനം താഴെ പട്ടികയിൽ നൽകുന്നു.

സംഘങ്ങളുടെ പ്രവർത്തനാവലോകനം

പട്ടിക- 3

ക്രമ നമ്പർ	പേർ	അംഗീകൃത മൂലധനം	പിരിഞ്ഞു കിട്ടിയ മൂലധനം	നിക്ഷേപം	വായ്പ
1.	തലശ്ശേരി പ്രാഥമിക കാർഷിക ഗ്രാമ വികസന ബേങ്ക്	98 ലക്ഷം	കണക്ക് ലഭിച്ചിട്ടില്ല	നിക്ഷേപം സ്വീകരിക്കുന്നില്ലി	12,77,630 കാർഷിക വായ്പ് 4,55,000 വീടു നിർമ്മാണം 4,20,100 കാർഷികേതര വായ്പാ കണക്കുകൾ കരിയാട് പഞ്ചായത്ത് അതിർത്തിയിൽ വിതരണം ചെയ്തത് മാത്രം.
2.	ചൊക്ലി സർവ്വീസ് സഹകരണ ബേങ്ക്	3,25,00	3,94,412	9,97,837	1,62,59,530
3.	പാനൂർ സഹകരണ ബിൽഡിംഗ് സൊസൈറ്റി	44,50,000	25,42,940	17,14,791.15	
4	കരിയാട് വനിതാ സഹകരണ സംഘം	2,80,000	23,250	2,29,982	10,000.00

മുകളിൽ കൊടുത്ത പട്ടികയിൽ കാണിച്ച ചൊക്ലി സർവ്വീസ് സഹകരണ ബേങ്ക് വിവിധ ആവശ്യങ്ങൾക്ക് വിവിധ അംഗങ്ങൾക്ക് ആകെ നൽകിയ വായ്പയാണ് കാണിച്ചിരിക്കുന്നത്. പാനൂർ സഹകരണ ബിൽഡിങ്ങ് സംഘം ഭവന നിർമ്മാണത്തിന് നൽകിയ വായ്പകളുടെ ആകെത്തുകയാണ് കാണിച്ചിരിക്കുന്നത്. രണ്ടിടങ്ങളിൽ നിന്നും ഈ പഞ്ചായത്തിൽ മാത്രം നൽകിയ വായ്പാ തുക കാണിച്ചിട്ടില്ല.

തലശ്ശേരി പ്രാഥമിക കാർഷിക ഗ്രാമ വികസന ബേങ്ക്, ചൊക്ലി സർവ്വീസ് സഹകരണ ബേങ്ക് എന്നിവയുടെ ശിഷ്ട പത്രം പരിശോധിച്ചതിൽ കഴിഞ്ഞ കുറെ വർഷങ്ങളായി സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വനിതാ സംഘത്തിന്റെ ശിഷ്ട ത്രംം പരിശോധിച്ചിട്ടില്ല. എന്നാൽ പാനൂരിലെ ഭവന നിർമ്മാണ സംഘം തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു എന്ന കാണുകയുണ്ടായി. ഈ സ്ഥാപനങ്ങൾക്ക് പിരിഞ്ഞു കിട്ടാനുള്ള വായ്പയെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക. 4

ക്രമ നമ്പർ	സംഘത്തിന്റെ പേർ	നൽകിയവായ്പ	പിരഞ്ഞുകിട്ടാനുള്ളത്
1.	തലശ്ശേരി പ്രാഥമിക കാർഷിക ഗ്രാമ വികന ബേങ്ക്.	21,52,730	1,10,610
2.	ചൊക്ലി സർവ്വീസ് സഹകരണബേങ്ക്	1.62,59,530	13,78,463
3.	പാനൂർ സഹകരണ ബിൽഡിംങ്ങ് സൊസൈറ്റി	3,58.54,426.35 99,42,40 രൂപ കരിയാട് പഞ്ചായത്ത്.	

ഒന്നൊഴിച്ച് മറ്റു സംഘങ്ങളുടെ പ്രവർത്തന പരിധി മറ്റു പഞ്ചായത്തുകൾ കൂടെ ഉൾക്കൊള്ളുന്നതിനാൽ ഇവയിൽ അംഗങ്ങളായിരിക്കുന്ന മൊത്തം അംഗങ്ങളുടെ എണ്ണമല്ലാതെ കരിയാട് പഞ്ചായത്തിൽ മാത്രമുള്ള അംഗങ്ങളുടെ എണ്ണം ലഭിക്കുക എളുപ്പമല്ല. ഈ പഞ്ചായത്തിൽ നിന്നും ഏറ്റവും കൂടുതൽ അംഗങ്ങളുള്ളത് ചൊക്ലി സർവ്വീസ് സഹകരണ ബേങ്കിലാണ്.

ചൊക്ലി സർവ്വീസ് സഹകരണ ബേങ്ക്

നേരത്തെ പരാമർശിച്ചിരിക്കുന്നതുപോലെ 6-10-46 ആണ് ഈ സംഘം നിലവിൽ വന്ന് വിവിദ്ദേശ്യ ഐക്യ നാണയസംഘം എന്ന പേരിൽ ആയിരുന്നു അതിന്റെ ജനനം.

ഈ ബാങ്കിന്റെ ആദ്യകാല പ്രസിഡണ്ട് പി. ഇ കുഞ്ഞുണ്ണി നമ്പ്യാരും സക്രട്ടറി ശ്രീ. v.p കുഞ്ഞബ്ദള്ളയും ആയിരുന്നു. കരിയാട് പഞ്ചായത്തിന്റെ മുൻ പ്രസിഡണ്ട് ആയിരുന്ന ശ്രീ. എം. സുധാകരൻ മാസ്റ്ററാണ് ഇപ്പോഴത്തെ ബേങ്ക് പ്രസിഡണ്ട്. നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ ഈ ബേങ്കും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ വന്ന 50 വർഷം കഴിഞ്ഞിട്ടും പ്രാഥമിക കാർഷിക മേഖലയിൽ ആവശ്യമായ വായ്പകൾ നൽകുന്നതിൽ ഈ

ബേങ്ക് വേണ്ടത്ര മുന്നോട്ടു പോയിട്ടില്ല എന്ന് വിലയിരുത്തപ്പെടേണ്ടിരിക്കുന്നു വിശാലമായ പ്രവർത്തന മേഖലയുണ്ടായിട്ടും ഈ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമാവാതിരിക്കുന്നതിന്റെ കാരണം പ്രത്യേകം പഠിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുന്നു.

പ്രശ്നങ്ങൾ

ആവശ്യമായത്രസഹകരണ സംഘങ്ങൾ ഇല്ല. സഹകരണ മേഖലയിൽ അംഗത്വമുള്ളവർ കുറവാണ്. സർവ്വീസ് സഹകരണ ബേങ്കിന്റെ പ്രവർത്തനം തൃപ്തികരമല്ല. വായ്പാ സൗകര്യങ്ങൾ ഫലപ്രദമല്ല. മാർക്കറ്റിംങ്ങ് സംഘങ്ങൾ ഇല്ല. ഇൻഡസ്ട്രിയിൽ സംഘങ്ങൾ ഇല്ല. അഗ്രിക്കൾച്ചറൽ സംഘങ്ങൾ ഇല്ല.

സാധ്യതകൾ

പുതിയ സർവ്വീസ് സഹകരണ സംഘം സ്ഥാപിക്കുക നിലവിലുള്ള ചൊക്ലി സർവ്വീസ് സഹകരണ സംഘത്തിന്റെ ശാഖ കരിയാട് സ്ഥാപിക്കുക സംഘം വിഭജിക്കുക. വ്യവസായം കാർഷിക - വിപണന സംസ്ക്കരണ സംഭരണ സംഘങ്ങൾ രൂപീകരിക്കുന്നതിന്റെ സാധ്യത ആരായുക. സംഘങ്ങളിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ നടപടികളെ ക്കുറിച്ചാലോചിക്കുക

അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനു വേണ്ടി, ഉയർന്ന വർഗവും താഴ്ന്ന വർഗവുമില്ലാത്ത ഒരു ഭാരതത്തിനു വേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും.

ഗാന്ധിജി

നിരക്ഷരത ഇന്ത്യയുടെ ശാപമാണ് അത് നിർമാർജന ചെയ്യണം നാണക്കേടാണീ നിരക്ഷരത.

ഗാന്ധിജി

വിഭവ സമാഹരണം

ധന വിഭവത്തിന്റെ കാര്യത്തിൽ വളരെ ദുർബല മാണ് കരിയാട് പഞ്ചായത്ത്. നികുതി തുറകൾ വളരെ കുറവാണ്. വസ്തു കൈമാറ്റ നികുതി, കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവയാണ് പ്രധാനം.

1995-96 വർഷത്തിൽ പിരിഞ്ഞു കിട്ടിയ നികുതി സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു. ഇ

ഇനം	തുക രൂപ
കെട്ടിടം	1,42,867
തൊഴിൽ	74, 925
ലൈസൻസ് ഫീ	6. 835
വസ്തു കൈമാറ്റ നികുതി	2, 45, 210
ആകെ	4, 69, 837

1995 - 96 വർഷം കടത്ത്, മണൽ വാരൽ അവ കാശം ലേലം ചെയ്തുനടത്തിയ ഇനത്തിൽ 17 308 രൂപ ലഭിച്ചു. ഇതിനു പുറമെ സർക്കാരിൽ നിന്നും അൺ ടൈഡ് ഫണ്ടായി 1,26,700 രൂപ യും തൻവർഷം ലഭിച്ചു.

മറ്റു കേന്ദ്രങ്ങളിൽ നിന്നും ലഭിച്ച സംഖ്യയുടെ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു (പട്ടിക.2)

പട്ടിക 2.

മാർഗം	സംഖ്യ അഭിപ്രായ	കുറിപ്പ്
മൃഗസസരക്ഷണ വകുപ്പിൽ നിന്നും പദ്ധതി വിഹിതം	48,290 ചെയ്യാൻ	പട്ടികയിലെ വകുപ്പു കൾ മാത്രം ചെലവ്
കൃഷി വകുപ്പിൽ നിന്നും പദ്ധതി വിഹിതം അനുസരിച്ച് വകുപ്പു	1, 22, 930	പട്ടികയിലെ പഞ്ചാ യത്ത് രാജ് നിയമ കൾക്ക് ചെലവ് ചെയ്യാൻ ലഭിച്ചത്.
ആരോഗ്യ വകുപ്പിൽ നിന്നും	2, 500	
ഹരിജന ക്ഷേമം	53	
മറ്റു വകുപ്പുകളിൽ നിന്നും	9, 900	
ആകെ	1, 83, 673	

മുകളിൽ കാണിച്ച വസ്തുതകളിൽ നിന്നും പഞ്ചായത്തിന് വിവിധ തുറകളിൽ നിന്നും ലഭിച്ച ആകെ വരുമാനം 7, 97, 518 രൂപയാണെന്ന് കാണാം.

1995 - 96 വർഷം പഞ്ചായത്ത് വിവിധ ഇനങ്ങ ളിൽ ചിലവഴിച്ച തുക താഴെ പട്ടികയിൽ വിവരി ക്കുന്നു.

പട്ടിക. 3

വർഷം	സ്ഥാപന ചിലവ്	മരാമത്ത്	വിദ്യാഭ്യാസം പൊതു ജനാ രോഗ്യം	ലേവിതരണം	തെരുവുവിളക്ക്	മറ്റു ചിലവു കൾ
1995 - 96	3, 48,060	93,942	2,892.60	18 834 70	25,556	3, 500
ആകെ	4, 92, 784. 60					

മൊത്തം വരുമാനത്തിന്റെ സിംഹഭാഗവും പഞ്ചായത്തിന്റെ ഭരണ ചിലവിനാണെന്ന് കാണാ വുന്നതാണ്. മരാമത്ത് ഇനത്തിൽ കാണിച്ച തുക റോഡ് നിർമ്മിക്കുന്നതിനും നന്നാക്കുന്നതിനും വേണ്ടിയാണ് വിനിയോഗിച്ചത്.

പഞ്ചായത്തിന്റെ കഴിഞ്ഞ 10 വർഷത്തെ വരവ് ചിലവ് കണക്ക് കാണിക്കുന്ന പട്ടിക താഴെ കൊടു ക്കുന്നു

പട്ടിക 4

വർഷം	വരവ്	ചിലവ്

1985–86	1,58,364.92	1,51,776.28
86–87	2,33,966.40	1,97,231.60
87–88	2,17,289.49	1,93,074.14
88–89	2,99,514.05	2,13,936.20
89–90	3,21,146.45	3,10,554.20
90–91	5,44,543.40	4,27,531.25
91–92	5,61,064.67	3,37,809.92
92–93	6,45,178,96	2,96,806.25
93–94	5,67,314.58	4,43,850.70
94–95	5,05,367.20	4,74,558.15
95–96	6,25,303.85	4,92,785.00

നേരത്തെ സൂചിപ്പിച്ചതുപോലെ ആഫീസ് ഭരണത്തിനാണ് പഞ്ചായത്തിന്റെ വരുമാനത്തിന്റെ വരുമാനത്തിൽ നല്ലൊരു പങ്ക് ചിലവിടുന്നത്. സർക്കാർ ഗ്രാന്റ് ആണ് മുഖ്യ വരുമാന സ്രോതസ്സ്. വരുമാനവും ചിലവും വർദ്ധിച്ചിട്ടുണ്ട്.

മരാമത്ത് ഇനത്തിൽ ചിലവഴിക്കുന്ന തുകതുലോം പരിമിതമാണ്. നമ്മുടെ മൊത്തം വരുമാനത്തിന്റെ പകുതിയോളം സർക്കാർ ഗ്രാന്റിൽ നിന്നാണ് ഇപ്പോൾ ലഭിക്കുന്നത് എന്ന് മനസ്സിലാക്കാവുന്നതാണ്.

ധനകാര്യ സ്ഥാപനങ്ങൾ

ഗ്രാമ പഞ്ചായത്തതിർത്തി, പ്രവർത്തന പരിധിയായ 5 ധനകാര്യ സ്ഥാപനങ്ങൾ ആണുള്ളത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ- പെരിങ്ങത്തൂർ, നേർത്ത് മലബാർ ഗ്രാമീൺ ബേങ്ക് പെരിങ്ങത്തൂർ, സിൻഡിക്കേറ്റ് ബാങ്ക്-ചൊക്ലി, കരിയാട് വനിതാ സഹകരണ സംഘം, ചൊക്ലി സർവ്വീസ് സഹകരണ സംഘം എന്നിവയാണ് അവ. ആദ്യം പരാമർശിച്ച 3 ബേങ്കുകളും ഈ പഞ്ചായത്തിലെ വിവിധ വാർഡുകളെ സർവ്വീസ് ഏരിയകളായി തിരിച്ച് കാർഷിക വായ്പകളും മറ്റും നൽകി വരുന്നു. വായ്പക്കു മറ്റ് ആവശ്യങ്ങൾക്കുമായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ചൊക്ലി സർവ്വീസ് സഹകരണ ബാങ്കിനെയാണ്. അനൗപചാരികമായി പണം പലിശക്ക് കൊടുക്കുന്ന ഒട്ടേറെ വ്യക്തികൾ ഈ ഗ്രമ പഞ്ചായത്തിലുണ്ട്. ഇവർ 16 % മുതൽ 25% വരെയാണ് പലിശ ഈടാക്കുന്നത്. ഇവരിൽ നിന്ന് പണം വാങ്ങുന്നവരിലേറെയും തൊഴിലാളികുടുംബത്തിൽ പെടുന്നവരാണ്. പെട്ടെന്നുണ്ടാകുന്ന അത്യാവശ്യങ്ങൾക്ക് വേണ്ടിയാണ് ഇത്തരം വായ്പകളിലേറെയും ഉപയോഗിക്കുന്നത്

ഗൾഫ് പണത്തിന്റെ സ്വാധീനം

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിൽ പ്രകടമാണ്. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന വരിലധിക പേരും സാധാരണ തൊഴിലാളികളാണ്.

ഈ മേഖലയിലുള്ളവരുടെ വരുമാനത്തിന്റെ വലിയൊരു ഭാഗവും വീട് നിർമ്മാണത്തിന് വേണ്ടിയാണ് ഉപയോഗിക്കപ്പെടുന്നത്.

പ്രശ്നങ്ങൾ

പഞ്ചായത്തിന് വരുമാനം കുറവാണ്.

വിദേശ നാണ്യം വികസനാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നില്ല.

സാധ്യതകൾ

ഗൾഫ് പണം സ്വരൂപിച്ച് വികസനാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാം. വിനോദ നികുതി ലഭിക്കുന്നതിന് സിനിമാ ശാല നിർമ്മാണത്തിന് ഗൾഫ് പണം ഉപയോഗപ്പെടുത്താമോയെന്ന് പരിശോധിക്കാം

പഞ്ചായത്ത് ഫണ്ട് വികസനാവശ്യങ്ങൾക്ക് കാര്യക്ഷമമായി ഉപോയോഗപ്പെടുത്തുന്നതിന് ജനകീയ ഇടപെടലിന് സാധ്യത പരിശോധിക്കാം. ശ്രദ്ധേയമായ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ജനകീയ സഹകരണവും സന്നദ്ധപ്രവർത്തനവും ഉറപ്പു വരുത്താമോ എന്ന് ആലോചിക്കാം.

അനുബന്ധം 1

ഗതാഗതം

റോഡുകൾ
പുതുതായി നിർമ്മിക്കേണ്ടതും വികസിപ്പിക്കേണ്ടതും

ക്രമ നമ്പർ റോഡിന്റെ പേര്

1. കവുങ്ങിൽ താഴ-മത്തിപ്പറമ്പ്
2. കണ്ടോത്ത് മുക്ക് പുള്ളുവട്ടം കാവ് ലക്ഷം വീട് കോളനി
3. തോക്കോട്ടു വയൽ -ലക്ഷം വീട്
4. ഈരായിന്റെ വിടമുക്ക്. വള്ളിൽ താഴ
5. ആലോളതിൽ താഴ - അമ്പിളി താഴ
6. കാവുതിയൻ കണ്ടി. പുനത്തിൽ മുക്ക്
7. അരയാക്കൂൽ - വിതായമുക്ക്
8. തോക്കോട്ട് വയൽ -പള്ളിക്കുനി
9. മണ്ഡല പള്ളി- പുത്തൻ പറമ്പ് സ്കൂൾ
10. തുമ്പിയിൽ താഴെ - തുരുത്തിമുക്ക്
11. പുളിയ നമ്പ്രം പോസ്റ്റ് ഓഫീസ് പറമ്പത്ത് മുക്ക്
12. പോസ്റ്റ് ഓഫീസ്- തൈക്കണ്ടി താഴെ
13. നടുക്കണ്ടി മുക്ക് - പുളിയനമ്പ്രം യു.പി.
14. തെരു എൽ പി പുനത്തുമ്മൽ മീത്തൽ
15. കാട്ടീന്റെ വിട ചാലിയാട്ട്
16. കാട്ടിൽ പള്ളി മീത്തൽ പട്ട്യേരി.
17. തോട്ടത്തിൽ മീത്തൽ-പനക്കൂൽ,താഴെ കുനി
18. പൂമരം - പുളയനമ്പ്രം എം. യു. പി.
19. എടവലത്ത് താഴെ കുനി- പുളിയനമ്പ്രം എം. യു. പി
20. ചിറക്കൽ താഴെ പാണമ്പ്രത്ത് മുക്ക്
21. കുഞ്ഞാണ്ടിതാഴെ പോസ്റ്റ് ഓഫീസ്
22. മീത്തൽ മുക്ക്- ഇല്ലത്ത് താഴെ
23. പുത്തൻ പീടിക - വമേരി മുക്ക്
24. പട്ടത്തരി അരയാക്കൂൽ സ്രാമ്പി.
25. പാറേമ്മൽ - പിലാക്കാവ്
26. ഒതയോത്ത് മുക്ക്. പുളിയനമ്പ്രം എൽ പി
27. തെരു എൽപി കാട്ടിൽ വമ്മേരി മുക്ക്
28. തെരു എൽപി. കാട്ടീന്റെ വിട (വഴി പഞ്ചായത്ത് ഓഫീസ്)
29. ഒതയോത്ത് മുക്ക് - പാറേമ്മൽ എൽ.പി
30. പാണമ്പ്രത്ത് - വുഡ് സെന്റർ
31. ഒതയോത്ത് മുക്ക് - പിലാവുള്ളതിൽ മുക്ക്
32. മത്തിപ്പറമ്പ് കോളോത്ത് താഴെ
33. നാങ്കണ്ടിപ്പള്ളി - മിനിസ്റ്റേഡിയം
34. മൊയിലോത്ത് തുരുത്തിമുക്ക്.
35. ഗുരിക്കുള വീട്ടിൽ താഴെ പുളിപ്പറമ്പത്ത് പീടിക
36. കിടഞ്ഞി റേഷൻ പീടിക. പുളിന്ന കണ്ടി വഴി കിടത്തി.
37. പുത്തൻ വീട് - കിടഞ്ഞി യു. പി.
38. പനമ്പ്രത്ത് പീടിക - കാട്ടിൽ പള്ളി
39. കുടിയാൻ കണ്ടി. എം. സി റോഡ്
40. പുനത്തിൽ സ്രാമ്പി - പുതിയടത്ത് റോഡ്
41. പുനത്തിൽ സ്രാമ്പി. തോട്ടോളിത്താഴെ
42. ചൊവ്വയിൽ പീടിക. കിടഞ്ഞി യു. പി (ഫുട്പാത്ത്)
43. കിടഞ്ഞി- കാഞ്ഞിരക്കടവ് തീരദേശ റോഡ്
44. വട്ടക്കുന്ന് P W D റോഡ്
45. കിടഞ്ഞി ബസ്റ്റോപ്പ് കിടഞ്ഞി .യുപി.
46. മനോളി ത്താഴെ - പുനത്തിൽ മുക്ക് 47. പുത്തൻ പുരയിൽ -പാലയാട്

48. പനങ്ങാട് പീടിക. എം. പി. കെ. മുക്ക്
49. ശ്രീ നാരായണ മഠം. ചക്കര സൊസൈറ്റി.
50. PWD റോഡ് - വയക്കര (നടപ്പാത)
51. മനോളി മുക്ക്. മാപ്പിളാർകണ്ടി മിറ്റത്ത് മുക്ക്- ചക്കര സൊസൈറ്റി
53 ഇടിക്കുനി മുക്ക് - കാഞ്ഞിരക്കടവ്.
54. ചാത്തോത്ത് താഴെ- കോവുക്കൽ
55. പള്ളിക്കുനി - കക്കയപ്രത്ത്
56. കുവപ്പാട് തൊടുവയൽ പീടിക
57. പടന്നക്കര പള്ളി-പറമ്പന്റെ വിട
58. പഴയ പോസ്റ്റ് ഓഫീസ് ഇടിക്കുനി.
59. കെ. എൻ യു. പി. പുതിയ പീടിക.
60. മുക്കത്ത് വണ്ണത്താങ്കണ്ടി
61. പടന്നക്കര പള്ളി മോന്താൽ (നടപ്പാത)
62. പഴയ പോസ്റ്റ് -തട്ടാറത്ത്
63. ഗായത്രിമുക്ക്. കേർ ലിങ്ക്
64. നടേമ്മൽ പീടിക. കുഴിച്ചാൽ മുക്ക്
65. മൂന്നാം മുക്ക്. മലയന്ന കണ്ടി നടപ്പാത.
66. കുഴിച്ചാൽ മുക്ക്. കോമത്ത് മുക്ക്
67. പഴയ പോസ്റ്റ് - തയ്യുള്ളതിൽ മുക്ക് (പടന്നക്കര വഴി)
68. തയ്യുള്ളതിൽ മുക്ക്-പടന്നക്കര
69. ഹോമിയോ ഡിസ്പെൻസറി - നടേമ്മൽ പീടിക.
70 മോന്താൽ നടേമ്മൽ പീടിക
71. പുതുശ്ശേരി മുക്ക്. കെ. എൻ. എച്ച് എസ്.
72. പഴയ പോസ്റ്റ് നാങ്കണ്ടി. പീടിക
73. തെരു അമ്പലം മിനി സ്റ്റേഡിയം
74. മത്തിപ്പറമ്പ് പുത്തൻ പള്ളി,
75. മീത്തൽ മുക്ക്. ബാലവാടി
76. പുറക്കാട് കുന്ന് . കണ്ണിപ്പൊയിൽ
77. തട്ടാങ്കണ്ടി മുക്ക് സേട്ടുമുക്ക്
78. കലാമന്ദിരം കണ്ണിപ്പൊയിൽ
79. കുനിയാറത്ത് പീടിക. ലക്ഷം വീട്
80. സേട്ടുമുക്ക് . എടക്കണ്ടി
81. തെരു. ഹൈസ്കൂൾ
82. ഭഗവാൻ മുക്ക് പെരുമ്പ വീഴി പള്ളിക്കുനി
83. പള്ളിക്കുനി. പുളിയനമ്പ്രം തോക്കോട്ടു വയൽ
84. സ്റ്റേഡിയം അയ്യപ്പ മഠം.
85. പുറക്കാട്ട് തെക്കേടത്ത്
86. കനാൽ പാലം - സേട്ടു മുക്ക്
87. വുഡ് സെന്റർ റോഡ്

അനുബന്ധം 2.

ഊർജ്ജം

വൈദ്യുതി ലൈൻ വലിക്കേണ്ടതും തെരു വിളക്ക് സ്ഥാപിക്കേണ്ടതും സംബന്ധിച്ച വിവരങ്ങൾ

പട്ടിക

ക്രമനമ്പർ	സ്ഥലം
1.	അരയാക്കൂൽ വിതായമുക്ക് വുഡ്സ് സെന്റർ
2.	പാണമ്പ്രത്ത് ചെള്ളത്ത് താഴെ റോഡ്
3.	മത്തിപ്പറമ്പ് കവുങ്ങിൽ താഴെ റോഡ്
4.	പുള്ളോട്ട് കാവ്. ലക്ഷം വീട് കോളനി റോഡ്
5.	പി.എം. യു.പി. കാട്ട് പുനത്തിൽ റോഡ്
6.	തുണ്ടിയിൽ താഴെ-കിടഞ്ഞി ബസ് സ്റ്റോപ്പ് റോഡ്
7.	നൂഞ്ഞി വയൽ കിടഞ്ഞി യു.പി. സ്കൂൾ റോഡ്
8.	പുളിയനമ്പ്രം പോസ്റ്റ് ഓഫീസ് തൈക്കണ്ടി താഴെ റോഡ്
9.	ഒതയോത്ത് മുക്ക്. വലവീട്ടിൽ റോഡ്
10.	കാര്യാട്ട് മുക്ക് പഴയ പോസ്റ്റ് ഓഫീസ് റോഡ്.
11.	കാട്ടീന്റ വീടമുക്ക്. ചാലിയാട്ട് റോഡ്
12.	പുനത്തിൽ മുക്ക് - പാലയാട്ട് റോഡ്
13.	പടന്നക്കര പള്ളി - അച്ചുതൻ പീടിക റോഡ്
14.	സേട്ടുമുക്ക് റോഡ്
15.	കുഴിച്ചാൽ കോമത്ത് റോഡ്
16.	മത്തിപ്പറമ്പിൽ പുത്തൻ പള്ളി ത്താഴെ റോഡ്
17.	വട്ടക്കണ്ടി ലക്ഷം വീട് കോളനി റോഡ്
18.	ട്രാൻസ്ഫോർമർ മുക്ക് റോഡ്
19.	പള്ളിക്കുനി കക്കയപ്രത്ത് റോഡ്
20.	കെ.എൻ. യു. പി. സ്കൂൾ മുക്കാളിക്കം റോഡ്
21.	കുലാല കോളനി
22.	കൂവപ്പാട് പ്രദേശം

പട്ടിക 2.

സോഡിയം പേപ്പർ ലാമ്പ്

ആവശ്യമായ സ്ഥലം

1.	അമ്പലക്കണ്ടി ജംഗ്ഷൻ.
2.	ആയിഷാ ഹൗസ് ജംഗ്ഷൻ
3.	പുളിയനമ്പ്രം പുതിയോട്ടിൽ താഴെ
4.	തുരുത്തിൽമുക്ക് കടവ്
5.	എരോത്ത് പീടിക.
6.	ശ്രീ നാരായണ സാസ്കാരിക നിലയം
7.	പുത്തൻ പീടിക
8.	പാറയിൽ പീടിക
9.	ചാത്തു മാസ്റ്റർ വായനശാല
10.	തട്ടാറത്ത് താഴെ
11.	പുനത്തിൽ പള്ളി
12.	മോന്താൽ നടേമ്മൽ പീടിക
13.	ഭഗവാൻ മുക്ക്
14.	പുളിയനമ്പ്രം പൂമരം
15.	കാര്യാട്ട് പീടിക
16.	പഞ്ചായത്ത് ഓഫീസ് ജംഗ്ഷൻ
17.	പുതിയ പീടിക
18.	പുളിയനമ്പ്രം സെയ്ദിന്റെ പീടിക
19.	കാളേരി മുക്ക്
20.	പനങ്ങാട്ട് റോഡ്

ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

പട്ടിക 3.

1.	കിടഞ്ഞി
2.	പുളിയനമ്പ്രം ഒലിപ്പിൽ
3.	തൈക്കണ്ടി താഴെ
4.	കാട്ടുപുനത്തിൽ
5.	തട്ടാറത്ത് മുക്ക്
6.	പുതിയ പീടിക
7.	കേർ റോഡ്
8.	കരിയാട് തെരു റോഡ്
9.	എൻ. എ. എം. റോഡ്

സൗരോർജ്ജം

പട്ടിക 4.

1.	തെയ്യത്താം പറമ്പ്
2.	വേട്ടാണി കുന്ന്.
3.	പുറക്കാട്ട് കുന്ന്
4.	മൂര്യോട്ട് കുന്ന്.
5.	വട്ടക്കുന്ന്.
6.	കിടഞ്ഞി.

സംഘാടക സമിതി

രക്ഷാധികാരികൾ

1. കെ. അബൂബക്കർ മാസ്റ്റർ
2. കെ. ഗോപാലകൃഷ്ണൻ മാസ്റ്റർ
3. എം സുധാകരൻ മാസ്റ്റർ

ചെയർമാൻ

4. ടി.എൻ. നാരായണി അമ്മ
5. സി. വി. നാണു
6. എം കെ. മുരളീധരൻ മാസ്റ്റർ
7. കെ. വി. പത്മനാഭൻ
8. എൻ. സി. ടി. വിജയകുമാർ
9. വി.കെ. സൂപ്പിമാസ്റ്റർ
10. കെ. വി. ബാലൻ
11. ഇ .ഉബൈദുള്ള മാസ്റ്റർ
12. ഇ. കെ മോഹൻദാസ്
13. പി. ഇ. ജയരാജൻ നമ്പ്യാർ
14. കെ.എ. പട്ട്യേരി

കൺവിനർ

15. ഇ.കെ അശോക് കുമാർ

അംഗങ്ങൾ

16. എം. കെ ഗുരുക്കൾ
17 നാണു മാസ്റ്റർ .കെ.
18. ടി.എച്ർ. കുഞ്ഞിരാമൻ മാസ്റ്റർ
19. പി. മനോഹരൻ
20. സി.കെ. സുകുമാരൻ
21. സുമ. ടി. കെ
22. സി. എം ബാബു
23. പട്ട്യേരി ചന്ദ്രൻ
24. സി.വി. വിജയൻ
25. ഇ. കെ. ബീന
26. പി.കെ. ഗോപാലകൃഷ്ണൻ
27. എൻ. ജയചന്ദ്രൻ

പത്രാധിപ സമിതി

ടി.എൻ നാരായണി അമ്മ
ഇ. കെ. അശോക് കുമാർ
കെ അശോകൻ
ടി.പി. ശ്രീധരൻ
പി. സുലൈമാൻ

ചരിത്ര കൗതുകം

1

കരിയാട് ഗ്രാമത്തിൽ ആദ്യകാലം തപാൽ ഓഫീസ് ഉണ്ടായിരുന്നില്ല. ചൊക്ലിയിലെ പോസ്റ്റ് ഓഫീസിന്റെ പരിധിയിലായിരുന്നു കരിയാട്. അവിടെ നിന്നും ശിപായി ഗോവിന്ദൻ, അഞ്ചൽക്കാരൻ അമ്പു എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന ഉദ്യോഗസ്ഥർ ആഴ്ചയിൽ രണ്ട് ദിവസം കരിയാട് വന്നാണ് തപ്പാൽ വിതരണം നടത്തിയിരുന്നത്. ഏതെങ്കിലും പ്രമുഖ തറവാട് വീട്ടുകളിൽ വന്നിരുന്നാണ് അവർ ഗ്രാമത്തിലെ മുഴുവൻ വിലാസക്കാർക്കും തപാൽ ഉരുപ്പടികൾ വിതരണം ചെയ്തിരുന്നത്, കരിയാട് പോസ്റ്റ് ഓഫീസ് സ്ഥാപിതമാവുന്നത് 1948 ൽ ആണ്.

1974 ൽ ആണ് കരിയാട് ഗ്രാമത്തിൽ ആദ്യത്തെ ടെലിഫോൺ കണക്ഷൻ കിട്ടുന്നത്. മേക്കുന്നിനടുത്ത നെല്ലിക്ക ഹൗസിൽ ആണ് ആദ്യ കണക്ഷൻ ലഭിച്ചത്. മാഹി ടെലിഫോൺ എക്സചേഞ്ചിൽ നിന്നും പ്രത്യേക ലൈൻ വലിച്ചാണ് കണക്ഷൻ നൽകിയത്. ഇന്ന് ഈ ഗ്രാമത്തിൽ ഒരു ടെലിഫോൺ എക്സചേഞ്ചും അനേകം ടെലിഫോൺ വരിക്കാരുമുണ്ട്.

2

കായങ്കുളം കൊച്ചുണ്ണിയെപോലെ തന്നെ അനേകം സാഹസികതകൾ കാണിച്ച കുറുളി ചേക്കോൻ ഇവിടെയും തന്റെ ഒടിവിദ്യകൾകൊണ്ട് ജനങ്ങളെ വിസ്മയിപ്പിച്ചിരുന്നു.

Printed and Published by Smt. T.N. Narayani for Kariyad Gram Panchayath as per resolution No.112/96 dated 15-11-96. Printed at AL-KAMAL Offset Press, Kozhikode. Computer Typesetting at Computer World, Kozhikode-11.